അരൂക്കുറ്റി ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ പരിപാടി

സമഗ്രവികസനരേഖ

അരുക്കുറ്റി ഗ്രാമ പഞ്ചായത്ത്



അരുക്കുറ്റി ഗ്രാമപഞ്ചായത്ത്

സമഗ്രവികസന രേഖ

35-1

അരുക്കുറ്റി ഗ്രാമപഞ്ചായത്ത്

ജനകീയാസൂത്രണ പരിപാടി
സമഗ്രവികസനരേഖ

പ്രസിദ്ധീകരണ സമിതി

ചെയർമാൻ:
പി. എസ്. ബാബു (പ്രസിഡൻറ്)

കൺവീനർ:
വി. ചന്ദ്രമതി (സെക്രട്ടറി)

അംഗങ്ങൾ:
ആർ. ശശിധരൻ നായർ
പി. ഡി. ജോഷി
പി. ശശിധരൻ നായർ
കെ. ദാസൻ
എം. പി. സുധാകരൻ

കവർ ഡിസൈൻ & ലേഔട്ട്:
കെ. എ. ജോസഫ്



അകം പൊരുൾ

5 ..... മുഖക്കുറി
6 ..... പൊതുവിവരങ്ങൾ
8 ..... ചരിത്രം
11 ..... ഭൂപ്രകൃതിയും ജനങ്ങളും
സാമൂഹ്യസാമ്പത്തിക മേഖലകൾ
12 ..... കൃഷിയും ജലസേചനവും
17 ..... മൃഗസംരക്ഷണം
20 ..... മത്സ്യബന്ധനം
22 ..... വ്യവസായം
25 ..... വിദ്യാഭ്യാസം
30 ..... കുടിവെള്ളവും പൊതുജനാരോഗ്യവും
37 ..... ഗതാഗതവും ഊർജ്ജവും
44 ..... പാർപ്പിടവും സാമൂഹ്യക്ഷേമവും
47 ..... സംസ്കാരം
51 ..... വനിത
52 ..... സഹകരണം
55 ..... പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
57 ..... വിഭവ സമാഹരണം
59 ..... കൃതജ്ഞതാപൂർവ്വം
അനുബന്ധം
60 ..... പ്രവർത്തനരേഖ



പി. എസ്. ബാബു
പ്രസിഡൻറ്



വി. എ. അബ്ദുൾ ഖരീം
വൈസ് പ്രസിഡൻറ്



കെ. കെ. പ്രഭാകരൻ
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ

പഞ്ചായത്തു ഭരണസമിതി



മുഖക്കുറി





അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത്

വില്ലേജ്	-	അരൂക്കുറ്റി
ബ്ലോക്ക് പഞ്ചായത്ത്	-	തൈക്കാട്ടുശ്ശേരി
താലൂക്ക്	-	ചേർത്തല
പാർലമെൻറ് മണ്ഡലം	-	ആലപ്പുഴ

———— ✶ ————

വിസ്തീർണ്ണം	-	11.10 ച.കി.മീ.
ജനസംഖ്യ	-	16712
സ്ത്രീകൾ	-	8366
പുരുഷൻമാർ	-	8346

———— ✶✶ ————

വടക്ക്	-	വേമ്പനാട്ടുകായൽ
കിഴക്ക്	-	വേമ്പനാട്ടുകായൽ
തെക്ക്	-	പാണാവള്ളി പഞ്ചായത്ത്
പടിഞ്ഞാറ്	-	വേമ്പനാട്ടുകായൽ

കേരളം

അരൂക്കുറ്റി

ആലപ്പുഴ

-ജനപ്രതിനിധികൾ-

പഞ്ചായത്തു സമിതിയംഗങ്ങൾ:

1.
ഗിരിജാ രാജൻ

2.
പി. എസ്. ബാബു

3.
കെ. പ്രഭാകരൻ

4.
വി. എ. അബ്ദുൾഖരീം

5.
സുഹ്റാ അസ്ലാം

6.
ജമീലാ അസീസ്

7.
കെ. കെ. പ്രഭാകരൻ

8.
കെ. എൻ. മണിലാൽ

9.
സുഭാഷിണി

ബ്ലോക്ക് പഞ്ചായത്ത്
വി. ഏ. രാജൻ

ജില്ലാ പഞ്ചായത്ത്
അഡ്വ: ഡി. സുരേഷ്ബാബു

നിയമസഭ
ഏ. കെ. ആൻറണി

പാർലമെൻറ്
വി. എം. സുധീരൻ



ചരിത്രം

വേമ്പനാട്ടു കായലിനാൽ മൂന്നു വശവും ചുറ്റപ്പെട്ടു കിടക്കുന്ന പഴയ കരപ്പുറത്തിന്റെ (ചേർത്തല) വടക്കേ അതിരാണ് മനോഹരമായ ഈ കൊച്ചു ഗ്രാമം. 250 വർഷങ്ങൾക്കുമുമ്പ് ഇവിടം കൊച്ചിരാജാവിന്റെ മേൽക്കോയ്മയിലായിരുന്നു. 1750 ൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ദളവയായിരുന്ന രാമയ്യൻ ദളവയാണ് കരപ്പുറത്തെ തിരുവിതാംകൂറിന്റെ ഭാഗമാക്കിയത്. അങ്ങനെ കൊച്ചിയുടെയും തിരുവിതാംകൂറിന്റെയും തന്ത്രപ്രധാനമായ അതിർത്തിയായി, പരിണമിച്ച ഈ അതിരിൽ നാട്ടിയിരുന്ന 'അതിരുകുറ്റി'യുടെ നാമപരിണാമമാണ് സ്ഥലനാമമായി മാറിയ 'അരൂക്കുറ്റി' എന്നനുമാനിക്കുന്നു. 1799 ൽ കരപ്പുറം പ്രദേശം കൊച്ചിരാജാവിന് തിരിച്ചു നല്കിക്കൊണ്ട് അന്നത്തെ തിരുവിതാംകൂർ രാജാവായ ബാലരാമവർമ്മ മഹാരാജാവിൽ നിന്നും ഒരു 'നീട്ട്' ഉണ്ടായെങ്കിലും അന്നത്തെ പ്രഗത്ഭനായ ദിവാൻ രാജാകേശവദാസിന്റെ അവസരോചിതവും ധീരവുമായ ഇടപെടൽ മൂലം ഈ 'നീട്ട്' നടപ്പിലായില്ല. അങ്ങനെ അരൂക്കുറ്റി ഉൾപ്പെടുന്ന കരപ്പുറം പ്രദേശം എന്നെന്നേയ്ക്കുമായി തിരുവിതാംകൂറിന്റെ ഭാഗമായിത്തീരുകയും ചെയ്തു.

തിരുവിതാംകൂറിൽ നിന്നും മറ്റൊരു സ്ഥലത്തേയ്ക്ക് കൊണ്ടുപോകുകയോ, കൊണ്ടുവരികയോ ചെയ്തിരുന്ന സാധനങ്ങളിന്മേൽ ചുങ്കം ഈടാക്കുന്നതിന് രാജ്യാതിർത്തിയായ അരൂക്കുറ്റിയിൽ ചൗക്ക സ്ഥാപിക്കപ്പെട്ടു. തന്ത്രപ്രധാനമായ ഈ സ്ഥലത്ത് രാജാവും മറ്റു ഭരണാധികാരികളും വന്നാൽ താമസിക്കുന്നതിനായി എട്ടുകെട്ടോടുകൂടിയ കൊട്ടാരം സ്ഥാപിക്കുകയും മജിസ്ട്രേറ്റ് കച്ചേരി, എക്സൈസ് കമ്മീഷണർ ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, കസ്റ്റംസ് ഹൗസ്, ട്രഷറി, പോലീസ് സ്റ്റേഷൻ, ജയിൽ, ആശുപത്രി എന്നിങ്ങനെ ഒരു പ്രാദേശിക ഭരണസിരാകേന്ദ്രത്തിനാവശ്യമായ എല്ലാ സർക്കാർ സ്ഥാപനങ്ങളും സ്ഥാപിക്കപ്പെട്ടു. അരൂക്കുറ്റിയുടെ ഭാവി ഭാഗധേയത്തിൽ ചൗക്ക നിർണ്ണായകമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ചൗക്കയുമായി ബന്ധപ്പെട്ട സർക്കാർ ജോലികളും മറ്റ് അനുബന്ധ തൊഴിലുകളും, കയർ, കൃഷി, മത്സ്യബന്ധനവുമായിരുന്നു ജനങ്ങളുടെ പ്രധാന തൊഴിലുകൾ.

വ്യത്യസ്ത മതവിഭാഗക്കാർ സൗഹൃദത്തോടെ കഴിയുന്ന ചരിത്രമാണ് അരൂക്കുറ്റിക്കുള്ളത്. ഈ പ്രദേശത്തിതുവരെ ഒരു വർഗ്ഗീയ ലഹളയോ സംഘട്ടനങ്ങളോ ഉണ്ടായിട്ടില്ല. പുരാതന ഹിന്ദു ആരാധനാലയങ്ങളായ ശ്രീതങ്കേക്കാട്ട് ശാസ്താ ക്ഷേത്രം, ശ്രീ. മാത്താനം ദേവി ക്ഷേത്രം, മധുരകുളത്ത് ശ്രീ . സുബ്രഹ്മണ്യക്ഷേത്രം എന്നിവയും അനവധി സമൂഹ കുടുംബ ക്ഷേത്രങ്ങളും സ്ഥിതിചെയ്യുന്നു.

അരൂക്കുറ്റിയിലെ പ്രധാന ക്ഷേത്രമാണ് ശ്രീ മാത്താനം ഭഗവതി ക്ഷേത്രം. ഉദ്ദേശം 400 വർഷത്തെ പഴക്കമുള്ള ഈ ക്ഷേത്രത്തിൽ വിവിധ കരകളിൽ നിന്ന് ഭക്തജനങ്ങൾ നിത്യദർശനം നടത്തുന്നു. എസ്. എൻ. ഡി. പി. ശാഖകളുടെ കീഴിലാണ് ഈ ക്ഷേത്രഭരണം. ഇവിടത്തെ ഉത്സവം അരൂക്കുറ്റിയുടെ ജനകീയ ഉത്സവമാണ്.

തൃച്ചാറ്റുകുളം ക്ഷേത്രത്തിലെ തിരുവുത്സവത്തിനു കൊടികയറുന്നതിന് മൂന്നുമാസങ്ങൾക്കുമുമ്പ് ദേശമുറുക്ക്, (ദേശവലത്ത്) എന്ന ആചാരം നിലനിന്നിരുന്നു. ക്ഷേത്രത്തിൽ നിന്നും പുറപ്പെട്ട് അരൂക്കുറ്റിയിലെത്തി തെള്ളിക്കാട്ട്, അങ്ങാടി, ചൗക്ക, കുളപ്പുര, മാത്താനം, പതിയങ്കാട്ട് എന്നീ സ്ഥലങ്ങളിൽ പാലക്കമ്പുകുത്തി തൃച്ചാറ്റുകുളത്തപ്പന്റെ അധീശശക്തി ഉറപ്പിക്കുന്ന ചടങ്ങായിരുന്നു ഇത്.

രാജഭരണകാലത്ത് ഏതാനും മുസ്ലീം കുടുംബങ്ങൾ വന്നു താമസമാരംഭിച്ചു. കൊച്ചിയിലെ ചെമ്പിട്ടപള്ളിയിലാണ് അവർ അന്ന് നമസ്ക്കാരവും, കബറടക്കവും നടത്തിയിരുന്നത്. പിന്നീട് കണ്ണവേലി കുടുംബത്തിൽ നിന്നും ലഭിച്ച സ്ഥലത്ത് കോട്ടൂർപള്ളി പണികഴിപ്പിച്ചു. കേരളീയ വാസ്തുശില്പ മാതൃകയിൽ പണികഴിപ്പിച്ച ഈ ആരാധനാലയം അരൂക്കുറ്റിയുടെ മദ്ധ്യഭാഗത്ത് പടിഞ്ഞാറൻ തീരത്തോട് അടുത്തു സ്ഥിതി ചെയ്യുന്നു. പിന്നീട് കിഴക്കൻ തീരത്തിനഭിമുഖമായി പണികഴിപ്പിച്ച കാട്ടുപുറം പള്ളിയും കേരളീയ വാസ്തു ശില്പകലയുടെ മകുടോദാഹരണമായി സ്ഥിതിചെയ്യുന്നു. ഈ പള്ളിയിൽ ചന്ദനക്കുട കൊടികുത്ത് പെരുനാൾ നടത്തിവരുന്നു. ഈ കൊടികുത്തിൽ പങ്കെടുക്കുവാൻ വിവിധ സ്ഥലങ്ങളിൽ നിന്നും ധാരാളം ആളുകൾ എത്താറുണ്ട്. രണ്ടു പള്ളികൾക്കും ഉദ്ദേശം മുന്നൂറു വർഷത്തോളം പഴക്കമുണ്ട്. തുടർന്ന് ഈ പള്ളികളുടെ കീഴിൽ അനവധി ആരാധനാലയങ്ങളും മദ്രസകളും പണികഴിപ്പിച്ചു. സ്വാതന്ത്ര്യ സമരസേനാനിയായ മൗലവി ബാല്യകാലത്തിവിടെ മതപഠനം നടത്തിയിട്ടുണ്ട്.

ആദ്യകാലങ്ങളിൽ ക്രൈസ്തീയ സമുദായാംഗങ്ങൾ ശവസംസ്കാരവും ആരാധനയും നടത്തിയിരുന്നത് ഇടക്കൊച്ചി പള്ളിയിലും പിന്നീട് അരൂർ പള്ളിയിലും ആയിരുന്നു. ഉദ്ദേശം 80 വർഷങ്ങൾക്കുമുമ്പ് തൃച്ചാറ്റുകുളം കുഴുവേലിൽ കോവിലകത്ത് കൊച്ചനുജൻ തിരുമുൽപ്പാട് നല്കിയ സ്ഥലത്ത് ഇപ്പോഴുള്ള സെൻറ് ആൻറണീസ് ദേവാലയം സ്ഥാപിച്ചു. കായൽ തീരത്ത് വാലുപോലെകിടന്നിരുന്ന സ്ഥലത്ത് പണികഴിപ്പിച്ച പള്ളിയായതുകൊണ്ടാവണം 'വാലേപ്പള്ളി' എന്ന് പേരും ഈ ആരാധനാലയത്തിന് സംജാതമായത്. കായലിനോടഭിമുഖമായി സ്ഥിതിചെയ്യുന്ന ഈ ദേവാലയത്തിലെ തിരുനാൾ സർവ്വ മതസ്ഥരും വളരെ ആഘോഷപൂർവ്വം കൊണ്ടാടുന്നു. ഉത്പന്നോപകരണങ്ങളുടെയും കാർഷിക വിഭവങ്ങളുടെ

യും ഒരു വിപണനമേളകൂടിയാണ് ഈ തിരുനാളാഘോഷം.

ജാതിമതപരിഗണനകൾക്കതീതമായി പ്രവർത്തിച്ചിരുന്ന ഗ്രാമത്തിലെ ആശാൻ കളരികളും അറബിയോടൊപ്പം മലയാളവും പഠിപ്പിച്ചിരുന്ന മദ്രസകളും സ്ത്രീ വിദ്യാഭ്യാസത്തിനും പ്രാഥമിക വിദ്യാഭ്യാസത്തിനും സ്തുത്യർഹമായ സേവനം കാഴ്ചവച്ചിട്ടുണ്ട്. നൂറുവർഷത്തിലേറെ പഴക്കമുള്ള അരൂക്കുറ്റി ഗവൺമെൻറ് യു. പി. സ്കൂൾ ഉദ്യോഗസ്ഥൻമാരായി താമസിച്ചിരുന്നവരുടെ കുട്ടികൾക്ക് വേണ്ടി സ്ഥാപിച്ചതാണെങ്കിലും ഗ്രാമവാസികൾക്കും സമീപപ്രദേശത്തുള്ളവർക്കും വളരെയധികം ഉപകരിച്ചിട്ടുണ്ട്. ഗതകാല സ്മരണകളുണർത്തുന്ന ഈ സ്കൂൾ ഇന്നും വേണ്ടത്ര വളർച്ച നേടിയിട്ടില്ല.

അരൂക്കുറ്റി ആശുപത്രി സ്ഥിതിചെയ്യുന്നതിന് തെക്കുവശത്തായി പ്രസിദ്ധമായ ഒരങ്ങാടിയുണ്ടായിരുന്നു. അവിടെ നാടൻ കലകളുടെയും ഗുസ്തി പോലുള്ള അഭ്യാസങ്ങളുടെയും പ്രദർശനം നടന്നിരുന്നു.

അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ പ്രഗത്ഭനും ഇപ്പോൾ ദിനേശ് ബീഡി കമ്പനിയുടെ ചെയർമാനുമായ ശ്രീ. ജി.കെ. പണിക്കർ, ആനന്ദബസാർ പത്രികയുടെ പത്രാധിപരായ ശ്രീ. റ്റി.പി. വിക്രമൻനായർ, കെ. എസ്. ഇ. ബി. ചീഫ് എഞ്ചിനീയറായി വിരമിച്ച താന്നിക്കൽ മൊയ്തു, പി. ഡബ്ല്യു. ഡി. ചീഫ് എഞ്ചിനീയറായി വിരമിച്ച കെ. കെ. അബ്ദുൾ ഖാദർ എന്നിവർ ഈ ഗ്രാമത്തിൻറെ സന്തതികളാണ്. പ്രസിദ്ധ സാഹിത്യ നിരൂപകനായ എം. കൃഷ്ണൻനായർ സ്കൂൾ വിദ്യാഭ്യാസകാലത്ത് അരൂക്കുറ്റിയിൽ താമസിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് നേതാക്കളായ ടി. വി. തോമസ്, പി. റ്റി. പുന്നൂസ്, സി. കെ. കുമാരൻ വക്കീൽ, എൻ. എസ്. പി. പണിക്കർ എന്നിവർ അരൂക്കുറ്റിയിലെ ജയിലിൽ തടവിൽ കിടന്നിട്ടുണ്ട്.

പരേതനായ ഐനാരിക്കൽ കൊച്ചുണ്ണിപ്പിള്ള, ആമിറ്റത്തു കൊച്ചുണ്ണി മൂപ്പൻ, എ. എം. ലക്ഷ്മണൻ, ഇ. കെ. കുഞ്ഞുമുഹമ്മദ്, കളത്തിൽ മാധവൻ എന്നിവർ ആദ്യകാല കോൺഗ്രസ് പ്രവർത്തകരാണ്. ടി. കെ. മാധവൻ, വി. എ. വേലപ്പൻ, എം. കെ. കണ്ടൻ, ഇ. എൻ. രാഘവൻ, കെ. കെ. കരുണാകരൻ, ഉദയനാട്ട് പദ്മനാഭൻ തുടങ്ങിയവരാണ് ആദ്യകാല കമ്മ്യൂണിസ്റ്റുകാർ.

ദേശീയ സ്വാതന്ത്ര്യ സമര രംഗത്ത് കാര്യമായ സംഭാവനയൊന്നും നല്കാൻ അരൂക്കുറ്റിക്ക് കഴിഞ്ഞിട്ടില്ല. എങ്കിലും കുട്ടംവീട്ടിൽ കേശവൻ നായർ താമ്രപത്രം ലഭിച്ച സ്വാതന്ത്ര്യ സമര സേനാനിയായിരുന്നു. കൂലിവർദ്ധനവിനുവേണ്ടി ഭൂവുടമകൾക്കെതിരെ തെങ്ങുകയറ്റ തൊഴിലാളികൾ നടത്തിയ കണ്ണന്തറ സമരവും, കർഷക തൊഴിലാളി യൂണിയൻ നടത്തിയ താമരച്ചാൽ കരി സമരവും അരൂക്കുറ്റിയുടെ സമരചരിത്രത്തിൻറെ ഭാഗമാണ്.

12- 11- 1960 ൽ 758-ാം നമ്പർ എൻ. എസ്. എസ്. കരയോഗത്തിൽ നിന്നും സൗജന്യമായി ലഭിച്ച സ്ഥലത്ത് ഇന്നു നിലനില്ക്കുന്ന പഞ്ചായത്താഫീസ് സ്ഥാപിക്കപ്പെട്ടു.

അരൂക്കുറ്റിയും ഇന്നത്തെ പെരുമ്പളവും ഉൾപ്പെട്ട മറ്റത്തിൽ ഭാഗം പഞ്ചായത്താണ് നിലവിലുണ്ടായിരുന്നത്. 1979 ൽ പെരുമ്പളവും അരൂക്കുറ്റിയും വിഭജിച്ച് അരൂക്കുറ്റി പഞ്ചായത്ത് നിലവിൽ വന്നു.

1953 ൽ രൂപം കൊണ്ട മറ്റത്തിൽ ഭാഗം പഞ്ചായത്തിൻറെ ആദ്യ പ്രസിഡൻറായി ആമിറ്റത്തു കൊച്ചുണ്ണി മൂപ്പനാണ് തെരഞ്ഞെടുക്കപ്പെട്ടത്. വൈസ് പ്രസിഡൻറായി പെരുമ്പളത്തെ രാഘവ പണിക്കരും എ. എം. ലക്ഷ്മണൻ, എ. എം. ഇബ്രാഹിം, ഇ.കെ. കുഞ്ഞുമുഹമ്മദ്, ടി.കെ. രാഘവൻ, വി. കെ. രാഘവൻ എന്നിവർ ആദ്യത്തെ പഞ്ചായത്ത് മെമ്പർമാരാണ്. ശ്രീ. അയ്യപ്പൻ നോമിനേറ്റഡ് മെമ്പറായിരുന്നു.

1957 ൽ കൊച്ചുണ്ണിമൂപ്പൻ പ്രസിഡൻറ് സ്ഥാനം രാജിവച്ചു. മെയ് മാസം 9-ാം തീയതി രാഘവപ്പണിക്കർ പ്രസിഡൻറായി അധികാരമേറ്റു. ഈ കാലയളവിൽ തന്നെ ശ്രീ. ഇ. കെ. മുഹമ്മദ് രാജിവയ്ക്കുകയും, ശ്രീ. ടി. കെ. മൂസ്സ തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

1964ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 1-ാം വാർഡിൽ സി. സഹദേവൻ, രണ്ടാം വാർഡിൽ സി.കെ. ഗോപാലൻ നായർ, മൂന്നാം വാർഡിൽ നിന്ന് പി.എം. മൂസ്സ നാലിൽ കെ. കെ. മാധവൻ, പി. എ. ശങ്കരൻ എന്നിവരും, അഞ്ചാംവാർഡിൽ പി.കെ. ശ്രീധരൻ പടക്കാറ, ആറിൽ കെ. പങ്കജാക്ഷി, ഏഴിൽ വി. കെ. ദാമോദരൻ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു. ഈ ഭരണസമിതി നീണ്ട പതിനഞ്ചുവർഷക്കാലം ഭരിച്ചു. ഇതിനിടയിൽ, കെ.കെ. മാധവൻ പ്രസിഡൻറായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി രൂപീകരിച്ചു. 1988 വരെ തുടർന്നു.

1988 ൽ നടന്ന തെരഞ്ഞെടുപ്പിൽ കെ. കെ. കുട്ടി മൂസ പ്രസിഡൻറും സുധാ ചന്ദ്രൻ വൈസ് പ്രസിഡൻറും മെമ്പർമാരായി 1-ാംവാർഡിൽ നിന്ന് കെ. കെ. പ്രഭാകരൻ, 4-ൽ നിന്ന് ശ്രീ. എ. മാമ്മു, 5-ൽ ശ്രീ. പി. കെ. വിശ്വംഭരൻ, 7-ൽ ശ്രീമതി വി. പി. മഹേശ്വരിയമ്മ, 6-ൽ ശ്രീ. കെ. കെ. അബൂബക്കർ, 8-ൽ ശ്രീ. വി. എ. രാജൻ എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

നീണ്ട ഇടവേളയ്ക്കു ശേഷം തെരഞ്ഞെടുക്കപ്പെട്ട ഈ കമ്മറ്റിക്ക് വിസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുവാൻ കഴിഞ്ഞെങ്കിലും, ഒരേ കക്ഷിയിൽ പെട്ടവർ തമ്മിലുണ്ടായ രൂക്ഷമായ ഭിന്നതമൂലം പല പ്രക്ഷുബ്ധ രംഗങ്ങൾക്കും സാക്ഷ്യം വഹിക്കേണ്ടിവന്നു. പ്രസിഡണ്ട് കെ. കെ. കുട്ടിമൂസയുടെ പേരിൽ 29- 3- 89 ൽ അവിശ്വാസം വരികയും, തുടർന്ന് ശ്രീ. കെ. കെ. അബൂബക്കർ പ്രസിഡൻറാകുകയും ചെയ്തു. എന്നാൽ 9. 1 .90 ൽ അവിശ്വാസം വരികയും 21- 2- 90 ൽ വീണ്ടും കെ. കെ. കുട്ടിമൂസ പ്രസിഡൻറാവുകയും ചെയ്തു. വീണ്ടും അദ്ദേഹത്തിൻറെ പേരിൽ അവിശ്വാസം വരികയും 1. 2. 91 ൽ പുതിയ പ്രസിഡൻറായി ശ്രീ. വി. എ. രാജൻ സ്ഥാനമേല്ക്കുകയും ചെയ്തു. പക്ഷേ, 27 മാസത്തിനുശേഷം അവിശ്വാസപ്രമേയം വന്നതിനെതുടർന്ന് ശ്രീ. വി. എ. രാജൻ രാജിവച്ചു. ശ്രീമതി. വി. പി. മഹേശ്വരിയമ്മ പ്രസിഡൻറായി അടുത്ത തെരഞ്ഞെടുപ്പുവരെ നിലനില്ക്കുകയും ചെയ്തു.

1995 സെപ്തംബർ 25 ന് നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. പി. എസ്. ബാബു പ്രസിഡൻറും, ശ്രീ. വി. എ. അബ്ദുൾ കരീം വൈസ് പ്രസിഡൻറും, ശ്രീ. കെ. കെ. പ്രഭാകരൻ സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാനും ആയി. കെ. പ്രഭാകരൻ, ശ്രീമതി ഗിരിജാ രാജൻ, ശ്രീമതി സുഹ്റാ

അസ്‌ലാം, ശ്രീമതി ജമീലഅസീസ്, ശ്രീ. കെ. എൻ. മണിലാൽ, കുമാരി സുഭാഷിണി പങ്കജാക്ഷൻ തുടങ്ങിയവർ മെമ്പർമാരായി അംഗ കമ്മറ്റി നിലവിൽ വന്നു.

കാർഷിക, ഗാർഹിക ആവശ്യങ്ങൾക്കുതകുമാറ് നിരവധി കുളങ്ങളും വയലുകളും തോടുകളും കൈവരികളും ഉണ്ടായിരുന്ന ഒരു പ്രദേശമായിരുന്നു അരൂക്കുറ്റി. ഒരേക്കർ സ്ഥലത്ത് ശരാശരി ഒരുകാടും രണ്ടു കുളവും എന്ന കണക്കിൽ പരിസ്ഥിതിയുടെ സംതുലനാവസ്ഥ നിലനിർത്തുന്ന ചെറുതും വലുതുമായ നിരവധി കുളങ്ങളും കാവുകളും ഈ പ്രദേശത്തുണ്ടായിരുന്നു.

വാവലും കാട് എന്ന പ്രശസ്തമായൊരു ഭൂപ്രദേശം തന്നെ ഇവിടെയുണ്ടായിരുന്നു. നാമമാത്രമെങ്കിലും ഇന്നവശേഷിക്കുന്നത് "കാട്ടിലെ മഠം" കാട് മാത്രമാണ്. ഉദ്ദേശം ആറേക്കറോളം ഉണ്ടായിരുന്ന കാട് ഇന്ന് മൂന്നേക്കറിൽ താഴെയായി ചുരുങ്ങി. കാടും കുളവും വയലും തോടും പക്ഷിമൃഗാദികളും ഉഭയക്കൊള്ളുന്ന ജനിതക സമ്പത്ത് ഈ ഗ്രാമത്തിന് കൈവിട്ടുപോയി. തിരുക്കൊച്ചി സംയോജനത്തിനുശേഷം മുമ്പുണ്ടായിരുന്ന സർക്കാർ ഓഫീസുകളും ഈ ഗ്രാമത്തിൽ നിന്ന് മാറ്റപ്പെട്ടു. പലവിധത്തിലുള്ള വാസ്തുശില്പകലകളാൽ രൂപകല്പനചെയ്തു നിർമ്മിച്ച സർക്കാർ മന്ദിരങ്ങൾ സംരക്ഷിക്കപ്പെടാതെ ഓരോന്നായി പൊളിച്ചു മാറ്റപ്പെട്ടു. സർവ്വീസ് സഹകരണ സംഘങ്ങളും പബ്ലിക് ലൈബ്രറിയും ഈ ഗ്രാമത്തിന്റെ പതനത്തോടുകൂടി നിശ്ചലമായി. ഹെക്ടർ കണക്കിന് സ്ഥലവും സൗകര്യവുമുള്ള ആതുരാലയവും രോഗഗ്രസ്തമായി. നഷ്ടപ്രതാപൈശ്വര്യങ്ങളുടെ സ്മൃതിയിൽ മുഖം താഴ്ത്തി നില്ക്കുന്ന ഈ ഉഭയനാടൻ ഗ്രാമത്തിന്റെ ഉയിർത്തെഴുന്നേല്പിനായി കൈവിട്ടുപോയ ഒരു പ്രൗഢഗാംഭീര്യ പാരമ്പര്യത്തിന്റെ പിൻതലമുറക്കാർ കാതോർത്തിരിക്കുന്നു.

ചരിത്രത്തിന്റെ എത്ര ഇലകൾ പൊഴിച്ചതാണീ മരമുത്തച്ഛൻ



പോയകാലത്തെ സമ്പന്നമായ ഓർമ്മകളുമായി.... രാജഭരണകാലത്തെ ട്രഷറി



ഭൂപ്രകൃതിയും ജനങ്ങളും

വടക്ക തിരുവിതാംകൂറിനെ കൊച്ചി രാജ്യത്തു നിന്നും വേർതിരിക്കുന്ന വേമ്പനാട്ടുകായലിന്റെ ഒരു ഭാഗമായ കൈതപ്പുഴ എന്നുപേരുള്ള ഭാഗത്ത് സ്ഥിതി ചെയ്യുന്ന പ്രദേശമാണ് അരൂക്കുറ്റി. 1979 ലെ ഗ്രാമ പുനർ വിഭജനത്തിൽ അന്നുവരെ, മറ്റത്തിൽഭാഗം ഗ്രാമം എന്നും മറ്റത്തിൽഭാഗം പഞ്ചായത്തും എന്നറിയപ്പെട്ടിരുന്ന ഇത് അരൂക്കുറ്റി പഞ്ചായത്ത് എന്നും പെരുമ്പളം പഞ്ചായത്ത് എന്നും രണ്ടായി വിഭജിക്കപ്പെട്ടു. ഇപ്പോഴത്തെ ഈ ഗ്രാമ പഞ്ചായത്തിന്റെ അതിര് വടക്കും കിഴക്കും പടിഞ്ഞാറും വേമ്പനാട്ടുകായലും തെക്കേ അതിര് പാണാവള്ളി പഞ്ചായത്തും വേമ്പനാട്ടുകായലും ചേർന്നതാണ്. വടക്കു ഭാഗത്തുള്ള കായലിൽ ബോട്ടുചാലിനുവേണ്ടി ഡ്രഡ്ജ് ചെയ്തുണ്ടായ മൂന്ന് ചെറിയ തുരുത്തുകളും ഉണ്ട്. രണ്ടേക്കർ വിസ്തൃതിയുള്ള ഈ മൂന്ന് തുരുത്തുകളും കൂടി ഉൾപ്പെടുന്നതാണ് പഞ്ചായത്ത് പ്രദേശം. ഭൂവിസ്തൃതി 1287 ഹെക്ടറാണ്.

ഭൂപ്രകൃതി അനുസരിച്ച് പഞ്ചായത്തു പ്രദേശം മുഴുവൻതന്നെ തീര സമതലം എന്ന വിഭാഗത്തിൽപെടുന്നു. നല്ല ചൊരി മണലും അമ്ലഗുണമുള്ള ചെളി മണ്ണും ഇവിടെ കാണുന്നു.

1991 ലെ സെൻസസ് കണക്കുപ്രകാരം അരൂക്കുറ്റിയിലെ ജനസംഖ്യ 15693 ആയിരുന്നു. ഇതിൽ 7840 പുരുഷൻമാരും 7853 സ്ത്രീകളുമാണ്. 6 വയസിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 2001 ആണ്. പട്ടികജാതിക്കാർ 821 പുരുഷൻമാരും 805 സ്ത്രീകളും ഉൾപ്പെടെ 1686 ആണെങ്കിൽ പട്ടികവർഗ്ഗക്കാർ 6 പുരുഷൻമാരും, 7 സ്ത്രീകളും ഉൾപ്പെടെ 13 പേർ മാത്രമേ ഉള്ളൂ. സാക്ഷരതാപ്രവർത്തനത്തിന്റെ സഹായത്താൽ സാക്ഷരതാ നിരക്ക് 78.28% ൽ നിന്ന് 91.04% ആയി മാറ്റാൻ കഴിഞ്ഞു. തുടർ സാക്ഷരതയുടെ അഭാവം നിരക്ഷരരുടെ എണ്ണത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്.

വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ വർഷം തോറും വർദ്ധനവ് ഉണ്ടെങ്കിലും പഠന നിലവാരത്തകർച്ച ശ്രദ്ധേയമാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഒന്നും ഇവിടെയില്ല. അരൂക്കുറ്റിയിൽ ഒരു ഗവൺമെൻറ് കോളേജ് സ്ഥാപിക്കണമെന്ന് ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഗ്രാമത്തിന്റെ പ്രധാന പ്രശ്നമാണ്.

കൃഷിയും മത്സ്യ ബന്ധനവും പ്രധാനപ്പെട്ട രണ്ടു തൊഴിൽ മേഖലകളാണ്. കൃഷി ആദായകരമല്ലാതായതോടെ മറ്റു മേഖലകളിലേക്ക് തൊഴിലാളികളുടെ കടന്നുകയറ്റം ഉണ്ടായിട്ടുണ്ട്. പഞ്ചായത്തിലെ സ്ത്രീ തൊഴിലാളികളിലധികവും ഗ്രാമത്തിലും അയൽഗ്രാമങ്ങളിലുമുള്ള ചെമ്മീൻ സംസ്കരണശാലകളിലാണ് തൊഴിലെടുക്കുന്നത്. കൊച്ചി നഗരമേഖലയോടും തുറമുഖത്തോടും വളരെ വേഗം ബന്ധപ്പെടുവാൻ പറ്റുന്നതരത്തിൽ ഭൂമിശാസ്ത്രപരമായി പ്രത്യേകതയുള്ള ഇവിടന്ന് ധാരാളം തൊഴിലാളികളാണ് നഗരത്തിലെ വിവിധ മേഖലകളിൽ തൊഴിലിനുവേണ്ടി പോകുന്നു. ഇത് പഞ്ചായത്തിലെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ ആശ്വാസം നല്കുന്നു.

വർഷത്തിൽ നല്ല മഴ ലഭിക്കുന്ന പ്രദേശമാണ് അരൂക്കുറ്റി. കുളങ്ങളും കിണറുകളും തോടുകളും ചേർന്നതാണ് ജല സ്രോതസ്. ഗ്രാമത്തിലെ ആകെ തോടുകളുടെ നീളം 10.65 കി.മീ. ആണ്. കായലുകളും കുളങ്ങളും ഉൾപ്പെടെ മൊത്തം ജല വിസ്തൃതി 634.35 ഹെക്ടർ ആണ്. ഉൾപ്രദേശങ്ങളിലെ കുളങ്ങളിലും കിണറുകളിലും മാത്രമാണ് ശുദ്ധ ജലം കിട്ടുന്നത്. തീരപ്രദേശങ്ങളിൽ ഓരുജലമാണ്. ശുദ്ധമായ കുടിവെള്ളം ഗ്രാമത്തിന്റെ പ്രധാന പ്രശ്നമാണ്. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ജലക്ഷാമം കൂടുതൽ അനുഭവപ്പെടുന്നു.

പ്രധാന കുളങ്ങളെക്കുറിച്ചുള്ള വിവരണം.

നമ്പർ	കുളം	സർവ്വേ നമ്പർ	വിസ്തൃതി
1	മധുരക്കുളം	117/10	24 സെൻറ്
2.	വലിയകുളം	163/3	20 സെൻറ്
3.	മങ്കുളം	201/9	6 സെൻറ്

(അവലംബം : വില്ലേജ് ഓഫീസ് രേഖകം)

കൃഷിയും ജലസേചനവും

അരുക്കുറ്റി ഒരു കാർഷിക ഗ്രാമമാണ്. സമതല പ്രദേശങ്ങളും വടക്കും കിഴക്കും പടിഞ്ഞാറും വേമ്പനാട്ടു കായലിനോട് ചേർന്നുകിടക്കുന്നു. തീരപ്രദേശങ്ങളും ചേർന്നതാണ് ഇവിടത്തെ ഭൂപ്രദേശം. മുഖ്യവിളകളായി തെങ്ങ്, നെല്ല് എന്നിവയും ഇടവിളകളായി കവുങ്ങ്, വാഴ, കുരുമുളക്, ചേമ്പ്, ചീര, വെറ്റില, പച്ചക്കറികൾ തുടങ്ങിയവും കൃഷിചെയ്തിരുന്നു. കൃഷിയും മത്സ്യബന്ധനവും അതുമായി ബന്ധപ്പെട്ട മറ്റു തൊഴിലുകളുമായിരുന്നു പഴയകാലത്ത് ജനങ്ങൾക്ക് ഉണ്ടായിരുന്നത്.

ഭൂരിഭാഗം ഭൂ ഉടമസ്ഥരും ഒരു ഹെക്ടർതാഴെമാത്രം ഭൂമിയുള്ള നാമമാത്ര കർഷകരാണ്. വിശദവിവരങ്ങൾ പട്ടിക ഒന്നിൽ-

പട്ടിക ഒന്ന്

കൈവശഭൂമി വിസ്തീർണ്ണം

വാർഡ്	നാമമാത്ര കർഷകർ 1 ഹെക്ടറിൽ താഴെ	ചെറുകിട കർഷകർ	വൻകിട കർഷകർ
1.	253	7	2
2	208	8	3
3	297	10	4
4	215	5	5
5	301	10	2
6.	285	6	6
7.	211	9	5
8.	300	8	3
9	371	5	5

(അവലംബം : കൃഷിഭവൻ രേഖ)

ഗ്രാമത്തിലെ നെൽപ്പാടങ്ങളുടെ ആകെ വിസ്തൃതി 248 ഹെക്ടറാണ്. നെൽപ്പാടങ്ങളിൽ ഇരിപ്പൂ കൃഷിയാണ് നടത്തിവന്നിരുന്നത്. മഴയെ ആശ്രയിച്ചായിരുന്നു കൃഷി. വേമ്പനാട്ടു കായലിനോടു ചേർന്നുള്ള പാടശേഖരങ്ങളിൽ വിരിപ്പ്, ചെട്ടിവിരിപ്പ്, പൊക്കാളി, കുറുക എന്നീ നെൽവിത്തുകൾ ഒന്നാം വിളയായും മുണ്ടകൻ രണ്ടാം വിളയായും കൃഷി ചെയ്തുവന്നിരുന്നു. കന്നിക്കൊയ്ത്തും മകരക്കൊയ്ത്തും തകൃതിയായി നടന്നിരുന്നു. ഉൾപ്രദേശങ്ങളിലുള്ള പൊടിപ്പാടങ്ങളിൽ ഒന്നാം വിളയായി പൊന്നാര്യനും രണ്ടാം വിളയായി മുണ്ടകനും കൃഷി ചെയ്തിരുന്നു. പൊടിപ്പാടങ്ങളിൽ മകരക്കൊയ്ത്തിനു ശേഷം, വെള്ളരി, മത്തൻ, ചീര മുതലായവയും, വരമ്പുകളിൽ, വാഴ, പച്ചക്കറി മുതലായവയും കൃഷി ചെയ്തിരുന്നു. കുളങ്ങൾ, തോടുകൾ മുതലായവ ചിറകെട്ടി സൂക്ഷിക്കുകയും ഇത്തരം കൃഷിക്ക് ജലസേചനത്തിനായി ഉപയോഗിക്കുകയും ചെയ്തിരുന്നു. ജൈവവളമാണ് പ്രധാനമായി ഉപയോഗിച്ചിരുന്നത്.

പുതിയ കൃഷിരീതിയോടുള്ള അപരിചിതത്വം, ഉത്പാദനത്തിലുള്ള കുറവ്, ഭൂപരിഷ്കരണത്തെത്തുടർന്നുണ്ടായ മാറ്റങ്ങൾ കർഷക തൊഴിലാളികളുടെ കൂലിയിലുണ്ടായ വർദ്ധനവ്, നിലം നികർത്തി മറ്റു നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്ന മനോഭാവം എന്നിവയെല്ലാം ചേർന്ന് നെൽകൃഷി ഇന്ന് അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. മുമ്പ് കൃഷിക്കു വളരെയേറെ സഹായകരമായിരുന്ന പ്രധാന തോടുകൾ അശ്രദ്ധയും സംരക്ഷണമില്ലായ്മയും കൊണ്ട് ഓരുവെള്ളം കയറി കൃഷിയെ നശിപ്പിക്കുന്ന തരത്തിലായി മാറിയിരിക്കുന്നു.

ഇവിടത്തെ ചൊരിമണൽ നിറഞ്ഞ ഭൂപ്രദേശം തെങ്ങുകൃഷിക്ക് അനുയോജ്യമാണ്. നെൽകൃഷി ആദായകരമല്ലാതായതോടെ നെൽപ്പാടങ്ങളും നികർത്തി തെങ്ങുകൃഷി ആരംഭിച്ചു. തെങ്ങിനു കൂടുതലായി ജൈവവളങ്ങളും തന്നെയാണ് ഉപയോഗിക്കുന്നത്. ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിലും തെങ്ങാണ് പരമ്പരാഗതമായി കൃഷിചെയ്തുവരുന്നത്. മുഖ്യ വിളയായ തെങ്ങിന്റെ വാർഷിക ഉല്പാദനക്ഷമത 32.2 ആണ്. നല്ല വിത്തു തേങ്ങയുടെ അപര്യാപ്തത, അശാസ്ത്രീയമായ ജലസേചനം, വളപ്രയോഗത്തിന്റെ പോരായ്മ എന്നിവ ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു. രോഗബാധയും നീർക്കെട്ടും ഉല്പാദനം കുറയുന്നതിന് കാരണമാകുന്നു.

ധാരാളം വീടുകളിൽ കവുങ്ങ് കൃഷിചെയ്യുന്നുണ്ട്. പരിചരണത്തിന്റെ പോരായ്മകൊണ്ട് സാധ്യതയ്ക്കനുസൃതമായ ആദായം ലഭിക്കുന്നില്ല. മരച്ചീനി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ചെറിയതോതിൽ കൃഷി ചെയ്യുന്നു. കശുമാവ്, കുരുമുളക്, വാഴ, പയർ, പച്ചക്കറികൾ എന്നിവയും നാമമാത്രമായി പല പുരയിടങ്ങളിലും വളർത്തുന്നുണ്ട്. മാവ്, ആഞ്ഞിലി, പ്ലാവ്, മഹാഗണി, തേക്ക് തുടങ്ങിയ വൃക്ഷങ്ങളും ശ്രദ്ധാപൂർവ്വം വച്ചുപിടിപ്പിച്ചുകാണുന്നു. ശാസ്ത്രീയമായ വളപ്രയോഗരീതി നമ്മുടെ കൃഷിക്കാർക്ക് അപരിചിതമാണ്. ഒരു വളം വിപണന കേന്ദ്രംപോലും പഞ്ചായത്തിലില്ല എന്നത് ഇതിനു തെളിവാണ്.

ജൈവവളങ്ങളും രാസവളങ്ങളും ശാസ്ത്രീയമായി പ്രയോഗിച്ച് ഉല്പാദനം വർദ്ധിപ്പിക്കേണ്ടത് കാർഷിക രംഗത്തെ അഭിവൃദ്ധിക്ക് അനിവാര്യമാണ്.

കൃഷിക്കാർക്ക് ആവശ്യമായ വായ്പകളും യഥാസമയം ലഭിക്കുന്നതിന് നമ്മുടെ പഞ്ചായത്തിൽ സൗകര്യങ്ങളില്ല. നിലവിലുള്ള പൊതുമേഖലാ ബാങ്കിൽ നിന്ന് ചെറുകിട, നാമമാത്ര കർഷകർക്ക് ആവശ്യമായ വായ്പകളും ലഭിക്കാത്തത് കാർഷികരംഗത്തെ മുരടിപ്പിനു കാരണമാകുന്നുണ്ട്.

പഞ്ചായത്തിന്റെ ഭൂവിസ്തൃതി 11.10 ച.കി.മീ. ആണ്. ഇത് നിരപ്പായ സമതലമാണ്. കായലിനോടു ചേർന്ന് ചില പാടശേഖരങ്ങളും ഓരു പുളിയുള്ള പ്രദേശമാണ്. ഭൂവിനിയോഗം സംബന്ധിച്ച വിവരങ്ങളും താഴെ കൊടുക്കുന്നു.

പട്ടിക രണ്ട്.

ഭൂവിനിയോഗം : വിള-വിസ്തീർണ്ണവും ഉല്പാദനവും.

വിള	വിസ്തീർണ്ണം	ആകെ ഉല്പാദനം	ഉല്പാദനക്ഷമത (ഹെക്ടർ)
നെല്ല് ഒന്നാംവിള	65 ഹെക്ടർ	113.75 ടൺ	2500 കി.ഗ്രാം./ഹെക്ടർ
നെല്ല് രണ്ടാംവിള	40 ഹെക്ടർ	72 ടൺ	2500 കി.ഗ്രാം/ഹെക്ടർ
നെല്ല് മൂന്നാംവിള	-	-	-
പയർ	3 ഹെക്ടർ	5.5 ടൺ	2 ടൺ/ഹെക്ടർ
എള്ള്	-	-	-
പച്ചക്കറികൾ	5 ഹെക്ടർ	40 ടൺ	5 ടൺ/ഹെക്ടർ
തെങ്ങ്	366.3ഹെക്ടർ	2948429 എണ്ണം	21600തേങ്ങ/ഹെക്ടർ
വാഴ	8 ഹെക്ടർ	103200കി.ഗ്രാം.	17200കി.ഗ്രാം/ഹെക്ടർ
മരച്ചീനി	10 ഹെക്ടർ	100 ടൺ	14 ടൺ/ഹെക്ടർ
കുരുമുളക്	1.5 ഹെക്ടർ	2250 കി.ഗ്രാം.	3000 കി.ഗ്രാം/ഹെക്ടർ
പ്ലാവ്	4 ഹെക്ടർ	10000 കി.ഗ്രാം.	20000 കി.ഗ്രാം/ഹെക്ടർ
കശുമാവ്	4 ഹെക്ടർ	1200 കി.ഗ്രാം.	2000 കി.ഗ്രാം./ഹെക്ടർ
മാവ്	0.750 ഹെക്ടർ	2250 കി.ഗ്രാം.	5000 കി.ഗ്രാം./ഹെക്ടർ
കവുങ്ങ്	15 ഹെക്ടർ	4050000 എണ്ണം	675000 എണ്ണം/ഹെക്ടർ

വേമ്പനാട് കായലുമായി ബന്ധപ്പെട്ടുകിടക്കുന്ന തോടുകളാണ് പഞ്ചായത്തിന്റെ മുഖ്യ സ്രോതസ്. തോടുകളുടെ ആകെ നീളം 11.85 കി.മീ. ആണ്. ആറു തോടുകൾക്ക് ചീർപ്പുകളുണ്ടെങ്കിലും, ഇവയൊന്നും തന്നെ പ്രവർത്തനക്ഷമമല്ല. ഓരുവെള്ളം തടഞ്ഞുനിർത്തി കൃഷിചെയ്യുന്നതിനുവേണ്ടിയാണ് ചീർപ്പ്. ചെറുതും വലുതുമായി 380 കുളങ്ങൾ പഞ്ചായത്തിലുണ്ട്. കുളങ്ങളിൽ പലതും വേനൽക്കാലത്ത് വറ്റുന്നവയാണെങ്കിലും, ശുദ്ധജലമുള്ള, വറ്റാത്ത നാല് വലിയ കുളങ്ങൾ പഞ്ചായത്തിന്റെ അധീനതയിലുണ്ട്. ഇവയെ സംരക്ഷിച്ച് കൃഷിക്കുപയോഗിക്കാവുന്നതാണ്. പ്രധാന കുളങ്ങളുടെയും തോടുകളുടെയും വിവരങ്ങൾ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക 3

ചെറുകിട ജലസേചന തോടുകൾ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	തോടിന്റെ പേര്	ആകെ നീളം കിലോ മീറ്ററിൽ	ശരാശരി വീതി മീറ്ററിൽ	സംരക്ഷിക്കപ്പെടേണ്ട തോടിന്റെ നീളം	തൻവർഷം ചെലവഴിച്ച തുക
1.	തേവേലിത്തോട്	2.4 കി.മീ.	6 മീ.	2.4 കി.മീ.	
2.	തെള്ളിക്കാട്ട് തോട്	1.5 കി.മീ.	7 മീ.	1.5 കി.മീ	
3.	കീണാത്ത് തോട്	1.8 കി.മീ.	5. മീ.	1.8 കി.മീ.	
4.	ബ്രാഹ്മണിത്തോട്	1.2 കി.മീ.	4. മീ.	1.2 കി.മീ.	
5.	എടമനത്തോട്	0.7 കി.മി.	4. മീ.	0.7 കി.മി.	
6	കോട്ടൂർ തോട്	0.6 കി.മി.	4 മീ.	0.6 കി.മി.	
7.	വാലയിൽ പള്ളിത്തോട്	0.6 കി.മി.	4.മീ.	0.6 കി.മി.	
8.	മീങ്കുഴിത്തോട്	0.5 കി.മി.	4.മീ.	0.5 കി.മി.	
9.	കടക്കായിത്തറതോട്	0.7 കി.മി.	4.മീ.	0.7 കി.മി.	
10.	പൈങ്ങാതോട്	1.കി.മി.	5 മീ.	1കി.മി.	
11	കുടപുറം തോട്	0.5കി.മി.	4.മീ	0.7കി.മി	
12.	കമ്മട്ടിക്കാട് തോട്	0.35കി.മി.	4.മീ.	0.3 മീ.	

വില്ലേജ് ലിത്തോ മാപ്പ്

പഞ്ചായത്തിൽ ഒരു കൃഷിഭവൻ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ അതിന്റെ സേവനം പരിമിതമായ രീതിയിലേ കൃഷിക്കാർക്ക് ലഭിക്കുന്നുള്ളൂ. ഒരു കൃഷി ഓഫീസറും രണ്ട് കൃഷി അസിസ്റ്റന്റുമാരും ഉള്ള ഈ സ്ഥാപനത്തിന്റെ സേവനം പൂർണ്ണമായ തോതിൽ കർഷകർക്കു ലഭിക്കണം.

ഗ്രാമസഭയിൽ നടന്ന ചർച്ചകളുടെയും, ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കാർഷികരംഗത്ത് പരിഗണിക്കേണ്ട പ്രധാന പ്രശ്നങ്ങൾ-

- നെൽകൃഷി പാടെ നിലച്ചിരിക്കുകയാണ്. പാടശേഖരങ്ങൾ തൈത്തുണ്ടങ്ങളായി മാറി. കൃഷിഭൂമി യഥാർത്ഥ കർഷകന്റെ കൈവശമല്ല. ലാഭം കിട്ടുന്ന മറ്റുമേഖലകളിലേക്ക് കൃഷിഭൂമി കൈവശം ഉള്ളവർ പണംമുടക്കാൻ തയ്യാറുമാണ്. കൃഷിഭൂമി തരിശിടുന്ന പ്രവണത കൂടി വരുന്നു. കർഷകത്തൊഴിലാളികളുടെ കുറവും, കൂലിനിരക്കിൽ ഉണ്ടായ വർദ്ധനവും, ശരിയായ ജലസേചന സൗകര്യമില്ലാത്തതും, കൃഷിയിൽനിന്നും, കൃഷിക്കാരെ പിന്തിരിപ്പിക്കുന്നു,
- പഞ്ചായത്തിലെ പ്രധാനതോടുകൾ സംരക്ഷിച്ച് ഓരു മുട്ടുകൾ യഥാസമയം ഉറപ്പിക്കാത്തത്. കൃഷിക്കു നാശം ചെയ്യുന്നു.
- പഞ്ചായത്തിലെ കുളങ്ങൾ വേണ്ടരീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല.
- നെൽപ്പാടങ്ങളിൽ നിന്നും ജല നിർഗമനമാർഗം

ഇല്ലാത്തതിനാൽ വെള്ളം കെട്ടിനിന്ന് നെൽപ്പാടം നശിക്കുകയും, പരിസരത്തുള്ള തെങ്ങിന്റെ വേരുകൾ ചീയുകയും, തെങ്ങുകൃഷി നശിക്കാൻ ഇടയാവുകയും ചെയ്യുന്നു.

- തെങ്ങുകൾക്ക് വ്യാപകമായ രീതിയിൽ ഓലമഞ്ഞളിപ്പ്, മണ്ടചീയൽ ചെല്ലികുത്ത് മുതലായവ കണ്ടുവരുന്നു.

- നാളികേരോല്പാദനത്തിൽ ആനുപാതികമായ വർദ്ധനവ് പഞ്ചായത്തിൽ എല്ലായിടത്തുമില്ല. നാളികേരത്തിന്റെ വിലക്കുറവ് ജലസേചനത്തിന്റെ പോരായ്മ എന്നിവ നാളികേരോല്പാദനത്തെ ബാധിച്ച ഘടകങ്ങളാണ്.

- നെൽപ്പാടങ്ങളിലും പുരയിടങ്ങളിലും കൃഷിചെയ്തുവന്നിരുന്ന വേനൽക്കാല പച്ചക്കറികൾ ഇപ്പോൾ ഇല്ലെന്നുതന്നെ പറയാം. ശരിയായ രീതിയിൽ ജലസേചന സൗകര്യം ലഭിക്കാത്തതും നല്ലയിനം വിത്തുകൾ കിട്ടാത്തതും വളത്തിന്റെ ദൗർലഭ്യവുമാണ് ഇതിനുകാരണം. കൃഷിചെയ്തിരുന്ന പല സ്ഥലങ്ങളിലും ഓരുവെള്ളം കയറുന്ന സ്ഥലമാകയാൽ പച്ചക്കറി കൃഷിചെയ്യുന്നതിന് സാധിക്കുന്നില്ല.

നിർദ്ദേശങ്ങൾ:

1. കായലുമായി ബന്ധപ്പെട്ടിട്ടുള്ള തോടുകളിൽ ഓരുവെള്ളം കയറാത്ത രീതിയിൽ സ്ലൂയിസുകൾ പോലുള്ള സ്ഥിരം സംവിധാനം ഉണ്ടാക്കുക.
2. നെൽകൃഷിക്ക് നല്ലയിനം വിത്തുകളും വളവും ലഭ്യമാക്കുക. ആവശ്യമായ സാമ്പത്തിക സഹായം ചെയ്യുക.
3. റോഡുകൾ മൂലം ജലനിർഗ്ഗമനം തടസ്സപ്പെട്ട നെൽപ്പാടങ്ങളിൽ വലിയ തൂമ്പുകൾ വയ്ക്കുക.
4. നാലാം വാർഡിൽ കിഴക്കുനിന്നും വരുന്ന വെള്ളം ഇരമംഗലത്തു പാടത്തേക്കും കടക്കുവാൻ ഈരക്കുറ്റി വടക്കുവശത്തും മൂന്നൂർപ്പള്ളി പാടത്തുനിന്നും അഴകുശേരി പറമ്പുവഴി പുളുക്കിപാടത്തേക്കും കൈത്തോടുവെട്ടുക.
5. മീൻകുഴിതോടിന്റെ തെക്കേ അറ്റമായ ശ്മശാനത്തിനു തെക്കുപടിഞ്ഞാറുവശം റോഡ്ചേർത്ത് സ്ലൂയിസ് പണിയുക. ഇത് ഉപ്പുവെള്ളം പാടത്തേക്കു കയറാതിരിക്കുന്നതിനും കുടിവെള്ളം മലിനമാകാതിരിക്കുന്നതിനും ആവശ്യമാണ്.
6. പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് പഞ്ചായത്തിലെ വലിയ കുളങ്ങളെ അടിസ്ഥാനമാക്കി ജലസേചന സൗകര്യം ഉണ്ടാക്കുക.
7. ജൈവവള നിർമ്മാണം പഞ്ചായത്തിൽ വ്യാപിപ്പിക്കുക.
8. എട്ടാം വാർഡിന്റെ താമരച്ചാൽ കരിയുടെ നടുഭാഗത്തുകൂടി തോടുവെട്ടുകയും ഓരുവെള്ളം കയറാതെ സംരക്ഷിക്കുവാനുമുള്ള സംവിധാനം ഉണ്ടാക്കുക. താമരച്ചാൽ കരി, വെള്ളപ്പനാട്ട്, പുന്നത്തറ എന്നീ നിലങ്ങളിൽ പമ്പിങ്ങ്സൗകര്യം ഉണ്ടാക്കുക.
9. നെൽകൃഷി പൂർവ്വാധികം ഭംഗിയായി നടത്തുന്നതിന് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.
10. കൃഷിഭവനും നിലവിലുള്ള കൃഷിവികസന സമിതികളും ശക്തിപ്പെടുത്തുക.
11. വിത്തും വളവും സാങ്കേതിക വിജ്ഞാനവും സാമ്പത്തിക സഹായവും നൽകുന്നതിന് കർഷക സംഘങ്ങൾ ഉണ്ടാക്കുക.
12. വളം വിപണന കേന്ദ്രം ആരംഭിക്കുക.
13. മണ്ണ് പരിശോധന നടത്തി അനുയോജ്യമായ കാർഷിക വിളകൾ കണ്ടെത്തുക.
14. മണ്ണൊലിപ്പ് തടയുന്നതിന് തോടിന്റെ ചിറകൾ ബലപ്പെടുത്തുകയും ആവശ്യമായ സ്ഥലങ്ങളിൽ കല്ലുകെട്ടി സംരക്ഷിക്കുകയും ചെയ്യുക.
15. ഗ്രാമത്തിലെ വലിയ കാവായ കാട്ടിലെമഠം കാട് ഉൾപ്പെടെ നിലവിലുള്ള കാവുകൾ സംരക്ഷിക്കുക.
16. നെൽകൃഷി നടത്താൻ പറ്റാത്ത പാടശേഖരങ്ങളിൽ അനുയോജ്യമായ മത്സ്യകൃഷി നടത്തുന്നതിനു വേണ്ട സഹായങ്ങൾ ചെയ്യുക.
17. ഗുണമേൻമയുള്ള വിത്തുകളും, തൈകളും വിതരണം ചെയ്യുന്നതിനുവേണ്ടി ഒരു നഴ്സറി ആരംഭിക്കുക
18. പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തത നേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക.
19. ഉദ്യാനകൃഷി, കൂൺകൃഷി തുടങ്ങിയവ ആരംഭിക്കുക.
20. കൃഷി അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക. ഉദാഹരണം. പപ്പായയിൽനിന്നും (പപ്പങ്ങ) പപ്പയിൻ, ടൂട്ടിഫ്രൂട്ടി, ജാം തുടങ്ങിയവ നിർമ്മിക്കുന്ന യൂണിറ്റുകൾ.
21. വിദ്യാലയങ്ങളിൽ കാർഷിക ക്ലബ്ബുകൾ സ്ഥാപിക്കുക.
22. സംയോജിത കൃഷി പ്രോത്സാഹിപ്പിക്കുക.

☞

പട്ടിക നാല്

നടീൽവസ്തു വിതരണം.

വർഷം	തെങ്ങ്	കശുമാവ്	കുരുമുളക്	കവുങ്ങ്
1993-94	1550	-	1000	250
1994-95	50	-	2400	178
1995-96	-	240	-	-

(അവലംബം : കൃഷിഭവൻ രേഖ)

പട്ടിക അഞ്ച്

ദുരിതാശ്വാസ വിതരണം

പ്രശ്നബാധിത പ്രദേശത്തിന്റെ വിസ്തീർണ്ണം (ഹെക്ടർ)					
വർഷം	വെള്ളപ്പൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക.
1993-94	150	100	-	35	14,000/-
1994-95	250	150	-	50	21000/-
1995-96	150	160	-	39	24500/-

(അവലംബം : കൃഷിഭവൻ രേഖ)

പട്ടിക ആറ്

രാസവള - കീടനാശിനി വിപണനം

സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
	രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
		ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
സഹകരണം	850 kg	4 ltr	35 kg	1.250 kg	6 itr	53 kg	1650 kg	6.75 ltr	62 kg
സ്വകാര്യം	-	-	-	-	-	-	-	-	

(അവലംബം : കൃഷിഭവൻ രേഖ)

മൃഗസംരക്ഷണം

കൃഷിയും മൃഗസംരക്ഷണവും പരസ്പര ബന്ധിതമാണ്. കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്നവർ കൃഷിയോടൊപ്പം മൃഗപരിപാലനവും നന്നായി നടത്തിയിരുന്നു. കൃഷിയുടെ ഉപോല്പന്നങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും കൂടുതൽ മെച്ചമുണ്ടാകുന്നതിനും അതു സഹായിച്ചു. ഇടക്കാലത്ത് കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞത് മൃഗപരിപാലനത്തെയും പ്രതികൂലമായി ബാധിച്ചു.

പശു, ആട്, കോഴി, താറാവ് എന്നിവയാണ് നമ്മുടെ പഞ്ചായത്തിൽ പ്രധാനമായും വളർത്തപ്പെടുന്നത്. ഇടക്കാലത്ത് ഈ രംഗത്ത് പിന്നോട്ടടി ഉണ്ടായെങ്കിലും, ഇന്ന് സ്ഥിതി അല്പാല്പമായി മെച്ചപ്പെട്ടുവരുന്നു. പാല്, ഇറച്ചി, മുട്ട എന്നിവയുടെ ഉപഭോഗം കൂടിയത് സ്വാഭാവികമായും മൃഗപരിപാലനരംഗത്തേക്ക് കൂടുതലാളുകളെ ആകർഷിക്കുന്നുണ്ട്. പരമ്പരാഗത തീറ്റയുടെ സ്ഥാനത്ത് ശാസ്ത്രീയമായി തയാറാക്കിയിട്ടുള്ള കാലി-കോഴിത്തീറ്റകൾ കൊടുത്ത് ലാഭകരമായി ഇതു നടത്തുവാൻ കർഷകർ താത്പര്യം കാണിക്കുന്നു.

അടുക്കളമുറ്റത്തെ കോഴിവളർത്തൽ (ബാക്ക്യാർഡ്) സിസ്റ്റം മിക്കവീടുകളിലുമുണ്ട്. ഇറച്ചിക്കോഴിവളർത്തൽ രംഗത്ത് ഒരു കുതിച്ചുചാട്ടം നമ്മുടെ പഞ്ചായത്തിൽ ഇടക്കാലത്ത് ഉണ്ടായിട്ടുണ്ട്. .എന്നാൽ പലവിധ പ്രതിസന്ധികൾ മൂലം താത്ക്കാലികമായിട്ടാണെങ്കിലും പല യൂണിറ്റുകളും പ്രവർത്തനം നിർത്തിവയ്ക്കുന്നതായി കാണുന്നു. താറാവു വളർത്തൽ കൂടുതൽ ആദായകരമാണ്. താറാവിൻ മുട്ടയ്ക്ക് ആവശ്യക്കാർ ഏറെയാണ്. നൂറോളം താറാവുകൾ ഉള്ള ചില യൂണിറ്റുകളും അഞ്ചെട്ടു താറാവുകളെ വീതം വളർത്തുന്ന ചില വീടുകളും പഞ്ചായത്തിലുണ്ട്. പന്നികളെ വളർത്തുന്ന മൂന്നു യൂണിറ്റുകൾ ഉണ്ടെങ്കിലും ആവശ്യത്തിന് തീറ്റ ലഭ്യമല്ലാത്തതിനാൽ അവ ഇന്ന് പ്രതിസന്ധിയിലാണ്.

പട്ടിക 1

വളർത്തു മൃഗ സംഖ്യ (96-97)

വാർഡ് നമ്പർ	പശു നാടൻ		പശു സങ്കരം		ആട്	പട്ടി
	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്		
1	10	9	15	7	150	6
2	3	2	25	42	200	4
3	Nil	2	12	42	210	2
4	6	3	9	10	125	6
5	2	5	20	42	185	5
6	3	5	5	8	75	4
7	4	3	22	35	145	2
8	2	2	29	60	67	3
9	1	3	30	21	115	4

(അവലംബം : വാർഡ് സർവ്വേ)

പട്ടിക 2

വളർത്തു പക്ഷി സംഖ്യ (96-97)

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി		താറാവ്	
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	പൂവൻ	പിട
1	30	198	91	39	212
2	30	200	34	39	97
3	22	175	40	20	34
4	74	220	125	27	139
5	41	200	124	39	75
6	14	226	90	82	114
7	33	200	60	107	11
8	48	250	22	44	354
9	29	360	103	23	379

(അവലംബം : വാർഡ് സർവ്വേ)

പട്ടിക 3

രോഗവിവരങ്ങൾ (96-97-1996-00 വരെ) (upto October-1996)

ക്രമ നമ്പർ	രോഗങ്ങൾ	പശു	ആട്	എരുമ	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച
1	ദഹനസംബന്ധമായ Digestive dosorders	125					14	22	
2	ശ്വാസകോസ സംബന്ധം Respiratory diseases	22	35						
3	ഉപാപചയ സംബന്ധം Metabolic diseases	8							
4	തൃക് രോഗങ്ങൾ Skin diseases	9	22						
5	ധാതു ലവണങ്ങളുടെ അഭാവം Deficiency diseases	2							
6.	പരാദ രോഗങ്ങൾ Parasitic diseases	75	35						
7.	പ്രത്യുല്പാദനവുമായി ബന്ധപ്പെട്ടവ Gynacological disordery	5							
8.	വന്ധ്യത Infertility	25							
9.	അകിടുവീക്കം Mastitics	5	6						
10.	മുടന്തൻ പനി Ephemeral fever	5							
11.	പകർച്ച വ്യാധികൾ Contagion diseases	-							

(അവലംബം : മൃഗാശുപത്രി രേഖ)

പട്ടിക 4

പേവിഷ ബാധ പ്രതിരോധവും, ചികിത്സയും (96-97)

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധകുത്തിവെയ്പ് നൽകിയവയുടെ എണ്ണം				32		
കടിയേറ്റതിനുശേഷം കുത്തിവെയ്പ് നടത്തിയ വയുടെ എണ്ണം				Nil		

(അവലംബം : മൃഗാശുപത്രി രേഖ)

പട്ടിക 5

കൃത്രിമ ബീജസങ്കലന വിവരങ്ങൾ (96-97)

വളർത്തുമൃഗം	ആകെ എണ്ണം	കൃത്രിമ ബീജ സങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2 ലധികം തവണ ബീജസങ്കലനം നടത്തിയവ
പശു		206	26
കിടാരി		125	36
എരുമ	-	-	-

(അവലംബം : മൃഗാശുപത്രി രേഖ)

പ്രധാന പ്രശ്നങ്ങൾ:

1. മൃഗസംരക്ഷണരംഗത്തെ ആധുനിക പ്രവണതകളെക്കുറിച്ചുള്ള അജ്ഞത.
2. മൃഗപരിപാലനത്തിൽ താത്പര്യമുള്ളവർക്ക് ആവശ്യമായ വായ്പ-സാങ്കേതിക സഹായങ്ങൾ ലഭിക്കുവാനുള്ള ബുദ്ധിമുട്ട്.
3. പുല്ല്, വൈക്കോൽ തുടങ്ങിയ തീറ്റകളുടെ ക്ഷാമവും, വിലവർദ്ധനവും.
4. മൃഗാശുപത്രിയുടെ പ്രവർത്തനത്തിലുള്ള പരിമിതി.
5. ആടുമാടുകൾക്കും, കോഴികൾക്കും വരുന്ന രോഗങ്ങൾ കർഷകരെ പിന്തിരിപിക്കുന്നു.
6. ഉല്പന്നങ്ങളുടെ വിപണന പ്രശ്നങ്ങൾ.

നിർദ്ദേശങ്ങൾ:

ഒന്ന്: മൃഗസംരക്ഷണരംഗത്ത് തൊഴിൽ സാദ്ധ്യത ഏറെയാണ്. ആവശ്യമായ സഹായങ്ങൾ നല്കിയാൽ ആരംഭിക്കാവുന്ന ചില യൂണിറ്റുകളെക്കുറിച്ച് ചുവടെ കൊടുത്തിരിക്കുന്നു.

എ) പശുവളർത്തൽ

അത്യുൽപാദനശേഷിയുള്ള സങ്കരയിനം പശുക്കൾ ഇന്ന് ലഭ്യമാണ്. അവയെ ശാസ്ത്രീയമായി പരിപാലിക്കുന്നത് ആദായകരമാണ്. രണ്ടിലധികം പശുക്കളെ വളർത്തുന്ന യൂണിറ്റുകൾ ആരംഭിക്കുക അതോടൊപ്പം ഗോബർ ഗ്യാസ് പ്ലാൻറുകളും സ്ഥാപിക്കുക.

ബി) ക്ഷീരോല്പന്ന നിർമ്മാണയൂണിറ്റ്

ഉല്പാദിപ്പിക്കപ്പെടുന്ന പാല് പ്രാദേശികമായി ശേഖരിച്ച് പാൽ പേഡ, പനീർ, ചോക്ലേറ്റ് തുടങ്ങിയ ക്ഷീരോല്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നത് ഏറെ തൊഴിലവസരങ്ങൾ നല്കും.

സി) ക്ഷീരവിപണനകേന്ദ്രം

പഞ്ചായത്തിൻെറ പ്രധാന കേന്ദ്രങ്ങളിൽ ക്ഷീര വിപണന കേന്ദ്രങ്ങൾ തുടങ്ങുക. ആവശ്യക്കാരെ യഥാസമയം ഉല്പന്നങ്ങൾ ലഭ്യമായാൽ ഉപഭോഗം വർദ്ധിക്കും.

ഡി) ആടുവളർത്തൽ

വീടുകളിൽ രണ്ടോമൂന്നോ ആടുകളെ വളർത്തുന്നതോടൊപ്പം തന്നെ ഇറച്ചിക്കുവേണ്ടി പത്തോ, അതിലധികമോ ആടുകളുള്ള യൂണിറ്റുകൾ തുടങ്ങുന്നത് ആദായകരമാണ്. ആട്ടിൻതീറ്റ മാർക്കറ്റിൽ ലഭ്യമാണ്.

ഇ) കോഴിവളർത്തൽ

പഞ്ചായത്തിലെ മുഴുവൻ വീടുകളിലും, മുട്ടക്കോഴി വളർത്തുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കുക. നിലവിലുള്ള ഇറച്ചിക്കോഴി വളർത്തൽ യൂണിറ്റുകൾക്ക് ആവശ്യമായ സഹായങ്ങൾ നല്കുകയും പുതിയവ തുടങ്ങുകയും ചെയ്യുക.

എഫ്) താറാവ് വളർത്തൽ

നമ്മുടെ പഞ്ചായത്തിൻെറ ഭൂ പ്രകൃതി ഇതിനനുയോജ്യമാണ്. ആവശ്യമായ പ്രോത്സാഹനങ്ങൾ നല്കുക.

ജി) മുയൽ, കാട, അലങ്കാരപക്ഷികൾ, അക്വേറിയം

വളരെ കുറഞ്ഞ സ്ഥലത്ത് ആദായകരമായി നടത്താവുന്നവയാണ് ഈ യൂണിറ്റുകൾ. വിപണന സൗകര്യം ഒരുക്കണം. വിദ്യാർത്ഥികൾക്ക് ഈ രംഗത്ത് പ്രോത്സാഹനം നല്കിയാൽ അവരിൽ കാർഷിക ആഭിമുഖ്യം വളർത്താൻ കഴിയും.

രണ്ട്: മൃഗാശുപത്രിയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തുക. വിദഗ്ദ്ധരേയും, സന്നദ്ധപ്രവർത്തകരെയും ഉൾപ്പെടുത്തി മൃഗസംരക്ഷണ സമിതി രൂപീകരിച്ച് മൃഗാശുപത്രിയുടെ സഹായത്തോടെ വികസന പ്രവർത്തനങ്ങളും ബോധവത്ക്കരണവും നടത്തുക.

മൂന്ന്: ശാസ്ത്രീയമായി മൃഗങ്ങളെ കശാപ്പു ചെയ്യുന്നതിനും, ഇറച്ചി കേടുകൂടാതെ സൂക്ഷിക്കുന്നതിനും ഉള്ള സംവിധാനം ഏർപ്പെടുത്തുക. വിപണന കേന്ദ്രം ആരംഭിക്കുക.

നാല്: കർഷകർക്ക്, തീറ്റ, മരുന്ന് തുടങ്ങിയവ ന്യായ വിലയ്ക്ക് ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

അഞ്ച്: മൃഗസംരക്ഷണ പ്രദർശന, വിപണന മേള സംഘടിപ്പിക്കുക. മികച്ച കർഷകരെ തെരഞ്ഞെടുത്ത് പ്രോത്സാഹനം നല്കുക.

ആറ്: സ്കൂളുകളിൽ മൃഗസംരക്ഷണ ക്ലബുകൾ ആരംഭിക്കുക. മൃഗാശുപത്രിക്ക് ആവശ്യമായ സ്ഥലവും, കെട്ടിടവും, ലഭ്യമാക്കുക.

എല്ലാവരുടെയും അത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലതാനും.

മഹാത്മാ ഗാന്ധി.



മത്സ്യബന്ധനം

അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് വേമ്പനാട്ട് കായലിനാൽ ചുറ്റപ്പെട്ട് കിടക്കുന്നു. വടക്ക് ഭാഗത്തുള്ള കായലിന് കൈതപ്പുഴ കായൽ എന്നും പറയുന്നു. ഈ കായലുകൾക്ക് ആകെ 637.24 ഹെക്ടർ വിസ്തീർണ്ണം ഉണ്ട്. 4.75 ഹെക്ടർ തോടുകളും 380 കുളങ്ങളും ചേർന്നതാണിവിടത്തെ ജലാശയം. പ്രധാനമായും കായലുകളിലാണ് മത്സ്യബന്ധനം നടത്തുന്നത്. തോടുകളും കരിനിലങ്ങളും വാറ്റി മത്സ്യം പിടിക്കുന്നു. ഒരോ വർഷവും മത്സ്യ ഉല്പാദനക്ഷമത കുറഞ്ഞ് വരികയാണ്. വലയും വളളവും നിറയെ മത്സ്യം ലഭിച്ചിരുന്ന കാലം ഓർമ്മകളായി ശേഷിക്കുന്നു. ആധുനിക മത്സ്യബന്ധന രീതികളും, വിദേശട്രോളറുകളുടെ വരവും ഉംനാടൻ മത്സ്യബന്ധനത്തെപ്പോലും ഹാനികരമാക്കുന്നു.

പളളിപ്പുറം, തൈക്കാട്ടുശ്ശേരി, പാണാവളളി, ഉദയംപേരൂർ, ചെമ്പ്, വൈക്കം എന്നീ സമീപ പ്രദേശങ്ങളിൽ നിന്നും മത്സ്യത്തൊഴിലാളികൾ ഇവിടെവന്ന് മത്സ്യബന്ധനം നടത്തുന്നുണ്ട്. കൊല്ലം ജില്ലയിൽനിന്ന് ഏതാനും തൊഴിലാളികൾ രാത്രികാലങ്ങളിൽ ഇവിടെവന്ന് അടക്കംകൊല്ലിവല ഉപയോഗിച്ച് മത്സ്യം പിടിക്കാറുണ്ട്. നവംബർ മുതൽ മെയ് വരെയുളള കാലയളവിൽ ഓരു ജലവും ജൂൺ മുതൽ ഒക്ടോബർ വരെ ശുദ്ധജലവുമാണ് ഈ കായലിൽ. ഊന്നിവല ഉപയോഗിച്ചുളള മത്സ്യബന്ധനമാണ് ഈ പ്രദേശത്ത് പ്രധാനമായും നടത്തുന്നത്. കൂടാതെ ചീനവല, ഒഴുക്കുവല, കോരുവല, വീശുവല എന്നിവ ഉപയോഗിച്ചും ചൂണ്ടയിട്ടും മത്സ്യം പിടിച്ചു വരുന്നു.

ചെമ്മീനാണ് ഈ പ്രദേശത്ത് കൂടുതൽ ലഭിക്കുന്നത്. കൊഞ്ച്, കാര, ചൂടൻ, നാരൻ, കൂനത്തെളളി എന്നിവ ലഭിക്കുന്നു. കൂടാതെ കട്ല, കരിമീൻ, കണമ്പ്, മുളളൻ, ഇലച്ചിൽ, ഒറത്തൽ, മുതലായ മത്സ്യങ്ങളും ഇറച്ചികക്കയും ഞണ്ടും ലഭ്യമാണ്.

പട്ടിക 1

മത്സ്യ ബന്ധന ഉപകരണങ്ങൾ

ഉപകരണങ്ങൾ	എണ്ണം
ഊന്നിവല ലൈസൻസുളളത്	351
ഊന്നി ലൈസൻസില്ലാത്തത്	764
ചീനവല ലൈസൻസുളളത്	21
ചീനവല ലൈസൻസില്ലാത്തത്	26
ഒഴുക്കുവല	83
വീശുവല	130
കോരുവല	14
ചൂണ്ട	26

പട്ടിക 2

ഓരോ കാലത്തും കിട്ടുന്ന മത്സ്യങ്ങൾ

മാസം	ഇനം
ജനുവരി മുതൽ മെയ് വരെ	തെളളി, ചൂടൻ, നാരൻ, കണമ്പ്, മുളളൻ, ഞണ്ട്
ജൂൺ മുതൽ ആഗസ്റ്റ് വരെ	കട്ല, കരിമീൻ, ഒറത്തൽ, ഇലച്ചിൽ
സെപ്തംബർ, ഒക്ടോബർ	തെളളി
നവംബർ, ഡിസംബർ	തെളളി

പട്ടിക 3

ലഭിക്കുന്ന മത്സ്യത്തിന്റെ കണക്ക്

ക്രമ നമ്പർ	ഇനം	അളവ് Kg
1	കൊഞ്ച്	1765
2	കാര	540
3	നാരൻ	8650
4	ചൂടൻ	18,650
5	കൂന	9.270
6	തെളളി	1,11000
7	ഞണ്ട്	
8	കട്ല	1150
9	കരിമീൻ	560
10	കൂരി	2450
12	എലച്ചി	1330
13	മുളളൻ	4850

അരൂക്കുറ്റി ഗ്രാമപഞ്ചായത്തിൽ മത്സ്യബന്ധനം ഇന്ന് സജീവമായിട്ടുള്ള തൊഴിൽ മേഖലയാണ്. കൈത്തൊഴിൽ കഴിഞ്ഞാൽ ഏറ്റവും അധികം ആളുകൾ ഈ മേഖലയിലാണ് പണിയെടുക്കുന്നത്. മത്സ്യ ബന്ധനത്തിന് അനുബന്ധമായ വിപണനം, സംസ്ക്കരണം, എന്നീ ജോലികളും നടക്കുന്നു. നിലവിൽ 1074 ഉൾനാടൻ മത്സ്യത്തൊഴിലാളികളും 89 വിപണനത്തൊഴിലാളികളും 2445 സംസ്ക്കരണത്തൊഴിലാളികളും ഈ മേഖലയിൽ തൊഴിൽ ചെയ്തുവരുന്നു. പഞ്ചായത്തിൽ എല്ലാ വാർഡുകളിലുമായി 378 മത്സ്യത്തൊഴിലാളി കുടുംബങ്ങളാണ് ഉള്ളത്. 85% പേരും വാസയോഗ്യമായ വീടുകളിലും ശേഷിക്കുന്നവർ കുടിലുകളിലുമായി താമസിക്കുന്നു. ഈ മേഖലയിൽ വിദ്യാഭ്യാസ നിലവാരം മറ്റ് വിഭാഗങ്ങളെ അപേക്ഷിച്ച് പിന്നോക്കാവസ്ഥയിലാണ്. മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായി 265 പേർ മാത്രമാണ് ഉള്ളത്. 83 പേർക്ക് മത്സ്യത്തൊഴിലാളി പെൻഷൻ ലഭിക്കുന്നുണ്ട്. 351 കുട്ടികൾക്ക് ലംസം ഗ്രാൻറ് ലഭിക്കുന്നുണ്ട്. 31 കുട്ടികൾക്ക് മത്സ്യത്തൊഴിലാളി സ്കോളർഷിപ്പും ലഭിക്കുന്നുണ്ട്.

ഈ മേഖലയിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. അനുയോജ്യമായ നടപ്പാതയോ ഗതാഗത സൗകര്യമോ ഇല്ല. ഭൂരിപക്ഷം വീടുകളും കക്കൂസുകൾ ഇല്ലാത്തവ യാണ്.

ചെമ്മീൻ, ഞണ്ട്, ഇവയുടെ സംസ്ക്കരണത്തിനും, വിപണനത്തിനും ഈ പ്രദേശം വളരെ അനുയോജ്യമാണ്. ഈ രംഗത്തുണ്ടായ വ്യവസായിക അഭിവൃദ്ധി മുൻകാല ങ്ങളിൽ നിന്നും വ്യത്യസ്തമായി മത്സ്യത്തൊഴിലാ ളികൾക്ക് ജീവിത പുരോഗതിയുണ്ടാക്കിയിട്ടുണ്ട്. ജൂൺ-ജൂലൈ, നവംബർ-ഡിസംബർ എന്നീ മാസങ്ങളിൽ കാര്യമായ മത്സ്യബന്ധനം നടക്കാത്തതുമൂലവും വ്യവസായ മേഖലയിൽ ഇടത്തര-വൻകിടക്കാരുടെ ചൂഷണം മൂലവും ഉല്പന്നങ്ങൾക്ക് അർഹിക്കുന്ന വില ലഭിക്കാത്തതും ഈ വിഭാഗത്തിന് വളരെ ബുദ്ധിമുട്ട് അനുഭവിക്കേണ്ടി വരുന്നു. ഈ പഞ്ചായത്തിലെ മത്സ്യത്തൊഴിലാളി ക്ഷേമത്തിന് അത്യന്താപേക്ഷിതമായ മത്സ്യോല്പാദക സഹകരണസംഘം ഇന്ന് നിശ്ചലാവ സ്ഥയിലാണ്.

ഒരുപ്പൂകൃഷിയുള്ള കരിനിലങ്ങളിൽ മത്സ്യം വളർത്തുകയും, ശുദ്ധജല മത്സ്യകൃഷിക്ക് അനുയോ ജ്യമായ കുളങ്ങളിൽ മത്സ്യം വളർത്തുകയും മത്സ്യ ഉല്പാദനരംഗത്ത് വൻ മുന്നേറ്റം ഉണ്ടാക്കാൻ സാധിക്കും.

ഈ രംഗത്തെ പ്രധാന പ്രശ്നങ്ങളും അവയ്ക്കുള്ള നിർദ്ദേശങ്ങളും താഴെ കൊടുക്കുന്നു.

പ്രധാന പ്രശ്നങ്ങൾ:

- വർഷംതോറും ഉല്പാദന ക്ഷമതയിൽ ഉണ്ടാകുന്ന കുറവ്
- മത്സ്യ മാർക്കറ്റിന്റെ അഭാവം
- ചെമ്മീൻ, മീൻ എന്നിവയ്ക്ക് ന്യായ വില ലഭ്യമല്ല
- മത്സ്യകൃഷിക്ക് ആവശ്യമായ പ്രോത്സാഹനമില്ലായ്മ
- മത്സ്യത്തൊഴിലാളി സഹകരണസംഘത്തിന്റെ അഭാവം.
- വെള്ളൂർ ന്യൂസ് പ്രിൻറ്, മാക്ഡവൽ എന്നീ കമ്പനി കളിൽ നിന്നും ചെമ്മീൻ സംസ്ക്കരണശാലകളിൽ നിന്നും പുറത്തേയ്ക്ക് വിടുന്ന മലിനജലം, പാടങ്ങളിൽ നിന്നും വിടുന്ന ആഫ്രിക്കൻ പായൽ എന്നിവ ഈ രംഗത്ത് ദോഷകരമായി ബാധിക്കുന്നു.
- കാലവർഷക്കെടുതിമൂലം മത്സ്യബന്ധന ഉപകരണ ങ്ങളുടെ നഷ്ടപ്പെടൽ
- നിലവിലുള്ള മത്സ്യത്തൊഴിലാളി ക്ഷേമനിധി നിയമത്തിലെ അപാകതകൾ മൂലം മുഴുവൻ മത്സ്യത്തൊഴിലാളികൾക്കും അംഗങ്ങളാകാൻ കഴിയുന്നില്ല.
- ശുദ്ധജലത്തിന്റെ അഭാവവും ആവശ്യം വേണ്ട ഗതാഗതസൗകര്യങ്ങളുടെ പോരായ്മയും
- സംസ്ക്കരണത്തൊഴിലാളികളുടെ സംരക്ഷണത്തി നാവശ്യമായ തൊഴിൽ നിയമങ്ങളുടെ അഭാവം.

നിർദ്ദേശങ്ങൾ:

1. ഉല്പാദനക്ഷമത ഉയർത്തുന്നതിനാവശ്യമായ ശാസ്ത്ര-സാങ്കേതിക സംവിധാനം ഏർപ്പെടുത്തുക
2. മത്സ്യകൃഷിക്കാവശ്യമായ പ്രോത്സാഹനം നല്കുക
3. ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് പൊതുശൃംഖല രൂപപ്പെടുത്തുകയും ചെമ്മീൻ, മീൻ, എന്നിവയ്ക്ക് ന്യായമായ വില ലഭിക്കുന്നതിന് വേണ്ട സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
4. ആഭ്യന്തര വിപണി ശക്തിപ്പെടുത്തുക.
5. ശാസ്ത്രീയമായ രീതിയിൽ മത്സ്യം ഉണക്കൽ, മത്സ്യം ഉപയോഗിച്ച് അച്ചാർ, കട്ലെറ്റ്, എന്നിവ ഉണ്ടാക്കുന്ന വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക.
6. മത്സ്യ മാർക്കറ്റ് സ്ഥാപിക്കുക
7. ഫാക്ടറികളിൽ നിന്നും മത്സ്യ സംസ്ക്കരണശാല കളിൽനിന്നും പുറത്തേയ്ക്ക് വിടുന്ന മലിനജലം ശുദ്ധീകരിച്ച് വിടുക.
8. ആഫ്രിക്കൻ പായൽ പാടശേഖരങ്ങളിൽ വച്ചുതന്നെ നശിപ്പിക്കുക
9. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സഹായം നല്കുകയും അവയ്ക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുകയും ചെയ്യുക.
10. കടലോര മത്സ്യത്തൊഴിലാളിക്ക് നൽകുന്ന ക്ഷേമ നിധി ആനുകൂല്യങ്ങൾ കായലോര മത്സ്യത്തൊഴി ലാളിക്കും നല്കുക.
11. എല്ലാ മത്സ്യത്തൊഴിലാളികൾക്കും അംഗമാകത്തക്ക രീതിയിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി നിയമം ഭേദഗതി ചെയ്യുക
12. ഒന്ന്, രണ്ട്, മൂന്ന് എന്നി വാർഡുകളിലെ ആഴം കുറഞ്ഞ കായൽ പുറം പോക്ക് ചിറകെട്ടി സംരക്ഷിച്ച് മത്സ്യകൃഷിക്ക് ഉപയുക്തമാക്കുക.
13. മത്സ്യത്തൊഴിലാളി പെൻഷൻ, പഞ്ചായത്ത് മുഖേന വിതരണം ചെയ്യുക.

വ്യവസായം

നമ്മുടെ ഈ കാർഷിക ഗ്രാമത്തിന് അതിന്റെതായ ഒരു വ്യവസായ ചരിത്രമുണ്ട്. ആദ്യകാലഘട്ടത്തിൽ കയർ, എണ്ണയാട്ട്, കളള് എന്നിവയായിരുന്നു വ്യവസായങ്ങൾ. കയർ, എണ്ണയാട്ട് വ്യവസായങ്ങളിൽ മുഖ്യമായും മനുഷ്യാധ്വാനമാണ് ഉപയോഗിച്ചിരുന്നത്. എണ്ണയാട്ട് വ്യവസായത്തിൽ തേങ്ങ കൂടാതെ, പുന്നയ്ക്ക, കരിങ്ങാട്ടകുരു, ഓടത്തിൻകുരു എന്നിവയിൽ നിന്നുമുള്ള എണ്ണയാട്ടും ഉൾപ്പെട്ടിരുന്നു. ആധുനിക യന്ത്രോപകരണങ്ങളുടെ ആഭിർഭാവത്തോടെ മരച്ചക്ക് ഉപയോഗിച്ചുള്ള ആട്ട് അവസാനിക്കുകയും ഈ വ്യവസായം ഏതാനും ചില വ്യക്തികളുടെ കുത്തകയായിത്തീരുകയും ചെയ്തു. ഈ അടുത്ത കാലത്ത് ചെമ്മീൻ സംസ്ക്കരണ വ്യവസായം വളർന്നുവന്നു. അതോടെ കയർ വ്യവസായത്തിന്റെ പ്രതാപം അസ്തമിക്കുകയും കയർ വ്യവസായത്തിൽ തൊഴിൽ കണ്ടെത്തിയിരുന്നവർ ചെമ്മീൻ വ്യവസായ മേഖലയിലേക്ക് നീങ്ങുകയും എണ്ണയാട്ട് വ്യവസായം നാമാവശേഷമാവുകയും ചെയ്തു. ഇത് ഒരു വൻമാറ്റമാണ് നമ്മുടെ സമൂഹത്തിലുണ്ടാക്കിയത്. ഇന്നു നമ്മുടെ ഗ്രാമങ്ങളിൽ നിലനില്ക്കുന്ന പ്രധാന ചെറുകിട കുടിൽ വ്യവസായങ്ങളുടെ പട്ടിക താഴെ ചേർത്തിരിക്കുന്നു.

പട്ടിക 1

ഇന്നു നമ്മുടെ ഗ്രാമത്തിൽ നിലനില്ക്കുന്ന പ്രധാന ചെറുകിട കുടിൽവ്യവസായങ്ങളുടെ പട്ടിക.

വാർഡ്	I	II	III	IV	V	VI	VII	VIII	IX
1. മത്സ്യ സംസ്കരണം	6	14	5	4	–	2	2	–	1
2. കയർവ്യവസായം	–	–	2	–	–	–	–	–	–
3. ഐസ് ഉല്പാദനം	2	1	1	–	–	–	1	–	–
4. ക്ഷീരോല്പന്ന നിർമ്മാണം	1	–	–	–	–	1	–	–	–
5. സോമിൽ	1	–	–	–	–	–	–	–	–
6. ധാന്യപ്പൊടി ഉല്പാദനം	–	–	–	1	1	1	–	–	–
7. പലഹാരനിർമ്മാണം	–	–	–	1	–	–	–	–	2
8. സോപ്പ് നിർമ്മാണം	–	–	1	–	–	–	–	–	1
9. ബാഗ് നിർമ്മാണം	1	–	2	2	4	–	–	–	1
10. എഞ്ചിനീയറിങ്ങ്	2	–	–	–	1	–	1	–	–
11. ഫർണിച്ചർ നിർമ്മാണം	–	2	–	1	1	1	2	–	2
12. പ്രിന്ററിങ്ങ് പ്രസ്	–	1	–	–	–	–	–	–	1
13. പപ്പട നിർമ്മാണം	–	–	–	–	–	1	1	–	1
14. സോഡാ ഫാക്ടറി	1	1	1	–	–	–	–	–	–
15. കോഴിവളർത്തൽ	–	–	2	2	1	–	–	3	3
16. കക്ക നീറ്റ്	–	–	–	1	–	–	1	–	1
17. റെഡിമെയ്ഡ്	1	1	1	–	–	1	1	–	1
18. റബ്ബർ ബുഷ് നിർമ്മാണം	–	1	–	–	–	–	–	–	–

മത്സ്യ സംസ്ക്കരണ മേഖലയിലാണ് ഇന്ന് ഏറ്റവും കൂടുതൽ തൊഴിലാളികളും ജോലിചെയ്യുന്നത്. തൊഴിലെടുക്കുന്ന വനിതകളിൽ ഭൂരിഭാഗവും ഈ മേഖലയിലാണ്. അസ്ഥിരതയാണ് ഈ മേഖലയിലെ മുഖമുദ്ര. മത്സ്യസംസ്ക്കരണ വ്യവസായം നമ്മുടെ സാമ്പത്തിക രംഗത്ത് വളരെയധികം സ്വാധീനം ചെലുത്തുന്നുണ്ടെങ്കിലും തൊഴിലാളികളും അസംഘടിതരും, വൻതോതിലുള്ള ചൂഷണത്തിന് വിധേയരുമാണ്. ചെമ്മീൻ പൊളിച്ച് സമീപ പ്രദേശങ്ങളിലെ സംസ്ക്കരണശാലയിലേക്ക് കൊണ്ടുപോകുന്നതല്ലാതെ ഈ ഗ്രാമത്തിൽ ഒരു മത്സ്യസംസ്ക്കരണ-കയറ്റുമതി സ്ഥാപനം പോലും ഇല്ലെന്നു കാണുന്നു.

കയർ വ്യവസായം ആധുനികവത്ക്കരിക്കുകയും കയറുല്പന്നങ്ങളുടെ ആഭ്യന്തര ഉപഭോഗം, കയറ്റുമതി ലക്ഷ്യമാക്കിക്കൊണ്ട് കാര്യക്ഷമത എന്നിവ വർദ്ധിപ്പിക്കുകയും ചെയ്താൽ മാത്രമേ ഈ വ്യവസായത്തിന് ഭാവിയുള്ളൂ. കുറഞ്ഞ വേതനവും കയറ്റുമതി സാദ്ധ്യതയെപ്പറ്റിയുള്ള അജ്ഞതയും ആധുനികവത്ക്കരണത്തിന്റെ അഭാവവും ഈ രംഗത്തുനിന്നും തൊഴിലാളികളുടെ ഒഴിഞ്ഞുപോക്കിന് കാരണമാകുന്നു. കയർ വ്യവസായത്തെ പരിപോഷിപ്പിച്ചാൽ തൊഴിലില്ലായ്മക്ക് അത് ഒരു പരിധിവരെ ആശ്വാസം നല്കും.

അടുത്തകാലത്ത് ചില ചെറുകിട കുടിൽ വ്യവസായങ്ങളും പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ആരംഭിച്ചിട്ടുണ്ട്. ബാഗു നിർമ്മാണ യൂണിറ്റുകളാണ് അവയിലേറെയും. ക്ഷീരോല്പന്ന നിർമ്മാണം, ധാന്യപ്പൊടികളുടെയും,

പട്ടിക 2

വിവിധ വ്യവസായങ്ങളിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സ്ഥിതിവിവരകണക്ക്

ക്രമ നമ്പർ	വ്യവസായം	തൊഴിലാളികളുടെ എണ്ണം
1.	മത്സ്യ സംസ്കരണം	2445
2.	കയർവ്യവസായം	10
3.	ഐസ് ഉത്പാദനം	9
4.	ക്ഷീരോത്പന്ന നിർമ്മാണം	3
5.	സോമിൽ	4
6.	ധാന്യപ്പൊടി ഉല്പാദനം	9
7.	പലഹാരനിർമ്മാണം	12
8.	സോപ്പ് നിർമ്മാണം	6
9.	ബാഗ് നിർമ്മാണം	30
10.	എഞ്ചിനീയറിങ്ങ്	12
11.	ഫർണിച്ചർ നിർമ്മാണം	27
12.	പ്രിൻറിങ്ങ് പ്രസ്	6
13.	പപ്പട നിർമ്മാണം	11
14.	സോഡാ ഫാക്ടറി	7
15.	കോഴിവളർത്തൽ	15
16.	കക്ക നീറ്റ്	3
17.	റെഡിമെയ്ഡ്	18
18.	റബ്ബർ ബുഷ് നിർമ്മാണം	2

കറിപ്പൊടികളുടെയും ഉല്പാദനം എന്നിവ നടത്തുന്ന യൂണിറ്റുകളും കണ്ടുവരുന്നു.

ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തതയും വൈദ്യുതിയുടെ പോരായ്മയും മൂലധനനിക്ഷേപത്തിന്റെ കുറവും പ്രത്യുല്പാദനപരമല്ലാത്ത മേഖലകളിലെ മുതൽമുടക്കും നമ്മുടെ ഗ്രാമത്തിന്റെ വ്യവസായിക പുരോഗതിക്ക് തടസ്സമായി നില്ക്കുന്നു. അരൂക്കുറ്റി-അരൂർ പാലത്തിന്റെ പൂർത്തീകരണം നമ്മുടെ ഗ്രാമത്തിന്റെ വ്യവസായ വത്ക്കരണത്തെ ത്വരിതപ്പെടുത്തുകയും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യും.

കൃഷിയെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളും ഖാദി-ഗ്രാമവ്യവസായ യൂണിറ്റുകളും ആരംഭിക്കുന്നത് തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുകയും നാടിന്റെ പുരോഗതിയെ സഹായിക്കുകയും ചെയ്യും.

വ്യവസായ രംഗം
നേരിടുന്ന പ്രധാന പ്രശ്നങ്ങൾ:

- ഏറ്റവും കൂടുതൽ ആളുകൾജോലിചെയ്യുന്ന മത്സ്യ സംസ്ക്കരണ മേഖലയിൽ ഒരു കയറ്റുമതി സ്ഥാപനം (ഫാക്ടറി) പോലും നമ്മുടെ ഗ്രാമത്തിൽ ഇല്ല. ഈ മേഖലയിലെ തൊഴിലാളികൾ അസംഘടിതരും ചൂഷിതരും ആണ്. പീലിംഗ് ഷെഡ്ഡുകളിൽ നിന്നും പുറംതള്ളുന്ന മലിനജലം സമീപജലാശയങ്ങളെ മലിനമാക്കുകയും ശുദ്ധജല ലഭ്യതയെപോലും തകരാറിലാക്കുകയും ചെയ്യുന്നു.

- പരമ്പരാഗത വ്യവസായമായ കയർ വ്യവസായം തകർച്ചയിലാണ്. തൊണ്ടു ചകിരിയാക്കുന്നതിനുള്ള ഒരു മില്ലു പോലും ഈ ഗ്രാമത്തിൽ നിലവിലില്ല.

- ചെറുകിട കുടിൽ വ്യവസായങ്ങൾ ആരംഭിച്ച് തൊഴിൽ കണ്ടെത്താനാഗ്രഹമുള്ള നിരവധി ചെറുപ്പക്കാർ ഈ ഗ്രാമത്തിൽ ഉണ്ടെങ്കിലും മുതൽമുടക്കിനാവശ്യമായ പണത്തിന്റെ അഭാവവും നമ്മുടെ ഗ്രാമത്തിലെ പൊതുമേഖലാ ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കുറഞ്ഞ പലിശനിരക്കിൽ വായ്പകൾ ലഭിക്കുന്നതിനുള്ള പ്രയാസങ്ങളും നടപടിക്രമങ്ങളിലെ നൂലാമാലകളും അവരെ പിന്തിരിപ്പിക്കുന്നു. വായ്പ എടുക്കുന്ന പലർക്കും അത് കൃത്യമായി തിരിച്ചടക്കുവാനും കഴിയുന്നില്ല.

- വ്യവസായ സംരഭകർക്കാവശ്യമായ സാങ്കേതിക പരിശീലനവും മാർഗനിർദ്ദേശങ്ങളും ലഭിക്കുന്നതിനുള്ള സൗകര്യം കുറവാണ്.

- വൈദ്യുത രംഗത്തെ പോരായ്മകൾ വ്യവസായ വത്ക്കരണത്തെ പ്രതികൂലമായി ബാധിക്കുന്നു.

നിർദ്ദേശങ്ങൾ:

- കൂടുതൽ വ്യവസായ സംരംഭങ്ങൾ ഉണ്ടാകുവാൻ സഹായകരമായ വിധത്തിൽ ഒരു വ്യവസായ സമിതി രൂപീകരിക്കേണ്ടതാണ്. ജനപ്രതിനിധികളെയും സംരംഭക പ്രതിനിധികളെയും വിദഗ്ദ്ധരേയും ഈ സമിതിയിൽ ഉൾപ്പെടുത്തണം.

- അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുവാൻ പ്രയാസമാകയാൽ കുറഞ്ഞ അടിസ്ഥാന സൗകര്യങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ കുടുംബങ്ങളെ പങ്കെടുപ്പിക്കാവുന്ന 'ഔട്ട്വർക്കർ പ്രൊഡക്ഷൻ സിസ്റ്റം' അനുസരിച്ചുള്ള ഏതാനും വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

- ഇവിടെ സുലഭമായി ലഭിക്കുന്ന കക്ക ഉപയോഗിച്ചുള്ള ഒരു നൂതന വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- അഭിരുചിയും, വൈദഗ്ദ്ധ്യവും ഉള്ള വ്യവസായ സംരംഭകരെ കണ്ടുപിടിക്കുവാനും, പ്രോത്സാഹിപ്പിക്കുവാനും പര്യാപ്തമായ വിധത്തിൽ ഒരു സ്വയംതൊഴിൽ എക്സ്ചേഞ്ച് രൂപീകരിക്കാവുന്നതാണ്.

- വൈദ്യുതി, ഗതാഗതം, ജലം മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ട് ഒരു മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കാവുന്നതാണ്.

- നഗരവുമായി അടുത്തു സ്ഥിതിചെയ്യുന്ന ഒരു ഗ്രാമമെന്ന നിലയിൽ ഓർക്കിഡ്, ആന്തൂറിയം മുതലായ അലങ്കാര സസ്യങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങളും, തേങ്ങ, അടയ്ക്ക തുടങ്ങിയ കാർഷികോല്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായങ്ങളും തുടങ്ങാവുന്നതാണ്.

- ഖാദി-ഗ്രാമവ്യവസായ ബോർഡ് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളുടെ പങ്കാളിത്തം, വ്യവസായ മേഖലയിൽ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

- കയർ വ്യവസായം യന്ത്രവത്ക്കരിക്കുകയും, ആവശ്യമായ സഹായങ്ങൾ നല്കുകയും വേണം.

വിദ്യാഭ്യാസം

പഴയ തിരുവിതാംകൂറിന്റെ അതിർത്തി ഗ്രാമമായ അരൂക്കുറ്റിയിൽ കേവലം ചില കുടിപ്പള്ളിക്കൂടങ്ങളിൽ ഒതുങ്ങുന്നതായിരുന്നു പഴയ കാലഘട്ടത്തിലെ വിദ്യാഭ്യാസ മേഖല.

രാജഭരണത്തിന്റെ പ്രതാപകാലത്ത് ഉദ്യോഗസ്ഥൻമാരായി അനവധിയാളുകൾ ഇവിടെ സേവനമനുഷ്ഠിക്കാൻ എത്തിയിരുന്നു. അവരുടെ കുട്ടികളുടെ വിദ്യാഭ്യാസ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടാണ് അരൂക്കുറ്റിയിൽ ആദ്യമായി ഒരു പ്രാഥമിക വിദ്യാലയം ആരംഭിച്ചത്.

1890 കളുടെ അവസാനത്തോടെയാണ് ഈ ഗ്രാമത്തിലെ ആദ്യത്തെ വിദ്യാലയം എന്നവകാശപ്പെടാവുന്ന അരൂക്കുറ്റി ഗവൺമെൻറ് എലിമെൻററി സ്കൂൾ സ്ഥാപിതമായത്. അടുത്തുള്ള അരൂർ, പാണാവള്ളി എന്നീ ഗ്രാമങ്ങളിൽ നിന്നുള്ളവരും ഈ വിദ്യാലയത്തിൽ നിന്നാണ് പ്രാഥമിക വിദ്യാഭ്യാസം നേടിയിരുന്നത്. നൂറു വർഷങ്ങൾക്കു മുമ്പേ വിദ്യാഭ്യാസ രംഗത്ത് കാൽവയ്ക്കാൻ കഴിഞ്ഞ നമ്മുടെ പഞ്ചായത്തിന് ആ ചുവടു പിടിച്ച് മുന്നേറാൻ കഴിഞ്ഞില്ല എന്നത് പരിതാപകരമാണ്. ഗ്രാമത്തിലെ ഒരു ചെറിയ വിഭാഗത്തിനുമാത്രമേ, വിദ്യാഭ്യാസം ചെയ്യാൻ സാധിച്ചിരുന്നുള്ളൂ. 1914 ൽ ഈ എലിമെൻററി സ്കൂൾ വെർണാക്കുലർ മിഡിൽ സ്കൂളായി ഉയർന്നു. വിദ്യാഭ്യാസത്തോടുള്ള താത്പര്യം കൂടിവരുന്ന അനുഭവമാണ് തുടർന്നുകാണുവാൻ കഴിഞ്ഞത്. മുസ്ലിം സമുദായാംഗങ്ങൾ കൂടുതലുള്ള മറ്റത്തിൽഭാഗം കേന്ദ്രമാക്കി ഒരു സ്കൂൾ ആരംഭിക്കുന്നതിനു മുമ്പിൽ നിന്നും പ്രവർത്തിച്ച സ്മരണീയരായ വ്യക്തികളാണ് കോഴിശ്ശേരിൽ ശ്രീ. കുട്ടിയാമിയും ശ്രീ. ഹമദാനി ഷേഖും. മുസ്ലീങ്ങളുടെ ഇടയിൽ വിദ്യാഭ്യാസം നേടുന്നതിന് തടസ്സമായി നിന്ന മാമൂലുകളെ കാറ്റിൽ പറത്തി ആ സമൂഹത്തെ വിദ്യാഭ്യാസത്തിലൂടെ മുന്നേറാൻ 1912 ൽ ഇടിമണലുങ്കൽ എന്ന ഭവനത്തിനു മുന്നിൽ സ്ഥാപിച്ച മറ്റത്തിൽ ഭാഗം പ്രാഥമിക വിദ്യാലയത്തിനു കഴിഞ്ഞു. ഇന്നു കാണുന്ന സ്ഥലത്തേക്ക് അതു മാറ്റി സ്ഥാപിച്ചത് 1914 ൽ ആണ്. സ്വകാര്യസ്കൂളായി ആരംഭിച്ച് ഗവൺമെൻറ് ലോവർ പ്രൈമറി സ്കൂളായിട്ട് അതു മാറുകയായിരുന്നു. അക്കാലങ്ങളിൽ തുറവൂരും, കുമ്പളങ്ങിയിലും ഉള്ള ഹൈസ്കൂളുകളിൽ പഠിച്ചാണ് പലരും, ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയിരുന്നത്. യാത്രാസൗകര്യങ്ങൾ പരിമിതമായിരുന്ന അക്കാലത്ത് എറണാകുളത്തും, തേവരയിലുമുള്ള കോളേജുകളിൽ താമസിച്ചുപഠിച്ചാണ് ബിരുദം സമ്പാദിച്ചിരുന്നത്. വിദ്യാഭ്യാസ സാംസ്കാരിക സാമുദായിക രംഗങ്ങളിൽ ശ്രീ. ഐനാരിക്കൽ കുഞ്ഞുണ്ണി പിള്ള, ശ്രീ. ആമിറ്റത്ത് കൊച്ചുണ്ണിമൂപ്പൻ, തേലാപ്പള്ളിൽ ശ്രീ. അഹമ്മദ് ഹാജി മുതലായവരുടെ സേവനങ്ങൾ സ്മരണീയമാണ്.

പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറൻ മേഖലയിൽ നദുവത്തുൽ ഇസ്ലാം സമാജത്തിന്റെ ആഭിമുഖ്യത്തിൽ 1956 ൽ നദുവത്തുൽ ഇസ്ലാം അപ്പർ പ്രൈമറി സ്കൂൾ എന്ന പേരിൽ മൂന്നാമതൊരു വിദ്യാലയം ആരംഭിക്കുകയുണ്ടായി. ഇതോടെ ഗ്രാമത്തിൽ വിദ്യാഭ്യാസം നേടുന്നതിനുള്ള സൗകര്യം വിപുലമായി. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് തൊട്ടടുത്ത ഗ്രാമമായ പാണാവള്ളി എൻ.എസ്.എസ്. ഹൈസ്കൂളിനേയും, അരൂർ സെൻറ്. അഗസ്റ്റിൻസ് ഹൈസ്കൂളിനെയും ആശ്രയിച്ചിരുന്നു. ഹൈസ്കൂളുകളിൽ അന്നുണ്ടായിരുന്ന ഫീസ് സമ്പ്രദായവും, ദരിദ്ര ജന വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം അപ്രാപ്യമാക്കിയിരുന്നു.

സ്വാതന്ത്ര്യാനന്തരം വിദ്യാഭ്യാസ രംഗത്ത് നാം വളരെ ദൂരം മുന്നോട്ടുപോയി. പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂളായ വടുതല ജമാഅത്ത് സെക്കൻററി സ്കൂൾ (വി. ജെ. എസ്. എസ്.) 1965 ൽ സ്ഥാപിതമായി. വടുതല കോട്ടൂർ കാട്ടുപുറം പള്ളി ട്രസ്റ്റാണ് വിദ്യാഭ്യാസ സ്ഥാപനത്തിന്റെ മാനേജ്മെൻറ്. ഇതോടെ എല്ലാവർക്കും വിദ്യാഭ്യാസം നേടുന്നതിനുള്ള സൗകര്യം ഗ്രാമത്തിൽ വർദ്ധിച്ചു. ഗവൺമെൻറിന്റെയും, നാട്ടുകാരുടെയും നിർലോഭമായ സഹായസഹകരണങ്ങൾ ഈ സ്കൂളിന്റെ നിർമ്മാണത്തിനുണ്ടായിരുന്നു. ഗവൺമെൻറ് സർവ്വീസിൽനിന്നും ഡപ്യൂട്ടേഷനിൽ ഈ സ്കൂളിന്റെ പ്രഥമ അദ്ധ്യാപകനായി ചുമതലയേറ്റത് ശ്രീ. കെ. കെ. കുട്ടിമൂസ സാർ ആണ്. ഗ്രാമത്തിലെ കുട്ടികളെ സ്കൂളുകളിൽ എത്തിക്കുന്നതിനും, സ്കൂൾ നല്ല നിലയിൽ പ്രവർത്തിക്കുന്നതിനും അദ്ദേഹം ചെയ്ത സേവനങ്ങൾ മറക്കാവുന്നതല്ല.

ഹൈസ്കൂൾ സ്ഥാപിതമായതോടെ മൊത്തം സ്കൂളുകളുടെ എണ്ണം നാലായി ഉയർന്നു. 1991 ൽ 15693 ജനസംഖ്യയുള്ള ഈ ഗ്രാമത്തിൽ വിവിധ വിദ്യാലയങ്ങളിലായി 3364 വിദ്യാർത്ഥികൾ അദ്ധ്യയനം നടത്തുന്നു. അദ്ധ്യാപകരുടെ എണ്ണം 106. ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

പട്ടിക 1

വിദ്യാർത്ഥികൾ - അദ്ധ്യാപകർ

നമ്പ്	സ്കൂൾ	മാനേജ്മെൻറ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1.	വടുതല ജമാ അത്ത് സെക്കണ്ടറി സ്കൂൾ	സ്വകാര്യം	481	426	907	13	25	38
2.	അരൂക്കുറ്റി ഗവ: യു. പി. എസ്.	ഗവ:	351	316	667	11	8	19
3.	നദുവത്തുൽ ഇസ്ലാം യു. പി. എസ്.	സ്വകാര്യം	660	560	1220	9	24	33
4.	മറ്റത്തിൽഭാഗം ഗവ: എൽ. പി. എസ്.	ഗവ:	296	262	558	8	8	16

(അവലംബം : സ്കൂൾ രേഖകൾ)

പട്ടിക 2

എൽ. പി. യു. പി. എച്ച്. എസ്. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ കണക്ക്

ആകെ	എൽ. പി.			യു. പി.			എച്ച്. എസ്.		
വിദ്യാർത്ഥികൾ	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
3352	694	592	17.66	613	546	16.28	481	426	12.7

ആകെ 46.64 %

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

എൽ. പി.			യു. പി.			എച്ച്. എസ്.		
ആകെ	എസ്. സി.	%	ആകെ	എസ്. സി.	%	ആകെ	എസ്.സി.	%
1.286	142	11.04	1159	119	10.26	907	77	8.48

ആകെയുള്ള വിദ്യാലയങ്ങളിൽ രണ്ടെണ്ണം സർക്കാർ മേഖലയിലും രണ്ടെണ്ണം സ്വകാര്യമേഖലയിലും ആണ്. പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും മക്കളെ പൊതുവിദ്യാലയങ്ങളിൽ ചേർക്കാൻ തയ്യാറുള്ളവരാണ്.

എന്നാൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ മക്കളെ വിട്ടു പഠിപ്പിക്കുന്നവരും ഉണ്ട്. ഇംഗ്ലീഷ്മീഡിയം സ്കൂളുകളോട് താല്പര്യം വർദ്ധിക്കുന്നതിൻെറ ഭാഗമായിട്ടാവണം നമ്മുടെ പഞ്ചായത്തിലും ഒരു അൺഎയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂൾ നദുവത്ത്നഗർ. കേന്ദ്രമാക്കി 1996 ൽ ആരംഭിച്ചത്. തൈക്കാട്ടുശ്ശേരി, അരൂർ, പട്ടണക്കാട് മുതലായ സ്ഥലങ്ങളിലുള്ള ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്ക് 30 വിദ്യാർത്ഥികളോളം പോയിവരുന്നുണ്ട്. നദുവത്ത് ഇസ്ലാം സമാജം നടത്തിവരുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളിൽ എൽ.കെ.ജി., യു.കെ.ജി, ഫസ്റ്റ് സ്റ്റാൻഡേഡ് എന്നീ വിഭാഗങ്ങളിലായി 125 കുട്ടികൾ പഠിക്കുന്നുണ്ട്. അതിൽ 90- കുട്ടികളും ഈ പഞ്ചായത്തു പ്രദേശത്തു നിന്നും ആണ്.

പൊതുവിദ്യാഭ്യാസ ധാരയോട് ചേർന്നു പ്രവർത്തിക്കുന്ന പ്രീ പ്രൈമറി വിദ്യാലയങ്ങൾ ഇവിടെ ഇല്ല. പ്രീ. പ്രൈമറി വിദ്യാഭ്യാസത്തിൻെറ ഏകദേശലക്ഷ്യം കയ്യാളുന്നവയാണ് ഗ്രാമത്തിലെ 16 അംഗൻവാടികൾ. ഇവയിൽ 8 എണ്ണത്തിനു സ്വന്തമായി കെട്ടിടം ഉണ്ട്. കുട്ടികൾക്ക് കളിക്കുന്നതിനും വിശ്രമിക്കുന്നതിനും ഉള്ള സ്ഥലസൗകര്യവും മറ്റു ഭൗതിക സാഹചര്യങ്ങളും കുറവാണ്. 16 അംഗൻവാടികളിലും കൂടി 352 കുട്ടികൾക്കും അമ്മമാർക്കും വേണ്ടത്ര മാതൃശിശു സംരക്ഷണം ലഭിക്കുന്നുണ്ട്. വിദ്യാഭ്യാസരംഗത്ത് ഗുണപരമായ മാറ്റം വരുത്താൻ ഇത്തരം സ്ഥാപനങ്ങൾ മെച്ചപ്പെടുത്തേണ്ടത് ആവശ്യമാണ്. നഴ്സറി സ്കൂളുകളുടെ മേഖലയിൽ

കൂത്താട്ടുകുളം കേന്ദ്രമായി പ്രവർത്തിക്കുന്ന ബാപ്പുജി നഴ്സറിയുടെ രണ്ടു ശാഖകളും ഇവിടെ ഉണ്ട്. എ.കെ.ജി. നഴ്സറി സ്കൂൾ എന്ന പേരിൽ മറ്റൊരു ശിശു വിദ്യാലയവും ഇവിടെയുണ്ട്. ഇവിടെയെല്ലാംകൂടി 136 കുട്ടികളും ഉണ്ട്.

പൊതുവിദ്യാഭ്യാസ മേഖലയിലെ കുട്ടികളിൽ 10% പട്ടികജാതി, പട്ടികവർഗ്ഗത്തിൽ പെട്ട കുട്ടികളാണ്. പട്ടികവർഗ്ഗത്തിലെ ജനസംഖ്യ ആകെ 13 ആണ്. അതുകൊണ്ട് ആ വിഭാഗത്തിലെ കുട്ടികളും കുറവാണ്. പട്ടികജാതി വിഭാഗത്തിൽ പെട്ട കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തി അവരെ മുൻനിരയിലേക്ക് കൊണ്ടുവരേണ്ടതാണ്. പട്ടിക മുകളിൽ കൊടുത്തിട്ടുണ്ട്.

വിവിധ ക്ലാസുകളിൽ പഠിക്കുന്നവരുടെ എണ്ണം

സ്റ്റാൻഡാർഡ് / സ്കൂളിന്റെ പേര്	I	II	III	IV	V	VI	VII	VIII	IX	X	ആകെ
ഗവ: എൽ. പി. എസ്. മറ്റത്തിൽഭാഗം	106	106	121	115	108	-	-	-	-	-	558
ഗവ: യു. പി. എസ്. അരുക്കുറ്റി	84	75	88	87	95	118	115	-	-	-	667
എൻ. ഐ. യു. പി. എസ് നന്ദുവത്ത്നഗർ	118	117	121	146	176	260	282	-	-	-	1220
വി. ജെ. എസ്. എസ്.	-	-	-	-	-	-	-	342	318	247	907
ആകെ											3352

സ്കൂളുകളിൽ കുട്ടികളുടെ പഠനനിലവാരം പൊതുവേ മെച്ചമല്ല എന്നാണ് കണക്കുകൾ കാണിക്കുന്നത്. 1996 ആദ്യ ടേം പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിൽ ലഭിച്ച വിജയ ശതമാന പട്ടിക താഴെ ചേർക്കുന്നു. കഴിഞ്ഞ 5 വർഷങ്ങളിലെ പത്താം ക്ലാസിലെ വിജയശതമാനം സംബന്ധിച്ച പട്ടികയും ചേർക്കുന്നു. വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തേണ്ടതിലേയ്ക്ക് ഈ പട്ടികകൾ വിരൽ ചൂണ്ടുന്നു.

കുട്ടികളുടെ പൊതു നിലവാരം 95-96

ക്ലാസ്	ആകെകുട്ടികൾ	30% നു താഴെ മാർക്ക് നേടുന്നവർ	30-40 മാർക്കു നേടുന്നവർ	40-50 മാർക്ക് നേടുന്നവർ	50-60% മാർക്ക് നേടുന്നവർ	60% ത്തിൽ കൂടുതൽ നേടുന്നവർ
1	307	14	24	23	43	203
2.	298	58	59	38	32	111
3.	330	166	59	32	43	30
4.	348	132	67	64	35	50
5.	380	107	89	73	46	65
6.	377	236	62	30	18	31
7.	398	212	75	41	26	44
8.	342	247	46	18	16	15
9.	318	209	54	18	19	18
10.	247	166	45	14	11	17

(1996 – 1997 വർഷത്തിലെ ഒന്നാം പാദ പരീക്ഷ അടിസ്ഥാനം സ്കൂൾ രേഖകൾ)

എസ്. എസ്. എൽ. സി. വിജയശതമാനം.

വി. ജെ. എസ്. എസ്. നദ്വത്ത് നഗർ

91-92 ലെ വിജയശതമാനം	92-93 ലെ വിജയശതമാനം	93-94 ലെ വിജയശതമാനം	94-95 ലെ വിജയശതമാനം	95-96 ലെ വിജയശതമാനം
51%	48%	44%	41%	38%

(അവലംബം: സ്കൂൾ റെക്കോഡ്)

സാമ്പത്തികാനുകൂല്യം കിട്ടുന്ന കുട്ടികളുടെ എണ്ണം. സാമ്പത്തിക പട്ടികകൾ വിശദമാക്കുന്നു.

ക്രമ നമ്പർ	സ്കൂളിന്റെ പേര്	മെറിറ്റ് സ്കോളർഷിപ്പ്	ലംപ്സം ഗ്രാന്റ്	മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ്	വികലാംഗ സ്കോളർഷിപ്പ്	മത്സ്യതൊഴിലാളി സ്കോളർഷിപ്പ്	ബീഡി തൊഴിലാളി സ്കോളർഷിപ്പ്	മറ്റുള്ളവ
1.	വി.ജെ.എസ്.എസ്. നദ്വത്ത്നഗർ	-	144	194	-	5	-	7
2.	ഗവ:യു.പി.എസ്. അരൂക്കുറ്റി	9	213	46	3	-	-	-
3.	എൻ.ഐ.യു.പി.എസ്നദ്വത്ത്നഗർ	1	269	143	9	6	-	-
4.	ജി.എൽ.പി.എസ്. മറ്റത്തിൽഭാഗം	-	63	58	-	21	-	-

(അവലംബം : സ്കൂൾ രേഖ)

പഞ്ചായത്തിലെ ജനസംഖ്യയിൽ 40 % ത്തോളം വരുന്നത് മുസ്ലീങ്ങളാണ്. മതപഠനശാലകളിലൂടെ അവരുടെ കുട്ടികൾ അറബിഭാഷയിൽ പ്രാവീണ്യം നേടുന്നു. പഞ്ചായത്തിൽ ഏഴ് മത പാഠശാലകളും, മൂന്ന് അറബി കോളജുകളും ഉണ്ട്. ഇവയിൽ 1200 കുട്ടികൾ പഠിക്കുന്നു. അന്യജില്ലകളിൽ നിന്നും, ഇവിടെവന്ന് അറബിഭാഷ പഠിക്കുന്നവരുണ്ട്.

രണ്ടു സ്വകാര്യ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഒഴികെ മറ്റു സാങ്കേതിക വിദ്യാലയങ്ങളൊന്നുംതന്നെ ഇവിടെയില്ല. ഐ. ടി. ഐ., പോളിടെക്നിക്, എഞ്ചിനീയറിംഗ് വിദ്യാഭ്യാസം എന്നിവയ്ക്ക് ഇവിടെനിന്നും കുട്ടികൾ ചേർത്തല, എറണാകുളം മുതലായ സ്ഥലങ്ങളിലേക്ക് പോയിവരുന്നു.

ഗ്രാമസഭകളിൽ നിന്നും ഉയർന്ന പ്രശ്നങ്ങൾ:

- പഞ്ചായത്തിലെ പൊതു വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ കുറവാണ്. പ്രത്യേകിച്ച് സർക്കാർ വിദ്യാലയങ്ങളിലെ അവസ്ഥ തികച്ചും പരിതാപകരമാണ്.
- കുട്ടികൾക്ക് കളിക്കുന്നതിനാവശ്യമായ മൈതാനം ഹൈസ്കൂളൊഴികെ മറ്റൊന്നിനുമില്ല.
- കുട്ടികൾക്ക് കുടിവെള്ളം കിട്ടുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടെങ്കിലും, അവ കൂടുതൽ മെച്ചപ്പെടുത്തണം.
- യൂറിൻഷെഡുകളും കക്കൂസുകളും വൃത്തിയുള്ളവയായിരിക്കാനും ശ്രദ്ധിക്കണം.
- 4-ാം വാർഡിൽ സ്ഥിതിചെയ്യുന്ന മറ്റത്തിൽഭാഗം എൽ. പി. സ്കൂളിൽ നിന്ന് യു. പി. സ്കൂളിലേക്ക് പോകുന്നതിന് രണ്ടു കി. മീ. അധികം കുട്ടികൾ യാത്ര ചെയ്യേണ്ടിവരുന്നു. ഉൾപ്രദേശങ്ങളിൽ നിന്ന് സ്കൂളുകളിൽ എത്തുന്നതിന് റോഡുകൾ ആവശ്യമാണ്. മഴക്കാലത്ത് രണ്ടും മൂന്നും വാർഡുകളുടെ കിഴക്കു ഭാഗത്തുനിന്നും, വടക്കുഭാഗത്തുനിന്നും അരൂക്കുറ്റി ഗവ: യു. പി. സ്കൂളിൽ കുട്ടികൾക്ക് പാടങ്ങളും, തോടുകളും നീന്തിവേണം എത്തിച്ചേരാൻ.
- പ്രീ. പ്രൈമറി വിദ്യാലയങ്ങൾ ഇല്ല. അംഗൻവാടികളിൽ ഗ്രാമത്തിലെ മുഴുവൻ, 5 വയസ്സിൽ താഴെയുള്ള കുട്ടികൾ പോകുന്നില്ല. ആരോഗ്യകരമായ ചുറ്റുപാടുകൾ അംഗൻവാടിയിൽ ഇല്ല. കളിക്കുന്നതിനുള്ള കളിപ്പാട്ടങ്ങൾ പരിമിതമാണ്.
- ഗ്രാമത്തിലെ ഏക ഹൈസ്കൂളായ വി. ജെ. എസ്. എസിലെ 10-ാം ക്ലാസിലെ വിജയശതമാനം ഗണ്യമായി കുറഞ്ഞു വരുന്നു.
- സാങ്കേതിക വിദ്യാലയങ്ങളില്ല.

നിർദ്ദേശങ്ങൾ:

1. സർക്കാർ സ്കൂളിലെ ഓലമേഞ്ഞ ഷെഡുകളും സ്ഥിരം കെട്ടിടങ്ങളാക്കുക. പഴയ കെട്ടിടങ്ങളും റിപ്പയർചെയ്ത് ഉപയോഗ യോഗ്യമാക്കുക.

2. വയോജന വിദ്യാഭ്യാസവും, സാക്ഷരതാ തുടർ വിദ്യാഭ്യാസവും ഊർജ്ജസ്വലതയോടെ നടപ്പാക്കണം.

3. സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചു കൊടുക്കണം.

4. ഹൈസ്കൂളിനോടു ചേർത്ത് ഹയർ സെക്കൻററി സ്കൂൾ തുടങ്ങുക.

5. മറ്റത്തിൽഭാഗം ഗവൺമെൻറ് എൽ. പി. സ്കൂൾ യു. പി. സ്കൂൾ ആയി അപ്ഗ്രേഡ് ചെയ്യുക.

6. സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യയനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇടഭിത്തികളും കെട്ടി ക്ലാസ്മുറികളും വേർതിരിക്കേണ്ടതാണ്. കേടായ കെട്ടിടങ്ങളും റിപ്പയർ ചെയ്യണം.

7. സ്കൂളുകൾക്കു കൂടി പ്രയോജനപ്പെടത്തക്കവിധം പഞ്ചായത്തിൽ ഒരു പൊതു കളിസ്ഥലം ഉണ്ടാക്കണം.

8. അംഗൻവാടികളിൽ ആവശ്യത്തിന് കളിപ്പാട്ടങ്ങളും, പഠനോപകരണങ്ങളും ലഭ്യമാക്കണം. ഗ്രാമത്തിലുള്ള അഞ്ചുവയസിൽ താഴെയുള്ള കുട്ടികളെ മുഴുവൻ അതാതുപ്രദേശത്തെ അംഗൻവാടികളിൽ എത്തിക്കുന്നതിന് നടപടികളും ഉണ്ടാക്കണം.

9. പി.ടി.എ കളും മാതൃസംഗമങ്ങളും ശക്തിപ്പെടുത്തുക. സ്കൂൾ ലൈബ്രറികളും, പൊതു ഗ്രന്ഥശാലകളും, പ്രവർത്തനക്ഷമമാക്കുകയും, ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന തരത്തിൽ പൊതുവായനശാലകളും ഉണ്ടാക്കുക.

10. സ്കൂൾ സൊസൈറ്റികളിലൂടെ കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുക.

11. എൽ. പി. സ്കൂളിനോടുചേർന്ന് ശാസ്ത്രീയമായി പ്രീ. പ്രൈമറി സ്കൂളുകൾ ആരംഭിക്കുക.

12. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രാമുഖ്യം കിട്ടത്തക്കവിധം ഒരു ഫിഷറീസ് ടെക്നിക്കൽ സ്കൂൾ ആരംഭിക്കുക.

13. വിദ്യാഭ്യാസരംഗത്തെ ഗുണനിലവാര തകർച്ച പരിഹരിക്കുന്നതിന് സ്കൂൾ കോംപ്ലക്സ് സംവിധാനം സജീവമാക്കുക.

14. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വിദ്യാർത്ഥികൾക്കാവശ്യമായ നോട്ടുബുക്കുകൾ, കുട എന്നിവ നിർമ്മിക്കുന്നതിനും, മറ്റുതൊഴിലുകൾ പരിശീലിക്കുന്നതിനും, പരിശീലനം നൽകുക.

15. പഠനത്തിൽ പിന്നോക്കം പോകുന്ന കുട്ടികൾക്ക് പ്രത്യേക ട്യൂഷൻ നൽകുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടപ്പാക്കുക.

16. സ്കൂളിൽ ആവശ്യമായ ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

17. അരുക്കുറ്റി ഗവ: യു. പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്തുക.

18. 3,6,9 എന്നീ വാർഡുകളിൽ ഓരോ എൽ. പി. സ്കൂൾ വീതം ആരംഭിക്കുക.

19. അരുക്കുറ്റിയിൽ ഒരു ഗവ: കോളേജ് സ്ഥാപിക്കുക.



കുടിവെള്ളവും പൊതുജനാരോഗ്യവും

ഏതൊരു ഭരണകൂടത്തിന്റെയും സ്ഥായിയായ സമ്പത്ത് ആരോഗ്യമുള്ള ജനസമൂഹമാണ്. ജന്മനാടിന്റെ ആത്മാവ് തേടി ഗ്രാമങ്ങളിലേയ്ക്ക് തീർത്ഥയാത്ര നടത്തുവാൻ ആഹ്വാനം ചെയ്ത മഹാത്മാവിന്റെ മനസ്സിലെ ലക്ഷ്യവും മറ്റൊന്നായിരുന്നില്ല. അതുകൊണ്ട് തന്നെ ഏതൊരു അർത്ഥവത്തായ പ്രവർത്തനത്തിന്റെയും പിന്നിൽ ജനതയുടെ മൗലിക നിലനില്പിനാവശ്യമായ ഘടകങ്ങൾ വിസ്മരിക്കാനാവുന്നതല്ല. ആത്യന്തികതമായ ലക്ഷ്യവും അതുതന്നെയായിരിക്കണം. ഒരു ജനതയുടെ കാര്യത്തിൽ ശുദ്ധവായു ശുദ്ധമായ കുടിവെള്ളം ശുചിത്വമുള്ള പാർപ്പിടവും ചുറ്റുപാടുകളും എന്നിവ ചെലുത്തുന്ന സ്വാധീനം ഏറെയാണ്.

അരൂക്കുറ്റി ഗ്രാമപഞ്ചായത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം ശുദ്ധമായ കുടിവെള്ളം എന്നും ഒരു പ്രശ്നമായിരുന്നു. ഇതിന്റെ പ്രധാന കാരണം ഗ്രാമത്തിന്റെ ഭൂമിശാസ്ത്രപരമായ കിടപ്പുതന്നെയാണ്. മൂന്ന് വശവും വേമ്പനാട്ട് കായലിനാൽ ചുറ്റപ്പെട്ടു കിടക്കുന്ന അതിർത്തി ഗ്രാമമായ ഈ പ്രദേശത്തിന്റെ പ്രധാന ഭീഷണി ഉപ്പുവെള്ളമാണ്. ഉൾപ്രദേശങ്ങളിലെ തോടുകളും വയലുകളും വേമ്പനാട്ട് കായലിനോട് ബന്ധപ്പെട്ടുകിടക്കുന്നതിനാലും ഇതുമൂലമുണ്ടാകുന്ന ഉപ്പുവെള്ളത്തിന്റെ വ്യാപനം തടയുന്നതിന് നിലവിലുള്ള സംവിധാനത്തിന്റെ അപര്യാപ്തത കൊണ്ടുമാണ് പ്രധാനമായും കുടിവെള്ളം മലിനമാക്കുന്നത്.

ഈ ഗ്രാമത്തിലെ പ്രധാന വ്യവസായം ചെമ്മീൻ സംസ്ക്കരണവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ചെമ്മീൻ സംസ്ക്കരണത്തോടനുബന്ധിച്ചുള്ള മാലിന്യങ്ങളും മലിനജലവും നിർദ്ദോഷമായി പുറന്തള്ളുന്നതിനും കുറ്റമറ്റ ക്രമീകരണമില്ലാത്തതും ജലസമ്പത്ത് സംരക്ഷിക്കുന്നതിന് പരമ്പരാഗതമായി ഉണ്ടായിരുന്ന സൗകര്യങ്ങൾ മാറിവന്ന ജനകീയാവശ്യങ്ങൾ പരിരക്ഷിക്കുന്നതിനുവേണ്ടി നഷ്ടപ്പെടുത്തിയതും ജനസംഖ്യ വർദ്ധനവും കൂട്ട് കുടുംബ സമ്പ്രദായം ഉപേക്ഷിച്ച് ചെറുകുടുബങ്ങൾ നിലവിൽ വന്നതുകൊണ്ട് വീടുകളുടെ എണ്ണം വർദ്ധിക്കുകയാൽ കക്കൂസ്സുകളും കുടിവെള്ള സ്രോതസ്സുകളും തമ്മിലുണ്ടായിരിക്കേണ്ട നിശ്ചിത ദൂരാനുപാതം കർശനമായി നിലനിർത്തുവാൻ കഴിയാതെ വന്നതും മലീനികരണത്തിന് കാരണമായിട്ടുണ്ട്.

ഇവിടെ ജനസംഖ്യയുടെ തൊണ്ണൂറ്റിയഞ്ചു ശതമാനവും കുടിവെള്ളത്തിനായി കിണറുകളെയാണാശ്രയിക്കുന്നത്. വേനൽക്കാലത്ത് ഇതിൽ 65% കിണറുകളും വറ്റിപ്പോകുകയോ ഉപ്പുവെള്ളം കയറി ഉപയോഗശൂന്യമാകുകയോ ചെയ്യുന്നു. ഈ സമയത്ത് ഏറെദൂരം സഞ്ചരിച്ചുവേണം കുടിവെള്ളം ശേഖരിക്കുവാൻ.

ഈ ഗ്രാമത്തിനുവടക്കുഭാഗത്ത് വേമ്പനാട്ടുകായലിൽ സ്ഥിതിചെയ്യുന്ന മൂന്നു തുരുത്തുകളിൽ 34 വീടുകളിലായി താമസിക്കുന്നവർ അനുഭവിക്കുന്ന കുടിവെള്ള ക്ഷാമം അതിരൂക്ഷമാണ്. ചുറ്റും പരന്നൊഴുകുന്നത് വെള്ളമാണെങ്കിലും കുടിക്കുവാനോ, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുവാനോ - ഒരല്പശുദ്ധജലത്തിന് വള്ളത്തിൽ സഞ്ചരിച്ചു പ്രധാന കരയിലെത്തണം. കുടിവെള്ളത്തിനായി ഇത്രമാത്രം യാതന അനുഭവിക്കുന്ന ഒരു ജനവിഭാഗം പ്രബുദ്ധകേരളത്തിൽ മറ്റൊരിടത്തുമുണ്ടാവില്ല.

ഈ പഞ്ചായത്തിന്റെ ഏഴാം വാർഡിൽ കേരള വാട്ടർ അതോറിറ്റി (കെ. ഡബ്ല്യൂ. എ.) 1,50,000 ലിറ്റർ സംഭരണശേഷിയുള്ള ഒരു വാട്ടർ ടാങ്ക് നിർമ്മിച്ചു. 117 ടാപ്പുകൾ സ്ഥാപിച്ചു ജലവിതരണം നടത്തുന്നുണ്ടെങ്കിലും ഇതിലൂടെ ലഭ്യമാകുന്നത് ഉപയോഗശൂന്യമായ ഉപ്പുവെള്ളമാണ്. മൂവാറ്റുപുഴ, ആലുവ പദ്ധതികളുമായി ബന്ധിപ്പിച്ച് ശുദ്ധജലം ലഭ്യമാക്കണമെന്ന ജനകീയാവശ്യം പതിറ്റാണ്ടുകളായി പരിഹാരമാകാതെ കിടക്കുന്നു. കേരള ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറിന്റെ കുഴൽകിണറുകൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലുണ്ടെങ്കിലും സ്ഥാനനിർണ്ണയത്തിൽ വന്ന അപാകതകൾ മൂലം ഉപയോഗശൂന്യമായി കിടക്കുകയാണ്.

കുടിവെള്ളത്തിന് പ്രധാനമായി ഉപയോഗിക്കുന്ന രണ്ടുശുദ്ധജലസ്രോതസുകൾ സാധാരണ കിണറുകളും കുഴൽകിണറുകളുമാണ്. പഞ്ചായത്തതിർത്തിയിൽ 782 സാധാരണ കിണറുകളും 382 കുഴൽക്കിണറുകളുമുണ്ട്. പല സ്ഥലങ്ങളിലായി കുളങ്ങൾ ധാരാളമുണ്ടെങ്കിലും കുടിവെള്ളത്തിനായി ഉപയോഗിക്കുന്നില്ല. എങ്കിലും വേനൽക്കാലത്ത് ശുദ്ധജലസ്രോതസ്സുകൾ ഒരു പരിധിവരെ സംരക്ഷിക്കുന്നതിൽ കുളങ്ങളുടെ പങ്കു ചെറുതല്ല. വാർഡുതിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 1

വാർഡ്	കിണർ	കുഴൽക്കിണർ	കുളം
1	114	43	55
2	102	41	21
3	62	29	55
4	120	105	69
5	127	61	46
6	42	17	48
7	122	38	35
8	42	28	40
9	51	20	31
ആകെ	782	382	380

വിശേഷാൽ ഗ്രാമസഭകളിൽ കുടിവെള്ളത്തെ സംബന്ധിച്ചു വിശദമായ ചർച്ചകളും, പ്രശ്നമേഖല കണ്ടെത്തി പരിഹാരത്തിനായി അടിയന്തിരപ്രാധാന്യം നല്കി നടപ്പിലാക്കേണ്ട നിർദ്ദേശങ്ങളും മുന്നോട്ടുവയ്ക്കുകയുണ്ടായി. പഞ്ചായത്തിൽ മൊത്തത്തിൽ ബാധകമാക്കാവുന്നതും വിവിധ വാർഡുകളിലെ ചർച്ചകളിൽ രൂപാന്തരപ്പെട്ടു വന്നിട്ടുള്ളതുമായ നിർദ്ദേശങ്ങളും സൂക്ഷ്മ വിശകലനത്തിനായി ചുവടെ ചേർക്കുന്നു.

പട്ടിക 2

വാർഡ്	കുടിവെള്ള പ്രശ്നമേഖല
1	1. മൂന്നുതുരുത്തുകൾ 2. മണിയന്തറ മഠത്തിപ്പറമ്പ് മൂലേച്ചിറ 3. തീരപ്രദേശമായ അങ്ങാടിക്കടവ്, പടവുങ്കൽ, പുന്നാപ്പുള്ളിക്കടവ് 4. തെള്ളിക്കാട്ടുപ്രദേശം
2.	വാർഡിന്റെ 90% ഭാഗങ്ങളും പ്രശ്നമേഖലയാണ്.
3.	കിണാത്ത്, തേവേലി, പള്ളാക്കൽ, പുതക്കേരി
4.	മീങ്കുഴിതോടിന്റെ സമീപപ്രദേശങ്ങൾ
5.	വാർഡിന്റെ 90% പ്രദേശങ്ങളും
6.	കാട്ടുകണ്ടം, കോട്ടൂർക്കടവ്, കുണ്ടേക്കടവ്, എളേടത്ത്
7.	1. വാഴത്തറ പെരിങ്ങാട്ടുചിറ, നാങ്ങനാട്, ഒ.എൽ.എച്ച്. കോളനി 2. ആയിത്തറമേഖലയുടെ കിഴക്കും തെക്കും ഭാഗങ്ങൾ
8.	താമരച്ചാൽ കരി കോളനി, കളത്തിൽ പടിഞ്ഞാറു തീരപ്രദേശം. കടക്കായിത്തറ കോളനി, ചുങ്കക്കടവ്, താമരച്ചാൽ കോളനി, ലക്ഷം വീടു കോളനി.

എ. ഗ്രാമപഞ്ചായത്തിലെ ഒൻപതു വാർഡുകളിലുള്ള പൊതുവായ കുടിവെള്ള ക്ഷാമത്തിന് അടിയന്തിരമായി ചെയ്യേണ്ട പ്രധാന നടപടികൾ–

1. ഏഴാം വാർഡിൽ നിലവിലുള്ള കെ.ഡബ്ല്യൂ.എയുടെ 1,50,000 ലിറ്റർ ശേഷിയുള്ള ജലസംഭരണിയിലേക്ക്, സമീപപ്രദേശത്ത് ശുദ്ധജലസാദ്ധ്യതയുള്ള സ്ഥലം ശാസ്ത്രീയമായി നിർണ്ണയിച്ച് ബോർവെൽ താഴ്ത്തി ശുദ്ധജലം പമ്പുചെയ്യുക. പഞ്ചായത്തിന്റെ വടക്കുഭാഗത്ത് ഒരു പുതിയ പദ്ധതി അനുവദിച്ചുകിട്ടുന്നതിന് സമ്മർദ്ദം ചെലുത്തുക.

2. ഓരുവെള്ളപ്രശ്നം പരിഹരിക്കുന്നതിലേക്കായി മുൻഗണനാക്രമത്തിൽ പദ്ധതി തയ്യാറാക്കി ആധുനിക രീതിയിലുള്ള ബണ്ടുകൾ നിർമ്മിച്ചും, മറ്റു ഭാഗങ്ങളിൽ യഥാസമയം സുരക്ഷിതമായ നാടൻമുട്ടുകളിട്ടും ചെമ്മീൻ സംസ്കരണം കൊണ്ടും, കക്ക വ്യവസായം കൊണ്ടും, മലിനീകരണം ഉണ്ടാകുന്ന പ്രദേശങ്ങൾ ശാസ്ത്രീയമായി സംരക്ഷിച്ചും, സെപ്റ്റിക് ടാങ്കുകൾ വ്യാപകമാക്കിക്കൊണ്ടും മലിനീകരണം തടയുക.

3. ഒലിച്ചുപോകുന്ന മഴവെള്ളം സംഭരിച്ച് ജലസമ്പത്ത് സംരക്ഷിക്കുന്നതിലേക്കും, നിലവിലുള്ള കുളങ്ങളും, പൊതു കിണറുകളും ശുദ്ധിയാക്കി സംരക്ഷിച്ച് അതാതു ഗ്രാമസഭകൾക്ക് ചുമതല നല്കിയും സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ, ബോർവെൽ, കിണറുകൾ എന്നിവ സ്ഥാപിച്ചുകൊണ്ടും കുടിവെള്ളക്ഷാമം പരിഹരിക്കുക.

4. പഞ്ചായത്തുവക മങ്കുളം കല്ലുകെട്ടി സംരക്ഷിച്ച് ചെറുകിട ശുദ്ധജല പദ്ധതിയാക്കി 2, 3, 4 എന്നീ വാർഡുകളിലേക്ക് പ്രയോജനപ്പെടുത്തുക.

ബി. വാർഡുതല പരിഹാരങ്ങൾ:

ഒന്നാം വാർഡ്

എ. ഒന്നാം വാർഡിലെ മൂന്നു തുരുത്തുകളിലും യുദ്ധകാലാടിസ്ഥാനത്തിൽ കുടിവെള്ളം എത്തിക്കുന്നതിന് ഊന്നൽ നൽകുക. അരൂക്കുറ്റി ബസ്സ്റ്റാൻറ് പരിസരത്ത് നിലവിലുള്ള പൊതുകിണർ ശുദ്ധമാക്കി അതിനോടുചേർന്ന് ഓവർഹെഡ് ടാങ്ക് പണിത് ശുദ്ധജലം സംഭരിച്ച് പൈപ്പ്ലൈൻ വഴി മൂന്നു തുരുത്തുകളിലും എത്തിക്കുക.

ബി. കൊമ്പനാമുറി ജംഗ്ഷനിലുള്ള പൊതു കിണറ്റിലെ വെള്ളംഏതു കൊടിയ വേനലിലും വറ്റാത്തതാണ്. ഇതു പ്രയോജനപ്പെടുത്തി ഒരു മിനി പദ്ധതി നടപ്പിലാക്കി തെള്ളിക്കാട്ടു പ്രദേശത്ത് പൈപ്പ് ലൈൻവഴി കുടിവെള്ളം എത്തിക്കുക.

1. അരൂക്കുറ്റി പാദുവാപുരം പള്ളി റോഡിലുള്ള കെ. ഡബ്ല്യൂ. എ. പൈപ്പ് ലൈൻ അങ്ങാടിയിൽനിന്നും പടിഞ്ഞാറോട്ട് നീട്ടി അങ്ങാടിക്കടവ് അവിടെനിന്ന് തെക്കോട്ട് പടവുങ്കൽ പ്രദേശം, പുന്നാപ്പുള്ളി കടവ്

എന്നിവിടങ്ങളിലേക്കും, പാദുവാപുരം ഭാഗത്തുനിന്ന് മഠത്തിപ്പറമ്പ്, മണിയന്തറ മൂലേച്ചിറ എന്നിവിടങ്ങളിലേക്കു നീട്ടി ടാപ്പുകൾ സ്ഥാപിക്കേണ്ടതാണ്.

ഇതോടൊപ്പം പള്ളിത്തോട്ടിലും, കമ്മട്ടിക്കാട്ടുതോട്ടിലും, ആധുനിക രീതിയിൽ പ്രവർത്തിപ്പിക്കാവുന്ന ബണ്ടുകൾ നിർമ്മിച്ച് ഓരുവെള്ള പ്രശ്നവും പരിഹരിക്കേണ്ടതാണ്.

രണ്ടാം വാർഡ്

രണ്ടാംവാർഡിന്റെ സിംഹഭാഗവും, ചതുപ്പുനിലങ്ങളാണ്. പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഓരുവെള്ള പ്രശ്നമുള്ള ഈ തീര പ്രദേശത്തെ ശുദ്ധജലക്ഷാമം പരിഹരിക്കാൻ പൈപ്പ് ലൈൻ വ്യാപകമാക്കുകയാണ് പ്രധാന പോംവഴി. തേവേലി തോടിന്റെ വടക്കുഭാഗത്ത് ചിറപിടിപ്പിച്ച് കല്ലുകെട്ടി സംരക്ഷിക്കണം. നെടുംപറമ്പ്, കൊല്ലപറമ്പ്, ചിറ്റേഴത്ത്, ഇടയാളി, മുത്തുവീട് എന്നീ പുരയിടങ്ങളിൽ പൊതുകിണറുകൾ കുഴിച്ച് ചെറുകിട ശുദ്ധജല പദ്ധതികൾ ആവിഷ്കരിച്ചാൽ ഏറെ ആശ്വാസം നൽകാൻ കഴിയും. പള്ളാക്കൽ, തോട്ടുചിറ ഭാഗത്തേക്ക് പൈപ്പ്ലൈൻ നീട്ടേണ്ടതാണ്.

മൂന്നാം വാർഡ്

പുതുക്കേരി പ്രദേശവും, വാർഡിന്റെ തീരപ്രദേശങ്ങളും, കടുത്ത ശുദ്ധജല ക്ഷാമം അനുഭവിക്കുന്നു. ഈ ഭാഗങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടിയും, പുതിയ കിണറുകളും, കുഴൽക്കിണറുകളും, സ്ഥാപിച്ചും, നിലവിലുള്ള പങ്കുതറ കിണർ പ്രയോജനപ്പെടുത്തിയും, ടി. വാർഡിലെ ശുദ്ധജല ക്ഷാമം പരിഹരിക്കാവുന്നതാണ്.

കിണാത്തു തോട് തേവേലിത്തോട്, പള്ളാക്കൽ തോട് തങ്കേക്കാട്ടുപാടം എന്നിവിടങ്ങളിൽ യഥാസമയം ശാസ്ത്രീയമായ ബണ്ടുകൾ നിർമ്മിച്ച് ഓരുവെള്ള ശല്യം ഒഴിവാക്കേണ്ടതാണ്.

നാലാം വാർഡ്

നാലാം വാർഡിൽ ഒരു ബോർവെൽ സ്ഥാപിച്ച് നിലവിലുള്ള കെ. ഡബ്ല്യൂ. എ. ടാങ്കിൽ സംഭരിച്ച് പഞ്ചായത്തിലുടനീളം ശുദ്ധജല വിതരണം കുറ്റമറ്റതാക്കാൻ കഴിയും. സാദ്ധ്യതയുള്ള ഇതരഭാഗങ്ങളിൽ സർവ്വേ നടത്തി പുതിയ ശുദ്ധജല സ്രോതസുകൾ കണ്ടെത്തേണ്ടതുമാണ്.

അഞ്ചാം വാർഡ്

കെ. ഡബ്ല്യൂ. എയുടെ ടാങ്കിലേക്കുവേണ്ടി ഇവിടെയും സർവ്വേ നടത്താവുന്നതാണ്. നിലവിലുള്ള പൈപ്പ് ലൈൻ വ്യാപിപ്പിച്ചും, ജലസ്രോതസുകൾ സംരക്ഷിച്ചും, പുതിയ സാദ്ധ്യതകൾ കണ്ടെത്തിയും പ്രശ്നപരിഹാരം നേടാവുന്നാതാണ്.

ആറാം വാർഡ്

ആറാംവാർഡിൽ മരങ്ങാട്ടു പടിഞ്ഞാറുഭാഗം വരെയുള്ള കെ. ഡബ്ല്യൂ. എ പൈപ്പ് ലൈൻ വടക്കോട്ടു നീട്ടി വടക്കേ അതിർത്തിയായ കാട്ടുകണ്ടം വരെയും, കോട്ടൂർ കടവ്റോഡ് കോട്ടൂർപള്ളിയുടെ വടക്കുഭാഗം, കുണ്ടേക്കടവ് കായലോരപ്രദേശം എന്നിവിടങ്ങളിലേക്ക് വ്യാപിപ്പിച്ചും പുതിയ ശുദ്ധജലസ്രോതസുകൾ സർവ്വേയിലൂടെ കണ്ടെത്തിയും ക്ഷാമം പരിഹരിക്കാവുന്നതാണ്.

ഏഴാം വാർഡ്

ഗ്രാമപഞ്ചായത്തിൽ കെ. ഡബ്ല്യൂ. എയുടെ ആകെയുള്ള ശുദ്ധജലവിതരണ പദ്ധതി ഈ വാർഡിൽ സ്ഥിതിചെയ്യുന്നു. 1,50,000 ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണികുവേണ്ടി സമീപപ്രദേശത്തുതന്നെ, സ്ഥാപിച്ച ബോർവെൽ പ്രയോജനപ്പെടുത്തുന്നു. എന്നാൽ ഈ പദ്ധതിയിലൂടെ പഞ്ചായത്തിലുടനീളം വിതരണം ചെയ്യുന്നത് ഉപ്പുവെള്ളമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് സമീപ പ്രദേശങ്ങളിലെവിടെയെങ്കിലും ശുദ്ധ ജല സ്രോതസ് കണ്ടെത്താൻ കഴിഞ്ഞാൽ ഈ പദ്ധതി മൂലം ബഹുഭൂരിപക്ഷം വരുന്ന തീരദേശവാസികൾക്ക് ഏറെ ആശ്വാസകരമായിരിക്കും.

ആയിത്തറമേഖലയുടെ തെക്കും, കിഴക്കും ഭാഗങ്ങൾ വാഴത്തറ, പെരിങ്ങാട്ടുചിറ നാങ്ങനാട്ട് ഒ. എൽ. എച്ച് കോളനി എന്നിവിടങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഒരു മിനി പദ്ധതി തയ്യാറാക്കിയാൽഅത് ഏറ്റെടുത്തുനടത്തുന്നതിന് ഗ്രാമസഭ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

എട്ടാം വാർഡ്

താമരച്ചാൽകരി കോളനി, കളത്തിൽ ഭജനമഠത്തിനു പടിഞ്ഞാറുള്ള തീരപ്രദേശം, വാർഡിന്റെ തെക്കുഭാഗം എന്നിവിടങ്ങളിലാണ് കടുത്ത ശുദ്ധജല ക്ഷാമം. ഈ പ്രദേശത്തേക്ക് പൈപ്പ് ലൈൻ നീട്ടിയും, പടാതറ, താമരച്ചാൽ കോളനി എന്നിവിടങ്ങളിൽ ഒരോ കിണർ കുഴിച്ചും, ശുദ്ധജല ക്ഷാമം പരിഹരിക്കാവുന്നതാണ്.

ഒമ്പതാം വാർഡ്

കടക്കായിത്തറ കോളനി, ചുങ്കക്കടവ്, താമരച്ചാൽ കോളനി, ലക്ഷംവീടു കോളനി എന്നിവിടങ്ങളിലാണ് കടുത്ത ക്ഷാമമുള്ളത്. ഈ പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടിയും, നിലവിലുള്ള ശുദ്ധജല സ്രോതസുകൾ സംരക്ഷിച്ചും പുതിയ സാദ്ധ്യതകൾ കണ്ടെത്തിയും പൊതുകിണറുകൾ നിർമ്മിച്ചും, പരിഹരിക്കാവുന്ന പ്രശ്നങ്ങളേ ഈ വാർഡിലുള്ളൂ.

ആരോഗ്യം

വിശേഷാൽ ഗ്രാമസഭകളിൽ ഏറെ ചർച്ചചെയ്യപ്പെട്ടതും വിമർശനവിധേയ വിഷയങ്ങളിലൊന്നുമാണ് ആരോഗ്യം. ആരോഗ്യ കാര്യങ്ങളിൽ ഇത്രയധികം അവഗണിക്കപ്പെട്ട പ്രദേശം നമ്മുടെ സംസ്ഥാനത്ത് വേറെയുണ്ടോ എന്ന് സംശയമാണ്. സാധാരണക്കാരായ മത്സ്യത്തൊഴിലാളികളും, കൂലിപ്പണിക്കാരും തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് 2898 വീടുകളിലായി 8346 പുരുഷൻമാരും, 8366 സ്ത്രീകളും, 1,116 കുട്ടികളും ഉൾപ്പെടെ 16,712 പേരുടെ ആരോഗ്യ കാര്യങ്ങളിൽ വേണ്ട ഉപദേശങ്ങൾ നൽകുന്നതിനും, രോഗാതുരതയിൽ ചികിത്സ ഉറപ്പുവരുത്തുന്നതിനും, പഞ്ചായത്തിലെ പ്രധാന ചികിത്സാ കേന്ദ്രം അരൂക്കുറ്റി പ്രൈമറി ഹെൽത്ത് സെൻറർആണ്. പ്രതിരോധ

ചികിത്സയ്ക്ക് ഊന്നൽ നൽകിക്കൊണ്ട് പ്രവർത്തിക്കുന്ന ഈ സ്ഥാപനം ബ്ലോക്ക് തലത്തിൽ എല്ലാ പൊതുജനാരോഗ്യപ്രവർത്തനങ്ങൾക്കും മേൽനോട്ടം വഹിക്കേണ്ടതും, ചേന്നം പള്ളിപ്പുറം, പാണാവള്ളി, പെരുമ്പളം എന്നീ പഞ്ചായത്തുകളിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും, തൈക്കാട്ടുശ്ശേരി പഞ്ചായത്തിന്റെയും മാതൃകേന്ദ്രമായി പ്രവർത്തിക്കേണ്ടതും ഈ സ്ഥാപനമാണ്. കൂടാതെ ഒരു ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറിയും ഉണ്ട്. ഏതാനും സ്വകാര്യ ഹോമിയോ ക്ലിനിക്കുകളും, ആയുർവ്വേദ വൈദ്യശാലകളും, അങ്ങിങ്ങായി പ്രവർത്തിക്കുന്നു.

വിദഗ്ദ്ധ ചികിത്സ ലഭിക്കണമെങ്കിൽ 25 കിലോ മീറ്ററിലധികം സഞ്ചരിച്ച് ചേർത്തലയിലോ അതിലധികം ദൂരം സഞ്ചരിച്ച് എറണാകുളത്തോ പോകേണ്ട അവസ്ഥയാണ് പഞ്ചായത്തിലെ ജനങ്ങൾക്കുള്ളത്. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ നാലുഡോക്ടർമാരുടെ ഒഴിവുണ്ടെങ്കിലും, ഒന്നോ, രണ്ടോ ഡോക്ടർമാരേ സാധാരണ ഉണ്ടാകാറുള്ളൂ. എന്നാൽ 24 മണിക്കൂറും ഇവരുടെ സേവനം ലഭ്യമല്ലതാനും. തന്നെയുമല്ല, അടിയന്തിര ശുശ്രൂഷ ആവശ്യമുള്ള ഏതെങ്കിലും രോഗാവസ്ഥയുമായി ഈ സ്ഥാപനിത്തിലെത്തിയാൽ ചികിത്സിക്കുവാനുള്ള യാതൊരു സൗകര്യങ്ങളും ഇവിടെ ലഭ്യമല്ല. രാത്രികാലങ്ങളിൽ യഥാസമയം രോഗിയെ വിദഗ്ദ്ധ ചികിത്സ ലഭ്യമായ സ്ഥാപനങ്ങളിൽ എത്തിക്കുവാൻ കഴിയാതിരുന്നതുമൂലം സംഭവിച്ചിട്ടുള്ള മരണങ്ങൾ നിരവധിയാണ്. ചേർത്തല താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി കഴിഞ്ഞാൽ വടക്കുള്ള ചേന്നം പള്ളിപ്പുറം തൈക്കാട്ടുശ്ശേരി, പാണാവള്ളി, പെരുമ്പളം എന്നീ പഞ്ചായത്തുകളിലെ ജനങ്ങൾക്ക് പ്രയോജനപ്പെടാവുന്ന

പട്ടിക 3

പ്രാഥമിക ആരോഗ്യകേന്ദ്രത്തെ സംബന്ധിച്ച വിവരങ്ങൾ

(A)	1	ആകെ സ്ഥലവിസ്തീർണ്ണം	:	4.61 ഏക്കർ
	2	കിടക്കകളുടെ എണ്ണം	:	28
	3	ജീവനക്കാർ	:	42
	4	ഉപകേന്ദ്രങ്ങൾ		1) അരൂക്കുറ്റി -I 2) മറ്റത്തിൽഭാഗം 3) കുടപുറം 4) ഉളവയ്പ് 5) തേവർവട്ടം 6) തൈക്കാട്ടുശ്ശേരി 7) മാക്കേക്കടവ് (ക്രമ നമ്പർ 2, 6 എന്നീ രണ്ട് ഉപകേന്ദ്രങ്ങൾക്കുമാത്രം സ്വന്തമായി കെട്ടിടമുണ്ട്.)
(B)	95-96 ലെ പ്രവർത്തനങ്ങൾ:			
	1	ഒ. പി. വിഭാഗം	പുതിയത് :	33258
			പഴയത് :	67300
			ആകെ :	1,00,558
	2	ഐ. പി. വിഭാഗം	ആകെ :	1496

(അവലംബം : ഹോസ്പിറ്റൽ രേഖ)

പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെ വികസനത്തിനു വേണ്ടി മുറവിളി ആരംഭിച്ചിട്ട് പതിറ്റാണ്ടുകളായി. എന്നാൽ ഇത്രമാത്രം വികസന സാദ്ധ്യതകളുള്ളതും, സ്ഥല സൗകര്യങ്ങളുള്ളതുമായ മറ്റൊരു സർക്കാർ സ്ഥാപനം സമീപപ്രദേശത്തൊന്നുമില്ല. മാതൃശിശു സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള, ദേശീയാരോഗ്യ പരിരക്ഷ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലും, പ്രബുദ്ധ കേരളത്തിന്റെ ഒരു മൂലയിൽ ഇതിനൊന്നും സാഹചര്യങ്ങളില്ലാതെ മൗലികമായ, ആരോഗ്യപൂർണ്ണമായ നിലനില്പിനു കേഴുന്ന ഈ ജനസമൂഹത്തിന് അടിയന്തിരമായി ആശ്വാസം നൽകേണ്ടിയിരിക്കുന്നു.

സർക്കാർ ഉടമയിലുള്ള മറ്റൊരു സ്ഥാപനമാണ് ആറാം വാർഡിലുള്ള ഒരു വാടക കെട്ടിടത്തിലെ ഇടുങ്ങിയ മുറിയിൽ ഇല്ലായ്മയുടെ നെടുവീർപ്പുകളുമായി ഒതുങ്ങിക്കൂടുന്ന ആയുർവ്വേദ ഡിസ്പെൻസറി. 1959 ൽ സ്ഥാപിച്ച ഈ ഡിസ്പെൻസറിയിൽ എത്തുന്ന രോഗികൾക്കു വേണ്ടി കയറി നിൽക്കുന്നതിനോ, ജീവനക്കാർക്കുവേണ്ടി മലമൂത്രവിസർജ്ജനം നടത്തുന്നതിനോ യാതൊരു സൗകര്യങ്ങളുമില്ല. ഇവിടെയെത്തുന്ന രോഗികളുടെ



ബാഹുല്യം കണക്കിലെടുത്ത് ഈ സ്ഥാപനം കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യങ്ങളോടെ ഒരു ആശുപത്രിയായി ഉയർത്തണമെന്ന ന്യായമായ ആവശ്യം ഇന്നും പരിഹാരമാകാതെ കിടക്കുന്നു.

ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ കാര്യങ്ങളിൽ ഊന്നിക്കൊണ്ടുള്ള ക്ഷേമപരിപാടികൾ സംബന്ധിച്ച് നിലവിലുള്ള സംവിധാനത്തിൽ വരുത്തേണ്ട മാറ്റങ്ങൾ.

(A) 1. അരൂക്കുറ്റി പ്രാഥമിക ആരോഗ്യ കേന്ദ്രം ഒരു ഫസ്റ്റ് റഫറൽ യൂണിറ്റായി (F.R.U.) ഉയർത്തി. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനവും ആനുപാതികമായി പാരാമെഡിക്കൽ ജീവനക്കാരുടെ അനുബന്ധ സേവനവും ലഭ്യമാക്കുക.

2. നിലവിൽ ഉപയോഗശൂന്യമായി കിടക്കുന്ന സൗത്ത് ബ്ലോക്ക് റിപ്പയർ ചെയ്ത് എക്സ്റേ യൂണിറ്റ് സ്ഥാപിക്കുക.

3. യഥാർത്ഥ തീരദേശ ഗ്രാമമായ അരൂക്കുറ്റി പഞ്ചായത്ത് കേരള തീരദേശ ആരോഗ്യപദ്ധതിയിൽ ഉൾപ്പെടുത്തി കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് സാഹചര്യമൊരുക്കുകയും ചെയ്യുക.

4. കേരള ഹെൽത്ത് റിസെർച്ച് വെൽഫെയർ സൊസൈറ്റിയുമായി ബന്ധപ്പെട്ടും, ആശുപത്രി കോമ്പൗണ്ടിൽ തരിശു കിടക്കുന്ന സ്ഥലത്ത് പേ വാർഡുകൾ നിർമ്മിക്കുക, നിലവിലുള്ള സ്റ്റാഫ് ക്വാർട്ടേഴ്സുകൾ അറ്റകുറ്റ പണികൾ നടത്തി താമസയോഗ്യമാക്കിക്കൊണ്ടും, മുഴുവൻ സമയ സേവനം ഉറപ്പുവരുത്തുക.

5. നിലവിലുള്ളതും, ഉപയോഗശൂന്യമായി കിടക്കുന്നതുമായ പ്രസവമുറി, ഓപ്പറേഷൻ തീയറ്റർ എന്നിവ നന്നാക്കി ഉപയോഗയോഗ്യമാക്കുകയും, ഒരു അഡ്മിനിസ്ട്രേഷൻ ബ്ലോക്ക് നിർമ്മിക്കുകയും ചെയ്യുക.

6. ആശുപത്രിക്കു ചുറ്റുമതിൽ നിർമ്മിക്കുക, പൊട്ടിയൊഴുകുന്ന സെപ്റ്റിക് ടാങ്കുകൾ നന്നാക്കുകയും, പൊതു കക്കൂസുകൾ നിർമ്മിച്ചും, പരിസര മലിനീകരണം തടയുക.

7. ചെറുകിട ശുദ്ധജല പദ്ധതി സ്ഥാപിച്ച് ശുദ്ധജല വിതരണം കാര്യക്ഷമമാക്കുക.

8. നിർമ്മാണത്തിലിരിക്കുന്ന പുതിയ വാർഡിന്റെ പണി എത്രയും വേഗം തീർത്ത് തുറന്നുകൊടുക്കുക.

(B) 1. അരൂക്കുറ്റി ജെട്ടിയിൽ സ്ഥിതിചെയ്യുന്നതും, ഇപ്പോൾ എക്സൈസ് വകുപ്പിന്റെ കൈവശമുള്ളതും, ഉപയോഗശൂന്യമായി കിടന്ന് നശിച്ചുകൊണ്ടിരിക്കുന്നതുമായ പഴയ കനാൽ ഓഫീസ് ലഭ്യമാക്കി, അടിയന്തിരമായി ഗവ: ആയുർവ്വേദ ഡിസ്പെൻസറി അങ്ങോട്ടുമാറ്റുന്നതിനുള്ള നടപടികൾ എടുക്കുക. പഞ്ചായത്തിൽ മറ്റെങ്ങും, സ്ഥലം

ലഭ്യമല്ലാത്തതിനാൽ ആരോഗ്യവകുപ്പിന്റെ കീഴിലുള്ള പി.എച്ച്.സി. കോമ്പൗണ്ടിന്റെ തെക്കുഭാഗത്ത് സ്ഥലം ലഭ്യമാക്കി പൊതുജന പങ്കാളിത്തത്തോടെ, ഗവൺമെൻറ് ആയുർവ്വേദ ആശുപത്രിക്ക് കെട്ടിടം പണിയാനാവുമോ എന്നാരായുക.

2. ഗ്രാമ പഞ്ചായത്തിൽ ഒരു ഗവ: ഹോമിയോ ആശുപത്രിയും, പ്രകൃതി ചികിത്സാ കേന്ദ്രവും ആരംഭിക്കുക.

പട്ടിക നാല്

തടസകാരണം	പരിഹാരം
1. സാമ്പത്തിക പരാധീനത	സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്താൽ സാമ്പത്തിക സമാഹരണം നടത്തുക
2. സ്ഥലപരിമിതി (കോളനികളിലും, ജനങ്ങൾ തിങ്ങിപ്പാർക്കുന്നസ്ഥലങ്ങളിലും)	പൊതു സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കുക
3. ആവശ്യകതവേണ്ടത്ര പ്രാധ്യപ്പെടാത്തതിനാൽ	പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഫീൽഡ്വിഭാഗം ജീവനക്കാരുടെ സഹകരണത്തോടെ ഗ്രാമസഭകളിൽ ബോധവത്ക്കരണക്ലാസുകൾ സംഘടിപ്പിക്കുക., ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ വിഷ്വൽ മീഡിയ പ്രയോജനപ്പെടുത്തുക.

കക്കൂസ്

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോഴും കുടിവെള്ളം കഴിഞ്ഞാൽ പ്രധാന്യമർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പിരസര ശുചിത്വം പാലിക്കുവാൻ പ്രധാനമായി വേണ്ട ഒന്നാണ് സുരക്ഷിതമായ കക്കൂസ്. തീരപ്രദേശങ്ങളിൽ ഇപ്പോഴും കണ്ടുവരുന്ന രോഗങ്ങളിൽ 30 % വും, ശുദ്ധജലം, സാനിറ്ററി, പരിസരശുചിത്വം എന്നിവ കൊണ്ട് പരിഹരിക്കാൻ കഴിയുമെന്നാണ് വിദഗ്ദ്ധാഭിപ്രായം. പഞ്ചായത്തിലെ 2898 വീടുകൾക്ക് ആകെ 1626 കക്കൂസുകളാണുള്ളത്. ഇതിൽ സെപ്റ്റിക്ടാങ്കുകളുള്ളവ 584 ഉം, ഇ. എസ്. പി. കക്കൂസുകൾ 866 ഉം മറ്റുള്ളവ 176 ഉം ആണ്. അതായത് പഞ്ചായത്തിലെ 43 % വീടുകൾക്കും നിലവിൽ കക്കൂസില്ല. ഇതിനാൽ വിരശല്യം, വയറിളക്കരോഗങ്ങൾ എന്നിവ താരതമ്യേന കൂടുതൽ കണ്ടുവരുന്നു. ജലജന്യരോഗങ്ങൾ വർഷംതോറും വർദ്ധിച്ചുവരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും, അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും, താഴെക്കാണുംവിധം സംഗ്രഹിക്കാം.

പരിസരശുചിത്വം

വ്യവസായവൽക്കരണം വളരെ കുറഞ്ഞ പ്രദേശമാകയാൽ ആ വഴിക്കുള്ള മലീനികരണം കാര്യമായില്ലെങ്കിലും ചെമ്മീൻ സംസ്ക്കരണവുമായി ബന്ധപ്പെട്ടിട്ടുള്ള മലിനജലംകൊണ്ടും, കക്ക വ്യവസായം പൊതുവിസർജ്ജന സ്ഥലങ്ങൾ എന്നിവ മൂലവും, ചതുപ്പു പ്രദേശങ്ങളിൽ മലിനജലം കെട്ടിക്കിടക്കുന്നതുകൊണ്ടുള്ള മലിനികരണം ഗുരുതരമാണ്. പഞ്ചായത്തതിർത്തിയിലുള്ള എല്ലാ വാർഡുകളിലും ഈ പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ ഇതു സംബന്ധിച്ച തിരു-കൊച്ചി പബ്ലിക്ക് ഹെൽത്ത് ആക്ടിലെ പ്രസക്ത നിയമങ്ങൾ കർശനമാക്കേണ്ടതാണ്. പരിസരമലിനീകരണം തടയുന്നതിനെ സംബന്ധിച്ച് ഗ്രാമസഭകളിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. പൊതു മത്സ്യ മാർക്കറ്റുകൾ നിർമ്മിക്കുക
2. അനധികൃത അറവുശാലകൾ നിയന്ത്രിക്കുക
3. ചെമ്മീൻ സംസ്ക്കരണ ശാലകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുകയും, മുൻകരുതലുകൾ കർശനമായി നിഷ്ക്കർഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക
4. പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ശീതള പാനീയശാലകൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില്പന ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കുകയും ആയത് പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക. ഇവിടങ്ങളിൽ ജോലിചെയ്യുന്നവർക്ക് ആരോഗ്യ പരിശോധന കർശനമാക്കുകയും ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പിലാക്കുകയും ചെയ്യുക. അവർക്കായി ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

വർഷകാലത്തും, വരൾച്ചക്കാലത്തും പഞ്ചായത്തിന്റെ തീരപ്രദേശങ്ങളിൽ പകർച്ചവ്യാധികൾ പടർന്നു പിടിക്കുക സാധാരണമാണ്. ഇതിനെതിരെ കിണറുകളിലെ ക്ലോറിനേഷൻ, ഈച്ചകളുടെയും, കൊതുകുകളുടെയും നശീകരണം എന്നിവ ഫലപ്രദമായി ഉപയോഗപ്പെടുത്താവുന്നതാണ്. ആരോഗ്യശീലങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണവും ഗുണപ്രദമാണ്. വീടിനടുത്ത്

മലിനജലം കെട്ടിക്കിടക്കുന്നതു. തടയുക, കക്കൂസ് ടാങ്കുകളുടെ സ്ലാബുകൾക്കിടയിലുള്ള വിള്ളലുകൾ യഥാസമയം അടയ്ക്കുക, എയർ പൈപ്പുകളുടെ ദ്വാരങ്ങളിൽ നെറ്റ് കെട്ടി കൊതുകിന്റെ വളർച്ച തടയുക തുടങ്ങിയ കാര്യങ്ങളിൽ ആരോഗ്യപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തി ബോധവത്ക്കരണം നടത്തുക.

പോഷകാഹാരം

പോഷകാഹാരത്തെക്കുറിച്ചുള്ള അവബോധത്തിന്റെ അപര്യാപ്തത വിദ്യാസമ്പന്നർക്കിടയിലും, ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. പരസ്യമാധ്യമങ്ങൾ കൊണ്ട് ജനങ്ങളെയാകെ കീഴടക്കി കഴിഞ്ഞ ഭക്ഷ്യ വിപണി ടിൻഫുഡുകളുടെയും, റെഡിമെയ്ഡ് ഭക്ഷണങ്ങളുടെയും മായാവലയത്തിലേക്ക് സമൂഹത്തെ ആകർഷിക്കുമ്പോൾ, നമ്മുടെ നാട്ടിൽ ലഭ്യമായ ചെലവുകുറഞ്ഞതും, ഉയർന്ന നിലവാരമുള്ളതുമായ പോഷകസമ്പുഷ്ടമായ ആഹാരസാധനങ്ങൾ അവഗണിക്കുക മൂലം സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങളിൽ നിന്ന് കേരളത്തിലെ മറ്റു പ്രദേശങ്ങളിലെന്നപോലെ നമ്മുടെ ഗ്രാമവും വിമുക്തമല്ല. ആയതിനാൽ ഇക്കാര്യത്തിൽ അടിയന്തര ബോധവത്ക്കരണ നടപടികൾക്കും, അടുക്കളത്തോട്ടത്തിന്റെ പ്രചാരണത്തിനുമായി വാർഡുതല ജനകീയസമിതികൾ രൂപീകരിച്ച് വേദിയൊരുക്കേണ്ടതാണ്.

പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദ്ദേശങ്ങൾ

1. യോഗ കേന്ദ്രം/ജിംനേഷ്യം

പഞ്ചായത്തിലെ ജനങ്ങളുടെ കായികപരിശീലനത്തിനും യോഗാഭ്യാസത്തിനുമുതകുന്ന ഓരോ യോഗ കേന്ദ്രവും,ജിംനേഷ്യവും ആരംഭിച്ചൽ, ശരിയായ പരിശീലനം വഴി ജനതയുടെ കായികവും, മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുനനതോടൊപ്പം യുവതലമുറയെ ചിട്ടയായ ജീവിതചര്യയിലൂടെ ദുസ്വഭാവങ്ങളിൽ നിന്നു രക്ഷിച്ച് നാടിനു മുതൽ കൂട്ടാക്കുവാൻ കഴിയും.

2. ഹെൽത്ത് കാർഡ് സംവിധാനം

ചികിത്സാ രംഗത്തു വളരെ ഗുണപരമായ ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ് ചികിത്സയ്ക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതാക്കുവാനും സഹായിക്കും. ആരോഗ്യപ്രവർത്തകരേയും, സന്നദ്ധസംഘടനാ പ്രവർത്തകരേയും പ്രയോജനപ്പെടുത്തി ഇതു നടപ്പിലാക്കാവുന്നതാണ്. രക്തഗ്രൂപ്പ്, പ്രതിപ്രവർത്തനമുണ്ടാക്കുന്ന മരുന്നുകൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ കാർഡിൽ രേഖപ്പെടുത്തുന്നതിനു കഴിയും.

3. ഉദ്യാനം

അരൂക്കുറ്റി പഞ്ചായത്തിൽ ഒരു വിശ്രമകേന്ദ്രം ഇല്ല. ശാരീരികവും മാനസികവുമായ ആരോഗ്യസ്ഥിതിക്കും, അതിലൂടെ ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിനും ഇതിലൂടെ കഴിയും, ഇതിനായി അരൂക്കുറ്റി ബോട്ടു ജെട്ടിക്കു പടിഞ്ഞാറുഭാഗത്ത് കായലോരത്തുള്ള പ്രകൃതിരമണീയമായ പൊതുസ്ഥലം പ്രയോജനപ്പെടുത്താവുന്നതാണ്.

4. പാരമ്പര്യവൈദ്യമേഖല

വാമൊഴിയായും വരമൊഴിയായും തലമുറകളിലൂടെ പകർന്നു കിട്ടുന്ന അമൂല്യമായ അറിവിന്റെ സംഗ്രഹമാണ് പാരമ്പര്യവൈദ്യം. ധാരാളം പാരമ്പര്യവൈദ്യകുടുംബങ്ങൾ ഈ ഗ്രാമത്തിലുണ്ടായിരുന്നെങ്കിലും ഇന്ന് രണ്ടോ മൂന്നോ കുടുംബങ്ങൾ മാത്രമാണു ശേഷിക്കുന്നത്. അതും ഈ തലമുറയുടെ അസ്തമയത്തോടെ അന്യം നിന്നുപോകും. ഈ സാഹചര്യം ഒഴിവാക്കുന്നതിലേക്കായി ഇന്നു നിലവിലുള്ള വൈദ്യൻമാരുടെ അത്യപൂർവ്വമായ പാരമ്പര്യ വിധികളിൽ നിന്നുള്ള അറിവു ശേഖരിച്ചു സംരക്ഷിക്കുന്നതിനും, ആധുനിക ആയൂർവ്വേദ ഡോക്ടർമാരിലൂടെ ജനനൻമയ്ക്കു പ്രയോജനപ്പെടുന്നതിനുമുള്ള നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ജനങ്ങളുടെ പൊതു ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുവാനായി പുകവലി, പുകയില, മദ്യപാനം എന്നിവ പ്രചരണ ബോധവത്ക്കരണത്തിലൂടെ നിയന്ത്രണവിധേയമാക്കേണ്ടതാണ്. അതോടൊപ്പം തന്നെ ജനസംഖ്യാ നിയന്ത്രണത്തിന്റെ ആവശ്യകത, ലോകത്തെ ഭീകരമായ ഒരു ദുരന്തമായി ഉറ്റു നോക്കുന്ന "എയ്ഡ്സ്" എന്ന രോഗാവസ്ഥയെ സംബന്ധിച്ച ബോധവത്ക്കരണം, തുടർപരിപാടിയായി ഗ്രാമ ശുചീകരണ നടപടികൾ എന്നിവയും പ്രാധാന്യം നല്കി നടപ്പിലാക്കേണ്ടതാണ്.

നിലവിലുള്ള സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തിയും, പുതിയ സാദ്ധ്യതകൾ കണ്ടെത്തിയും ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കുക വഴി രോഗരഹിതവും, ആരോഗ്യപൂർണ്ണവുമായ ഒരു മാതൃകാ പഞ്ചായത്ത് എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

നമ്മളാണു ഭരണവും
നമ്മളാണു പ്രജകളും
നമ്മളാണു നമ്മളുടെ
നന്മ തിന്മ തീർപ്പതും



ഗതാഗതവും ഊർജ്ജവും

മുൻകാലങ്ങളിൽ യാത്രചെയ്യുന്നതിനും സാധനങ്ങൾ കൊണ്ടുപോകുന്നതിനും ജലഗതാഗതമാർഗ്ഗമായിരുന്നു മുഖ്യ ആശ്രയം. ജല ഗതാഗതം ആരൂക്കുറ്റിയിൽ സുഗമമായി നടന്നിരുന്നു. കൊല്ലം, ആലപ്പുഴ, കായംകുളം, കോട്ടയം, മാന്നാർ, ചെങ്ങന്നൂർ എന്നിവിടങ്ങളിലേക്ക് അരൂക്കുറ്റിയിൽ നിന്നും ബോട്ടുമാർഗ്ഗം യാത്രചെയ്യാമായിരുന്നു. അക്കാലത്ത് ഒരു പട്ടണത്തിന്റെ പ്രതീതിയായിരുന്നു അരൂക്കുറ്റിക്ക്.

അരൂർ-ഇടക്കൊച്ചി പാലവും, പൂത്തോട്ട പാലവും പണിതീരുന്നതുവരെ കൊല്ലത്തേയ്ക്കും, കോട്ടയത്തേക്കും കൊച്ചിയിൽ നിന്നും സാധനങ്ങൾ കൊണ്ടുപോയിരുന്നത് വലിയ കേവുവള്ളങ്ങളിലായിരുന്നു. ധാരാളം വള്ളങ്ങൾ മാലപോലെ കൂട്ടിക്കെട്ടി ബാർജ് കൊണ്ട് കെട്ടിവലിച്ച് ടൺകണക്കിനു സാധനങ്ങൾ കുറഞ്ഞ ചെലവിൽ പലദിക്കുകളിലേക്കും കൊണ്ടുപോയിരുന്നു. കൊച്ചിയിൽ നിന്നും കൊല്ലത്തേക്കും കോട്ടയത്തേക്കും, ചരക്കുബോട്ടുകൾ സർവ്വീസ് നടത്തിയിരുന്നു. വേലിയേറ്റത്തിനും ഇറക്കത്തിനും ബോട്ടിലേയ്ക്കു കയറാനുമിറങ്ങാനുമുള്ള സൗകര്യത്തിന് വലിയ ഇരുമ്പു കുറ്റികൾ കായലിൽ നാട്ടി മേൽക്കൂരയുള്ള ബോട്ടുജെട്ടി അരൂക്കുറ്റിയിൽ സ്ഥാപിച്ചിരുന്നു. കെട്ടുവള്ളങ്ങളും ബാർജ്ജുകളും വടുതല ജെട്ടിയിൽ ധാരാളമായി അടുത്തിരുന്നു. വൈക്കത്തഷ്ടമി, ആലുവാ ശിവരാത്രി, കൊടുങ്ങല്ലൂർ ഭരണി, ശബരിമല മകരവിളക്ക്, കാഞ്ഞിരമറ്റം കൊടികുത്ത് മുതലായ വിശേഷ ദിവസങ്ങളിൽ അരൂക്കുറ്റി ജെട്ടിയിലും വടുതല ജെട്ടിയിലും വിവിധ പ്രദേശങ്ങളിൽ നിന്നും വരുന്ന ജനങ്ങളുടെ വലിയ തിരക്ക് അനുഭവപ്പെട്ടിരുന്നു.

ബോട്ടു പോകുന്ന സൗകര്യത്തിവേണ്ടി അരൂക്കുറ്റിയുടെ വടക്കുഭാഗത്ത് 1954ൽ മണ്ണ് ഡ്രഡ്ജ് ചെയ്ത് ആഴം വർദ്ധിപ്പിച്ചു. ആ മണ്ണുകൊണ്ടാണ് അരൂക്കുറ്റിയുടെ വടക്കുവശം കാണുന്ന മൂന്നു തുരുത്തുകൾ (മാട്) രൂപം കൊണ്ടത്.

കേരള സംസ്ഥാന രൂപീകരണത്തോടെ അരൂക്കുറ്റിയുടെ തൊട്ടടുത്ത വ്യവസായകേന്ദ്രവും തുറമുഖവുമായ കൊച്ചിയുമായുള്ള യാത്ര സുഗമമാക്കുന്നതിനുവേണ്ടി അരൂക്കുറ്റി - എറണാകുളം ബോട്ട് സർവ്വീസ് ആരംഭിച്ചു. ഏതാണ്ട് 14 ബോട്ടുകൾ വരെ സർവ്വീസ് നടത്തിയിരുന്നു. അരൂർ ബൈപാസിലൂടെയുള്ള ഗതാഗതം സുഗമമായതോടെ ഈ സർവ്വീസുകൾ നിലച്ചു. പിന്നീട് അരൂക്കുറ്റി, മുണ്ടംവേലി, അരൂക്കുറ്റി - കുമ്പളം സർവ്വിസുകൾ തുടങ്ങി. പനങ്ങാടുവരെ ബസ് സർവ്വീസ് ആരംഭിച്ചപ്പോൾ മുണ്ടേമ്പള്ളി ബോട്ട് സർവ്വീസ് നിലച്ചു. അതിനുശേഷം അരൂക്കുറ്റി - പനങ്ങാട് ബോട്ടുസർവ്വീസ് നിലച്ചു. അതിനുശേഷം അരൂക്കുറ്റി - പനങ്ങാട് ബോട്ട് സർവ്വീസ് ആരംഭിച്ചു. അരൂക്കുറ്റി ഇടക്കൊച്ചി സർവ്വീസ് നിലവിലുണ്ട്. പെരുമ്പളം - എറണാകുളം റൂട്ടിൽ ഓടുന്ന എസ്.ഡബ്ല്യു.ടി.ഡി. യുടെ ബോട്ട് അരൂക്കുറ്റിയിലും വടുതല ജെട്ടിയിലും അടുക്കുന്നുണ്ട്.

രാജവാഴ്ചക്കാലത്തു തന്നെ ചേർത്തലയിൽ നിന്ന് അരൂക്കുറ്റിയിലേക്ക് കരിഗ്യാസ് വണ്ടി ഓടിയിരുന്നു. അന്ന് ട്രഷറി, കോടതി എന്നിവയുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് അരൂക്കുറ്റിയിലുള്ള പാവങ്ങൾ നടന്നും, അല്പാത്തവർ കരിഗ്യാസ് വണ്ടിയിലുമാണ് ചേർത്തലയ്ക്കു പോയിരുന്നത്.

പൂഴിയിട്ട റോഡിൽ കൂടി വളരെ വർഷങ്ങൾക്കുശേഷമാണ് ചേർത്തല-അരൂക്കുറ്റി പ്രൈവറ്റ് ബസ് സർവ്വീസ് ആരംഭിച്ചത്. ലക്ഷ്മി മോട്ടോർ സർവ്വീസ് (എൽ.എം.എസ്) 7 വണ്ടിവരെ ഓടിച്ചിരുന്നു ക്രമേണ ബസ്സുകൾ കൂടി. 1974 ൽ ടാറിംഗ് നടന്നതോടെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിച്ചു. ട്രാൻസ് പോർട്ടുമന്ത്രിയായിരുന്ന ശ്രീ. കെ.കെ. ബാലകൃഷ്ണൻ 31.7.1982 ൽ അരൂക്കുറ്റി - തിരുവനന്തപുരം ഫാസ്റ്റു പാസഞ്ചർ ബസ് ഉദ്ഘാടനം ചെയ്തു.

ശ്രീ. പി.എസ്. കാർത്തികേയൻ ഇവിടെ എം.എൽ.എ. ആയിരുന്ന കാലത്ത്, 1960 ൽ ബ്രാഹ്മണവീട്ടിൽ തോടും ബ്രാഹ്മണവീട്ടിൽതോടുമായി ബന്ധിച്ച് പുത്തൻതോടു നിർമ്മിച്ചു. പഞ്ചായത്ത് രൂപീകൃതമായശേഷം ആദ്യമായി നിർമ്മിച്ച റോഡുകൾ വടുതല-നദ്വത്ത് നഗർ റോഡും, വടുതല ജെട്ടി റോഡുമാണ്. കാലാകാലങ്ങളിൽ വന്ന പഞ്ചായത്തു ഭരണസമിതികൾ ധാരാളം റോഡുകൾ നിർമ്മിക്കുന്നതിനു പരിശ്രമിച്ചുവെങ്കിലും ബഹുഭൂരിപക്ഷവും ഇന്നും അപൂർണ്ണമായി കിടക്കുന്നു.

അരൂക്കുറ്റിയിൽ നിന്നും അരൂർ, ചന്തിരൂർ, എരമല്ലൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് വള്ളം മാത്രമായിരുന്നു ആശ്രയം. ആരൂക്കുറ്റി, അരൂർ, കുണ്ടേക്കടവ് - കുമർത്തുപടി, പുന്നത്തറ - ചന്തിരൂർ, കുടപുറം - എരമല്ലൂർ, വടുതല ജെട്ടി - പെരുമ്പളം എന്നിവ പ്രധാന കടത്തുകളായിരുന്നു. അതിൽ അരൂക്കുറ്റിയിലും കുടപുറത്തും സർക്കാർവക ധർമ്മ കടത്തായിരുന്നു. ചെറിയ വള്ളങ്ങളിലൂടെയുള്ള കടത്ത് പ്രയാസകരമായപ്പോൾ അരൂക്കുറ്റിയിൽനിന്നും അരൂരേക്ക് കഴുക്കോൽകൊണ്ട് തള്ളിനീക്കുന്ന ചങ്ങാടം ഏർപ്പെടുത്തി. ജനങ്ങളുടെ നിരന്തരമായ ആവശ്യപ്പെടലിനെത്തുടർന്ന് 1995 ജനുവരി മുതൽ ബോട്ടുകെട്ടിവലിക്കുന്ന രീതിയിലാക്കി മാറ്റി.

ഗതാഗതത്തിന്റെ കാര്യത്തിൽ കാര്യമായ പുരോഗതി നമുക്കുണ്ടായിട്ടുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സഞ്ചാരയോഗ്യമായ റോഡുകൾ ഇനിയും നിർമ്മിക്കേണ്ടതുണ്ട്. അരൂക്കുറ്റി, അരൂർ പാലം പണി പൂർത്തിയാകുന്നതോടെ അരൂക്കുറ്റിയുടെ ഗതാഗതരംഗത്ത് വൻ മുന്നേറ്റംതന്നെയുണ്ടാകും.

റോഡുകളുടെ പേര്	റോഡ് ഏതെല്ലാം വില്ലേജുകളിൽ കടന്നുപോകുന്നു.	റോഡിന്റെ നീളം മീറ്റർ	പഞ്ചായത്തിൽ നിന്ന് വെട്ടിച്ചതോ, പി.ഡബ്ല്യു.ഡി. യിൽ നിന്നും കിട്ടിയതോ	റോഡിന്റെ വീതി മീറ്റർ
1. കൊമ്പന്നാമുറി കാട്ടുപുറം		2100	പഞ്ചായത്ത്	6.5 മീറ്റർ
2. വടുതല ജെട്ടി കാട്ടുപുറം		3000		6 "
3. അരൂക്കുറ്റി പാദുവാപുരം പള്ളി		650		6 "
4. കാട്ടുപുറം കൊറ്റക്കേരിൽ		800		4 "
5. നെടുംപള്ളി വെളി		300		3 "
6. പാട്ടത്തിൽ		600		4 "
7. പാട്ടത്തിൽ കാട്ടിലെമഠം		800		5 "
8. വടുതല ജെട്ടി		300		6 "
9. അഞ്ചുകണ്ടത്തിൽ ചിലമ്പശേരി		1400		3 "
10. കൊടുവേലിക്കകത്ത്		900		3 "
11. വേലിക്കകത്ത് മട്ടമ്മേൽ		450		3 "
12. ടാഗൂർ മീൻ കുഴി		400		6 "
13. വടുതലജെട്ടി മുന്നൂർപള്ളി		650		4 "
14. ഹിദായത്ത് മുത്തുവീട്		1400		3 "
15. പനക്കത്തറ കുറ്റിയാഞ്ഞിലിക്കൽ		1300		3.5 "
16. കാവുങ്കൽ മാത്താനം		850		2.5 "
17. കളരിക്കൽ നടപ്പാത		450		2.5 "
18. അരൂക്കുറ്റി പാദുവാപുരം പള്ളി		500		3.5 "
19. പനയന്തി ചെഞ്ഞാളിൽ		1000		3 "
20. കോട്ടൂർ പള്ളി		1400		5 "
21. മനയ്ക്കൽ റോഡ്		450		2 "
22. കൊട്ടാരം ലക്ഷം വീട്		300		2.5"
23. സ്രാപ്പള്ളി അങ്ങാടി		400		2.5 "
24. കടക്കായിത്തറ കുടപുറം		300		2.5 "
25. താമരച്ചാൽ റോഡ്		300		2.5 "

ഗ്രാമസഭകളുടെ ആവശ്യങ്ങൾ:

വാർഡ് 1

1. അരൂക്കുറ്റി ആശുപത്രി റോഡ് ചെള്ളിക്കാട്ട് പ്രദേശത്തുകൂടി വടുതല നദുവത്ത് നഗർ റോഡുമായി ബന്ധിപ്പിക്കുക.
2. പാദുവാപുരം പള്ളിക്കുവടക്ക് വാലയിൽ നിന്നും പുളിത്തറ കോളനി മെയിൻ റോഡിലേക്ക് ഏകദേശം 800 മീറ്റർ റോഡ് നിർമ്മിക്കുക.
3. ആശുപത്രിയിൽ നിന്നും തുടങ്ങി ഇട്ടിത്തറ വഴി കളരിക്കൽ മെയിൻ റോഡിൽ വന്നു ചേരുന്ന വഴി പൂർത്തീകരിക്കുക.
4. അങ്ങാടിയിൽനിന്നും കിഴക്കോട്ട് പഞ്ചായത്തിനു വടക്കുവശം മെയിൻറോഡിൽ കയറുന്ന റോഡ് പൂർത്തീകരിക്കുക.
5. ആശുപത്രിക്കു വടക്കുവശം താമസിക്കുന്നവർക്ക് പൊതുവഴി അനുവദിക്കുക.
6. ആമ്പേലിയിൽ നിന്നു തുടങ്ങി പടിഞ്ഞാറോട്ട് വെളുത്താറ കളേടത്തു ചിറവഴി ഇട്ടിത്തറയിൽ ചേരുന്ന വഴി നിർമ്മിക്കുക.
7. അരൂക്കുറ്റിയിൽ നിന്നു പുറപ്പെടുന്ന അവസാന ബസ്സിന്റെ സമയം രാത്രി 10 മണിയാക്കുക.
8. ബസ്സ്റ്റാൻറിന്റെ ശോചനീയാവസ്ഥ പരിഹരിക്കുക. ബസ് സ്റ്റാൻറും, ടാക്സി സ്റ്റാൻറും നിർമ്മിക്കുക.
9. അരൂക്കുറ്റി അരൂർ പാലം പണി ഉടനടി തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
10. അരൂക്കുറ്റി പനങ്ങാട്, അരൂക്കുറ്റി ഇടക്കൊച്ചി ഫെറി ബോട്ട് സർവീസ് കാര്യക്ഷമമാക്കുക.

അരുക്കുറ്റി ഗ്രാമപഞ്ചായത്ത് തോടുകൾ



1. പതിയങ്കാട്ടു തോട്
2. തെള്ളിക്കാട്ടുതോട്
3. മീൻ കുഴി തോട്
4. എടമന തോട്
5. ബ്രാഹ്മണവീട്ടു തോട്
6. പൈങ്ങാത്തോട്
7. കുമ്മലത്തോട്
8. കമ്മട്ടിക്കാട് തോട്
9. കുഞ്ഞിലിക്കുളം തോട്
10. വട്ടപ്പുഴയത്ത് തോട്

11. അറപ്പോഴിയിൽ നിന്നും കിഴക്കോട്ട് ചേർത്തല അരൂക്കുറ്റി മെയിൻറോഡുമായി ബന്ധിപ്പിക്കുക.

വാർഡ് 2.

1. തങ്കേക്കാട്ടു ക്ഷേത്രത്തിൽ നിന്നും തുടങ്ങി മാത്താനം ജങ്ഷനിൽ വന്നു കയറുന്ന റോഡിന്റെ പണി പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കി തീർക്കുക. പാടശേഖരങ്ങളിലൂടെ കടന്നുപോകുന്ന റോഡിന്റെ ഇരുവശവും, കരിങ്കല്ലുകെട്ടി സംരക്ഷിക്കുക.
2. മാത്താനം ജങ്ഷനിൽ നിന്നും കിഴക്കോട്ട് നിലവിലുള്ള പാത വികസിപ്പിച്ച് കിടേശ്ശേരി റോഡുമായി ബന്ധിപ്പിക്കുക.
3. കളരിക്കൽ വഴിയുള്ള റോഡ് അൻസാർ തക്യാവുവഴി കിടേശ്ശേരി റോഡുമായി ബന്ധിപ്പിക്കുക. ഈ റോഡ് ഐ. എച്ച്. ഡി. പി. കോളനി വഴി കമ്പനി ജെട്ടി റോഡ് (ആംഗൻവാടി) മായി ബന്ധിപ്പിക്കുക.
4. കോതാംവീട്ടിൽ കിഴക്കു പുറത്തുനിന്നും സുബ്രഹ്മണ്യ ക്ഷേത്രം വഴി കിഴക്കോട്ട് മുട്ടുങ്കൽ വരെ റോഡ് നിർമ്മിക്കുക.
5. പനക്കത്തറ റോഡ് മാത്താനം കിടേശ്ശേരി റോഡുമായി ബന്ധിപ്പിക്കുക.
6. പള്ളാക്കൽ ക്ഷേത്രത്തിനും റഹ്മത്ത് ഐസ്പ്ലാൻറിനും ഇടയ്ക്കു കൂടി കിഴക്കോട്ട് റോഡ് നിർമ്മിക്കുക.
7. കൊട്ടാരം പുരയിടത്തിലൂടെ (തെക്കുവശംവഴി) കിഴക്കോട്ട് പാടത്തറ പാലംവഴി പനയ്ക്കത്തറ റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കുക.
8. പാടത്തറയിൽ മരപ്പാലം കോൺക്രീറ്റു ചെയ്യുക
9. തേവേലി തോടിനു കുറുകെ മരപ്പാലത്തിനു പകരം കോൺക്രീറ്റ് ക്രോസ്ബാർ നിർമ്മിക്കുക.

അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് കടത്തുകൾ



1. അരൂക്കുറ്റി അരൂർ
2. കുണ്ടേക്കടവ്-കുമർത്തുപടി
3. പുന്നത്തറ ചന്തിരൂർ
4. കുടപുറം-എരമല്ലൂർ
5. അരൂക്കുറ്റി-പനങ്ങാട്
6. വടുതലജെട്ടി-പെരുമ്പളം

10. മാത്താനം കിഴക്കുവശത്തുനിന്നും സുബ്രഹ്മണ്യ ക്ഷേത്രത്തിലേക്ക് റോഡ് നിർമ്മിക്കുക.
11. കമ്പനി ജെട്ടിയിൽ ബോട്ടടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
12. കിടശ്ശേരി റോഡ് കമ്പനി ജെട്ടിയുമായി ബന്ധിപ്പിക്കുക
13. പള്ളാക്കൽ കലുങ്കിന്റെ അറ്റകുറ്റപ്പണി നടത്തുക
14. കിണാത്തു തോടിനു കുറുകെയുള്ള മരപ്പാലം കോൺക്രീറ്റ് ചെയ്യുക.
15. മങ്കുളം വഴി പതിയങ്കാട്ടെത്തി കലുങ്കുവഴി തെക്കോട്ടുള്ള പാത നിർമ്മിക്കുക
16. കളരിക്കൽ പൂത്തറ റോഡിൽ നിന്നും വടക്കോട്ട് തേവലിൽ പടിഞ്ഞാറെ പുറത്തുകൂടി· മാത്താനം കിടേശ്ശേരി റോഡുമായി ബന്ധിപ്പിക്കുക.

വാർഡ് 3

1. നിലവിലുള്ള റോഡ് അറ്റകുറ്റ പണിനടത്തി പൂർത്തീകരിക്കുക.
2. പനക്കത്തറയിൽ നിന്നും തെക്കോട്ടു കണ്ണാറപ്പള്ളി വരെ പുതിയ റോഡ് നിർമ്മിക്കുക.
3. പങ്കുതറ തോടിനു കുറുകെ ഗതാഗത സൗകര്യമുള്ള കലുങ്കു പാലം നിർമ്മിക്കുക.
4. കുന്നുമ്മേൽ തെക്കുഭാഗത്തുകൂടി കിഴക്കോട്ട് കണിച്ചികാട്ട് വരെ എത്തി നില്ക്കുന്ന റോഡ് തെക്കോട്ട് ഹിദായത്തുവരെ എത്തിക്കുക. അതിന്റെ അറ്റം തങ്കേക്കാട്ടു ക്ഷേത്ര സമീപം വരെ എത്തിക്കുക.
5. ഉദയനാട്ടുറോഡിൽ നിന്ന് ആരംഭിച്ച് തീരദേശം വഴി റോഡ് നിർമ്മിക്കുക.
6. പനക്കത്തറ റേഷൻ കടയ്ക്കു കിഴക്കുവശമുള്ള കലുങ്കിനും പാട്ടുപറമ്പ് ക്ഷേത്രത്തിന് പടിഞ്ഞാറ് വശമുള്ള കലുങ്കിനും റിട്ടേണിങ്ങ് വാഹം നിർമ്മിക്കുക.

7. പടന്നയിൽ തോട്ടിൽ കലുങ്കു പാലം നിർമ്മിക്കുക.
8. പുത്തൻ പുരയ്ക്കൽ നടപ്പാലം നിർമ്മിക്കുക
9. വെളീപ്പറമ്പ് റോഡ് അഞ്ചാം വാർഡ് താങ്കേരി കോള നിയുമായി ബന്ധിപ്പിക്കുന്ന നടപ്പാലം നിർമ്മിക്കുക.
10. കൊമ്പനാമുറി കാട്ടുപുറം റോഡിന്റെ വശങ്ങളിൽ വയലുകളുള്ള ഭാഗത്ത് ഇരുപുറവും കരിങ്കല്ലുകെട്ടി ബലപ്പെടുത്തുക.

വാർഡ് 4

1. കൊമ്പനാമുറി കാട്ടുപുറം റോഡ് വീതികൂട്ടുക
2. ബസ് സർവീസ് കൂടതലായി അനുവദിക്കുക.
3. ബസ്സർവീസ് സമയം ജനോപകാരപ്രദമാക്കുക
4. കാട്ടുപുറം വടുതല ഹൈസ്കൂൾ റോഡ് എത്രയും വേഗം പ്പണിപൂർത്തിയാക്കുക. കല്ലുകെട്ടി സംരക്ഷണം ആവശ്യമായിട്ടുവന്നാൽ അതിന്റെ ജോലി പൂർത്തിയാക്കുക.
5. വെളിമുത്തു വീടിനുസമീപം കലിങ്കു പണിയുക (സെൻറ് ജേക്കബ് ചർച്ചിനു സമീപം)
6. അഞ്ചുകണ്ടം മുതൽ എസ്.എൻ.ഡി.പി.വരെയുള്ള റോഡിന്റെ സൈഡിന് കരിങ്കൽ കെട്ടി സംരക്ഷിക്കുക.
7. വട്ടത്തല ജെട്ടിയിൽ നിന്ന് വടക്കോട്ട് എസ്. എൻ. ഡി. പി. വരെ റോഡ് നിർമ്മാണം
8. ദാറുസ്സലാം മുതൽ വടുതല ജെട്ടിവരെയുള്ള റോഡ് പൂർത്തീകരിക്കുക.
9. നാലാം വാർഡിൽ നിലവിലുള്ള റോഡ് പൂഴിയിട്ടു സംരക്ഷിക്കുക.
10. പുതിയതായി വേലി, മതിൽ കെട്ടുന്നവർ കുറഞ്ഞത് 3 അടി സ്ഥലം പൊതുവഴിക്ക് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
11. എസ്. എൻ. ഡി. പി. യിൽ നിന്ന് കിഴക്കോട്ട് റോഡ് നീട്ടി കായൽ വരെ എത്തിക്കുക.
12. പുതിയതായി റോഡ് നിർമ്മിക്കുന്ന അവസരത്തിൽ രണ്ടുവ്യക്തികളുടെ അതിർത്തികളിൽ കൂടി കടന്നു പോകുമ്പോഴും തുല്യവീതിക്ക് നിർബന്ധമായും സ്ഥലം കിട്ടുന്നതിനുള്ള നടപടി സ്വീകരിക്കുക.
13. പള്ളിത്തോടിൽ നാലാം വാർഡിന്റെ സൈഡിൽ കരിങ്കൽ കെട്ടി സംരക്ഷിക്കുക.

വാർഡ് 5

1. നിലവിലുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിക്കുക
2. ആയുർവേദ ഹോസ്പിറ്റലിനു വടക്കുവശത്തുകൂടി കാട്ടിലെമഠം – അഞ്ചുകണ്ടം റോഡുമായി ബന്ധിക്കുന്ന ഒരു റോഡ് നിർമ്മിക്കുക.
3. ടാഗോർ റോഡ് മുതൽ കിഴക്കോട്ട് കൈമാട്ട് തക്യാവു വരെയുള്ള റോഡുകളും നിർമ്മിക്കുക.
4. താങ്കേരി കോളനിയുടെ വടക്കുവശത്തുള്ള റോഡ് കാട്ടിലെ മഠം റോഡുമായി ബന്ധിപ്പിക്കുക.
5. അടയാട്ടുഭാഗത്തു വന്നു നിൽക്കുന്ന റോഡ് ചേർത്തല-അരൂക്കുറ്റി റോഡുമായി ബന്ധിപ്പിക്കുക
6. പള്ളാക്കൽ തോട്ടിൽ പാലം നിർമ്മിക്കുക.
7. താങ്കേരി തോടിന് പാലം നിർമ്മിക്കുക.

വാർഡ് 6

1. കോട്ടൂർകടവ് റോഡ്, ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക
2. കോട്ടൂർകടവ് ജെട്ടി നിർമ്മിക്കുക (ചരക്ക് ഇറക്കുന്നതിനും, കയറ്റുന്നതിനുംവേണ്ട സൗകര്യം ഏർപ്പെടുത്തുക)
3. കോട്ടൂർ കടവ് റോഡിന് വടക്കുഭാഗത്തുള്ള വെള്ളം വലിയകുളത്തിലേക്ക് എത്തിക്കുക.
4. കോട്ടൂർപള്ളി പടിഞ്ഞാറുവശത്തുള്ള റോഡുമായി ബന്ധിപ്പിച്ച് കുണ്ടേക്കടവിലേക്ക് റോഡ് നിർമ്മിക്കുക.
5. കോട്ടൂർകടവ് റോഡിൽ നിന്നും വടക്കോട്ട് ചെല്ലിക്കാട്ട് തോടുവരെ റോഡ് നിർമ്മിക്കുക.
6. ചെല്ലിക്കാട്ടു നിലവിലുള്ള കലുങ്ക് പുതുക്കി പണിയുക.
7. ടാഗൂർ റോഡിൽ നിന്ന് വടക്കോട്ട് വെണ്ണിച്ചുതറ കോളനി വഴി കാട്ടിലെ മഠം ലക്ഷംവീടുമായി ബന്ധിപ്പിക്കുന്ന അംഗീകൃത റോഡിന്റെ പണി എത്രയും വേഗം ആരംഭിക്കുക.
8. മണക്കാട്ടു തെക്കുവശത്തുകൂടി കിഴക്കോട്ട് പട്ടികജാതിക്കോളനിയിലേക്കുള്ള നടവഴി പൂഴി വിരിച്ച്സഞ്ചാരയോഗ്യമാക്കുക.
9. പാമ്പാടി പടിഞ്ഞാറുവശത്തുകൂടി ഉളിയത്തലവഴി നിലവിലുള്ള നടപ്പാത റോഡാക്കി മാറ്റുക.
10. അഞ്ചാം വാർഡിലെ അഞ്ചുകണ്ടത്തിൽ നിന്ന് ആരംഭിക്കുന്ന റോഡ് കാട്ടിലെ മഠം ലക്ഷംവീടുവഴി ആറാം വാർഡിലെ പുതിയായി കിഴക്കുവശം വന്ന് നിൽക്കുന്ന റോഡ് മെയിൻറോഡുമായി ബന്ധിപ്പിക്കുക
11. മെയിൻറോട്ടിൽ നിന്ന് കുറ്റിക്കാട്ട് കിഴക്കോട്ട് കണിശ്ശേരിൽ തോടുവരെ അനുവദിച്ചിട്ടുള്ള റോഡ് എത്രയും വേഗം പൂർത്തിയാക്കുക.
12. ആറാം വാർഡിൽ നിലവിലുള്ള കുണ്ടേക്കടത്ത് പഞ്ചായത്ത് ഏറ്റെടുക്കുക
13. കുണ്ടേക്കടവിൽ ശ്രീ. സുബ്രഹ്മണ്യക്ഷേത്രത്തിന്റെ അടുത്തുള്ള തോടിന് കുറുകെ കലുങ്കു പണിയുക.
14. വർഷകാലങ്ങളിൽ കുണ്ടേക്കടവിൽ സ്ഥിരമായി ഉണ്ടാകുന്ന വെള്ളക്കെട്ട് ഇല്ലാതാക്കുന്നതിനുള്ള നിർഗമനമാർഗ്ഗം സ്വീകരിക്കുക.
15. പനത്തറ തോട്ടിൽ സ്ലാബ് നിർമ്മിക്കുക.
16. തോട്ടാത്ത് തോട്ടിൽ സ്ലാബ് നിർമ്മിക്കുക
17. പുതിയായി കിഴക്കോട്ട് മീൻകുഴി തോട്ടിൽ പാലം
18. കുണ്ടേക്കടവിൽ തറേപാലത്തിന് പടിഞ്ഞാറോട്ട്

നടപ്പാത

19. കോട്ടൂർ പള്ളിയുടെ തെക്കോട്ടുള്ള റോഡ് പനയന്തി റോഡിലേയ്ക്ക് ബന്ധിപ്പിക്കുക.

20. പൊക്കലിൽ തോട്ടിൽ സ്ലാബ് നിർമ്മിക്കുക.

വാർഡ് 7

1. പനേന്തി കോട്ടൂർ പള്ളി റോഡ് പണി പൂർത്തിയാക്കുക
2. 1008, വടുതല, എന്നീ ബസ്സ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.
3. ചെഞ്ഞാളി, കോട്ടൂർപ്പള്ളി റോഡ് അറ്റകുറ്റപ്പണി നടത്തി വീതികൂട്ടുക
4. നദുവത്ത് നഗർ റോഡ് ടീ ടാർ ചെയ്യുക
5. കോട്ടൂർ കടവ് റോഡ് ടാർ ചെയ്യുക
6. പട്ടികജാതി സർവ്വീസ് സഹകരണ സംഘത്തിൽ നിന്നും തുടങ്ങുന്ന റോഡ് വീതികൂട്ടി കോട്ടൂർ ചെഞ്ഞാളി റോഡുമായി ബന്ധിപ്പിക്കുക.
7. വാഴത്തറ പ്രദേശത്തേക്ക് ക്ലാസിക്കൽ ടൂട്ടോറിയൽ ഭാഗത്തുനിന്ന് റോഡു തുടങ്ങി കുറ്റിപ്പുറം തക്കുവു ഭാഗത്തു അവസാനിക്കുന്ന റോഡ് നിർമ്മിക്കുക.
8. ആയിത്തറ കോളനി വഴി നദുവത്ത് റോഡിൽ നിന്നും ശ്രീ സുബ്രമണ്യ ക്ഷേത്രം വരെ റോഡ് നിർമ്മിക്കുക.
9. പെരിങ്ങാട്ടുചിറയുമായി ബന്ധിപ്പിക്കുന്ന ചേർത്തല അരൂക്കുറ്റി റോഡും, പള്ളി റോഡുമായുള്ള ലിങ്ക് റോഡ് അനുവദിക്കുക.
10. കുണ്ടേക്കടവു കടത്തു കടവിലേക്ക് പനേന്തി ഭാഗത്തുനിന്നും റോഡ് നിർമ്മിക്കുക.
11. 1008 ജംഗ്ഷനിൽ നിന്നും ചടിഞ്ഞാറോട്ട് റോഡ് നിർമ്മിക്കുക
12. തുരുത്തിപ്പള്ളി ഭാഗത്ത് സ്തംഭിച്ചു നിൽക്കുന്ന റോഡ് വടക്കോട്ട് നിർമ്മിച്ച് പെരിങ്ങാട്ടുചിറ 1008 ഭാഗവുമായി ബന്ധിപ്പിക്കുക.
13. ജയ് ഗാർഡൻ മുതൽ ബ്രാഹ്മണി വീട്ടിൽ തോടിനു വടക്കുഭാഗം കൂടി പടിഞ്ഞാറോട്ട് നടപ്പാത നിർമ്മിക്കുക.
14. മണിയമ്പള്ളി പാലത്തിനു കിഴക്കോട്ട് തോടിനു വടക്കേക്കരയിൽക്കൂടി പുതിയ പാലം ഭാഗത്തേക്ക് നടപ്പാത നിർമ്മാണം.
15. വാർഡിൽ ആവശ്യമുള്ള സ്ഥലങ്ങളിലെല്ലാം പൈപ്പ് കൽവർട്ട്, റിട്ടേണിംഗ് വാൾ എന്നിവ നിർമ്മിക്കുക.

വാർഡ് 8

1. ഈ വാർഡിൽ ഉദ്ദേശം 600 മീറ്റർ ടാർ ചെയ്ത ഒരു റോഡ് മാത്രമാണ് ഉള്ളത്. ഈ റോഡിലൂടെ ഉണ്ടായിരുന്ന ബസ് സർവ്വീസ് പുനസ്ഥാപിക്കുക.
2. നിലവിൽ ഉൾപ്രദേശങ്ങളിലേക്ക് ഒരു റോഡ് പോലുമില്ല.
3. തൃച്ചാറ്റുകുളം നോർത്ത്, നദുവത്ത് നഗർ റോഡ് നിർമ്മിക്കുക. (ഇതിനാവശ്യമായ കൺസെൻറുകളും കിട്ടിയിട്ടുള്ളതാണ്.)
4. തഴുപ്പിൻ കടവിൽ - കളത്തിൽ ഭജനമഠം റോഡ് നിർമ്മിക്കുക. (കൺസെൻറുകളും ലഭിച്ചിട്ടുണ്ട്.)
5. നദുവത്ത് നഗർ - പുന്നത്തറ റോഡും നിർമ്മിക്കുക.
6. വാർഡിന്റെ തീരപ്രദേശത്തുകൂടി റോഡ് നിർമ്മിക്കുക.
7. പുളിങ്ങാപ്പള്ളി-കോതുപള്ളിച്ചിറ റോഡ് നിർമ്മിക്കുക.
8. കട്ടുവള്ളി തെക്കുഭാഗത്തുനിന്നും പടിഞ്ഞാറ് തീരദേശം വരെ റോഡ് നിർമ്മിക്കുക.
9. മാളികയ്ക്കൽ, പുളിങ്ങാപ്പള്ളി, കളത്തിൽ ഭജനമഠത്തിനു വടക്ക് എന്നിവിടങ്ങളിൽ നടപ്പാലം നിർമ്മിക്കുക.
10. ദൈനംദിനം നികർത്തിക്കൊണ്ടിരിക്കുന്ന മണിയമ്പള്ളി തോട് ആഴം വർദ്ധിപ്പിച്ച് ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക.
11. പൈങ്ങാ തോട് ഉപയോഗയോഗ്യമാക്കണം.

വാർഡ് 9

1. കുടപുറം കടയ്ക്കായിത്തറ റോഡ്.
2. വല്യാറമ്പത്ത് കുടപുറം തീരദേശ റോഡ്.
3. മധുരക്കുളം ചുങ്കൽ കടവ് റോഡ്.
4. മധുരക്കുളം പള്ളി റോഡ്.
5. മധുരക്കുളത്തിന് പടിഞ്ഞാറോട്ടുള്ള റോഡിന്റെ നിർമ്മാണ പൂർത്തീകരണം.
6. കടവിലുള്ള തോടിന്റെ ഇരുവശവും ബന്ധിപ്പിക്കുന്നതിനുള്ള റോഡ്.
7. കണ്ണന്തറ പുരയിടവും ചങ്ങരേഴത്ത് ചിറയുമായി ബന്ധിപ്പിച്ചുകൊണ്ടും, കുടപുറത്തുപറമ്പും ചങ്ങരേഴത്ത് ചിറയുമായി ബന്ധിപ്പിക്കാൻ രണ്ട് പാലം വേണം.
8. കണ്ണന്തറ പുരയിടവും,ചങ്ങരേഴത്ത് ചിറയുമായി ബന്ധിപ്പിക്കുന്നതിനുള്ള പാലം.
9. പടന്നിത്തറയും കാമ്പള്ളി നികർത്തും തമ്മിൽ ബന്ധിപ്പിച്ചുള്ള പാലം.
10. കുമ്മലത്തോടിനു കുറുകെയുള്ള കലിങ്കുപാലം പുതുക്കിപണിയുക.
11. കറുകച്ചിറപ്പറമ്പും തറയിൽ പുരയിടവുമായി ബന്ധിപ്പിക്കുന്ന കലുങ്കുപാല നിർമ്മാണം.

അരൂക്കുറ്റി ഗ്രാമപഞ്ചായത്ത് റോഡുകൾ



1. അരൂക്കുറ്റി-ചേർത്തല
2. കൊമ്പനാമുറി കാട്ടുപുറം
3. അരൂക്കുറ്റി പാടുവാപുരം പള്ളി
4. കാവുങ്കൽ മാത്താനം
5. കളരിക്കൽ നടപ്പാത
6. പനക്കത്തറ കുറ്റിയാഞ്ഞിലിക്കൽ
7. സ്രാപ്പള്ളി അങ്ങാടി
8. അഞ്ചുകണ്ടത്തിൽ ചിലമ്പശേരി
9. ഹിദായത്ത് മുത്തുവീട്
10. കൊടുവേലിക്കകത്ത്
11. കോട്ടൂർ പള്ളി
12. ടാഗൂർ മീൻ കുഴി
13. പനയന്തി ചെഞ്ചാളിൽ
14. വടുതല ജെട്ടി കാട്ടുപുറം
15. വടുതല മുന്നൂർപള്ളി
16. പാട്ടത്തിൽ
17. പാട്ടത്തിൽ കാട്ടിലെമഠം
18. നെടുംപള്ളി വെളി
19. കാട്ടുപുറം കൊറ്റക്കേരിൽ
20 നദ്വത്ത് നഗർ റോഡ്
21. വേലിക്കകത്ത് മട്ടമ്മേൽ
22. മനയ്ക്കൽ റോഡ്
23. കൊട്ടാരം ലക്ഷം വീട്
24. കടക്കായിത്തിറ കുടപുറം
25. താമരച്ചാൽ റോഡ്



പാർപ്പിടവും സാമൂഹ്യക്ഷേമവും

അരൂക്കുറ്റി വില്ലേജ് മാത്രം ഉൾപ്പെടുന്ന ഈ പഞ്ചായത്തിൽ ഒട്ടനവധി കോൺക്രീറ്റ് കെട്ടിടങ്ങളും ബഹുനില കെട്ടിടങ്ങളും ഉണ്ടെങ്കിലും, വാസയോഗ്യ മല്ലാത്ത കുടിലുകളിൽ നിവസിക്കുന്ന 200 കുടുംബങ്ങൾ ഉള്ളതായി സർവ്വേ വ്യക്തമാക്കുന്നു. മൂന്നും നാലും കുടുംബങ്ങൾ ഒരുമിച്ചു താമസിക്കുന്ന ധാരാളം വീടുകൾ ഈ പഞ്ചായത്തിലുണ്ട്

പട്ടിക 1

ഭവന ലഭ്യതാ കണക്ക്

വർഷം	JRY	IAY	MWS	SCP	TOTAL
1990-91	6		4		10
1991-92	5				5
1992-93				6	6
1993-94	9	2	1		12
1994-95	2	2	7		11
1995-96	10	8	5		23

(അവലംബം : പഞ്ചായത്ത്, വി. ഇ. ഒ. റിപ്പോർട്ടുകൾ)

കുടിലുകൾ അധികവും പഞ്ചായത്തിന്റെ അഞ്ചും എട്ടും വാർഡുകളിലാണ്. ധനസഹായത്തിന്റെ അപര്യാപ്തതമൂലം പട്ടിക ജാതിവിഭാഗത്തിൽ പെടുന്നവർക്ക് അനുവദിച്ച ധാരാളം വീടുകൾ പണിതീരാതെ കിടക്കുന്ന അവസ്ഥ നിലവിലുണ്ട്.

സർക്കാർ ഏജൻസികളിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ജെ.ആർ.വൈ., ഐ.എ.വൈ., എം.ഡബ്ല്യൂ. എസ്, തുടങ്ങിയ പദ്ധതികളിലൂടെ പരിമിതമായ ഗുണഭോക്താക്കൾക്ക് മാത്രമേ ഭവന നിർമ്മാണത്തിനുള്ള സഹായം ലഭിച്ചിട്ടുള്ളൂ എന്നു കാണാം.

പട്ടിക 2

ഐ.ആർ.ഡി.പി. സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം. (1992)

വാർഡ്	ആകെകുടുംബങ്ങൾ	ഇതുവരെസാമ്പത്തികസഹായം ലഭിച്ചകുടുംബങ്ങൾ
1.	154	16
2.	181	13
3.	220	13
4.	142	11
5.	160	22
6.	198	15
7.	246	20
8.	232	26

അവലംബം: ഐ.ആർ.ഡി.പി. സർവ്വേ (1992)

നമ്മുടെ പഞ്ചായത്തിലെ കുടിലുകളുടെയും ഭവനരഹിതരുടെയും എണ്ണം വളരെ അധികമായിരിക്കെ, സർക്കാർ ഏജൻസികളുടെ സഹായം മാത്രം ആശ്രയിച്ച് ലക്ഷ്യം പൂർത്തീകരിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ഇക്കാര്യത്തിൽ ഒരു പ്രായോഗിക സമീപനം ആവശ്യമാണ്. പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിലേക്ക് താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

- ഈ പഞ്ചായത്തിലുള്ള മുഴുവൻ ഭവനരഹിതരെയും കുടിലുകളിൽ നിവസിക്കുന്നവരെയും വിളിച്ചുചേർക്കുകയും ഇവിടെ പ്രവർത്തിക്കുന്ന, സാമ്പത്തിക ശേഷിയുള്ള എല്ലാ സംഘടനകളുമായി ബന്ധിപ്പിച്ച് കുറെ വീടുകൾ നിർമ്മിക്കുന്നതിന് ഇത്തരം സംഘടനകളെ ഏല്പിക്കുക. മതപരവും സാമുദായികവുമായി സാമ്പത്തിക ഭദ്രതയുള്ള എല്ലാ സംഘടനകളെയും ഇതിന് ഉപയോഗിക്കാവുന്നതാണ്.

- പഞ്ചായത്തു തലത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. ഇങ്ങനെ രൂപീകരിക്കുന്ന സംഘത്തിന് താഴെപറയുന്ന പ്രത്യേകതകൾ ഉണ്ടായിരിക്കണം.

A) സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയ്ക്ക് പകരമായി പണി തീരുന്ന കെട്ടിടം ജാമ്യമായി വായ്പ അനുവദിക്കേണ്ടതാണ്.

B) പലിശ നിരക്ക് 12% ആയി പരിമിതപ്പെടുത്തിയിരിക്കണം.

സർക്കാർ ഏജൻസികൾ മുഖേന സൗജന്യമായി അനുവദിക്കുന്ന വീടുകൾക്ക് ഇന്ന് ലഭ്യമാകുന്ന 22,000 രൂപ അപര്യാപ്തമായതിനാൽ അത് 35,000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.

- ഈ പഞ്ചായത്തിലെ ദുർബ്ബല ജനവിഭാഗങ്ങൾക്ക് വീടു നിർമ്മിക്കുന്നതിന് സഹായം നൽകുന്നതിലേക്കായി ഒരു നിധി രൂപീകരിക്കുക. പണമായും നിർമ്മാണ സാമഗ്രികളുമായും ഈ നിധിയിലേക്ക് സംഭാവനകൾ

സ്വീകരിക്കാവുന്നതാണ്. ഈ നിധിയുടെ സമാഹരണവും, ഉപയോഗവുമായി ബന്ധപ്പെട്ട ഒരു കർമ്മസമിതി രൂപീകരിക്കേണ്ടതാണ്. ഇതോടനുബന്ധിച്ച്, സാങ്കേതിക സഹായവും മനുഷ്യാദ്ധ്വാനവും ലഭ്യമാക്കുവാനുതകുന്ന ഒരു സേന രൂപീകരിക്കാവന്നതാണ്. സർക്കാർ സഹായം അപര്യാപ്തമായിരിക്കുന്ന സാഹചര്യത്തിലുള്ള ഈ ഗുണഭോക്തൃക്കൾക്കും ഈ നിധിയിൽ നിന്ന് പ്രത്യേക മാനദണ്ഡങ്ങൾക്കനുസരണമായി സഹായം അനുവദിക്കാവുന്നതാണ്. നമ്മുടെ പ്രദേശങ്ങളിൽനിന്നും വിദേശങ്ങളിൽപോയി ജോലി ചെയ്യുന്നവരിൽ നിന്നും ഇതിനായി പലിശരഹിത വ്യവസ്ഥയിൽ പണം സംഭരിക്കാവുന്നതാണ്.

- ചെലവുകുറഞ്ഞ നിർമ്മാണരീതികൾക്ക് പ്രോത്സാഹനം കൊടുക്കുക.
- സർക്കാർ ലഭ്യമാക്കുന്ന വായ്പാ പദ്ധതികളുടെ അനാവശ്യമായ നിബന്ധനകൾ ഒഴിവാക്കുകയും അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പഞ്ചായത്ത് തലത്തിൽ ഒതുങ്ങുന്നതുമായിരിക്കണം.

സാമൂഹ്യക്ഷേമം :-

ഇന്നു നിലവിലുള്ള സാമൂഹ്യ ക്ഷേമ പദ്ധതികളെ പ്രധാനമായും രണ്ടായി തരം തിരിക്കാം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉയർത്തിക്കൊണ്ടുവരുവാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണവ.

ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ :-

കേന്ദ്ര സംസ്ഥാന സർക്കാരുകൾ പങ്കാളികളായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ I.R.D.P. യും ഗ്രാമീണ വനിതാ ശിശുവികസന പരിപാടിയും (D.W.C.R.A) ആണ് പ്രധാനമായും പഞ്ചായത്തിന് ലഭ്യമാകുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ. ഇതിൽ ഗ്രാമീണ ശിശു വികസന പരിപാടിക്ക് യൂനിസെഫ് സഹായം ലഭിക്കുന്നുണ്ട്. ഇതിനുപുറമേ, പട്ടിക ജാതി വിഭാഗത്തിലുള്ളവരുടെ ഉന്നമനത്തിനായി പട്ടികജാതി വികസന കോർപ്പറേഷനും വനിതകളുടെ ഉന്നമനത്തിനായി വനിതാ വികസന കോർപ്പറേഷനും പിന്നോക്ക വിഭാഗങ്ങളുടെ പുരോഗതിക്കായി പിന്നോക്ക വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ സംവിധാനങ്ങൾ എല്ലാം തന്നെ സാധാരണ ജനങ്ങൾക്ക് അന്യമാണ്. യഥാർത്ഥത്തിലുള്ള ഗുണഭോക്താക്കൾക്കല്ല സാധാരണയായി സഹായം ലഭിക്കുകയെന്നത് പരിതാപകരമായ അവസ്ഥയാണ്.

പട്ടികജാതി വികസനകോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം പരിമിതമായ തോതിൽ ലഭ്യമാണ് ഇതിന്റെ ആഫീസ് പന്തളത്തായതിനാൽ ജനങ്ങൾ വളരെയധികം കഷ്ടപ്പെടേണ്ടിവരുന്നു. തിരുവനന്തപുരത്തു സ്ഥിതി ചെയ്യുന്ന വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനത്തെക്കുറിച്ച് ഈ നാട്ടിലെ വനിതാ സംഘടനകൾക്കു പോലും അറിവില്ല. പിന്നാക്ക വികസന കോർപറേഷന്റെ കാര്യത്തിലും, ജനങ്ങൾക്കുള്ള അജ്ഞത പ്രത്യേകം പ്രസ്താവ്യമാണ്.

പഞ്ചായത്തിൽ നിലവിലുള്ള 16 അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടെങ്കിലും അവയിൽ പകുതി അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടമില്ല. ഇവയിലെല്ലാ അംഗൻവാടികളിലുമായി ആകെ 1037 കുട്ടികളുണ്ട്. ഇവയുടെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമാക്കിയാൽ മാതൃ-ശിശുക്ഷേമ രംഗത്ത് വലിയ മാറ്റം വരുത്താം.

പട്ടിക 3

അംഗനവാടികളുടെ സ്ഥിതിവിവരം

വാർഡ്	അംഗനവാടികളുടെനമ്പർ	കെട്ടിടം		കുട്ടികളുടെ എണ്ണം	കളിപ്പാട്ടം ഇല്ലാത്തവ
		ഉള്ളവ	ഇല്ലാത്തവ		
1	79,80	2		64,70	2
2.	75,76	2		47,58	2
3.	73,74		2	68,64	2
4.	70		1	77	1
5.	72,77,71	1	2	72,70,64	3
6.	78,81	1	1	69,71	2
7.	94		1	40	1
8.	69		1	66	1
9.	100,82	2		68, 66	2

ഈ പഞ്ചായത്തിൽ മത്സ്യത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, കെട്ടിടനിർമ്മാണ തൊഴിലാളികൾ എന്നിവർ വളരെയധികമുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളല്ല. ആയതിനാൽ തൊഴിലാളി - തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധിബോർഡുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. പഞ്ചായത്തിൽ തൊഴിലില്ലാത്ത അഭ്യസ്തവിദ്യരായ യുവജനങ്ങൾ ധാരാളമുണ്ടെങ്കിലും അവരിൽ 188 പേർക്ക് മാത്രമാണ് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നത്.

ഗ്രാമവികസന വകുപ്പിലൂടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പരിപാടികൾ ഇവിടെ ലഭ്യമാക്കുന്നത് അരൂക്കുറ്റി, നദ്വത്ത് നഗർ എന്നീ രണ്ടു വി.ഇ.ഒ. സർക്കിളിലൂടെയാണ്.

ഐ. ആർ. ഡി. പി:.

1992 ലെ ഐ. ആർ. ഡി. പി. സർവ്വേ പ്രകാരവും 1995 ലെ അഡീഷണൽ സർവ്വേയിലും 1533 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതായി കാണുന്നു. 92-93 മുതൽ 95-96 വരെയുള്ള കാലയളവിൽ 185 കുടുംബങ്ങൾക്ക് മാത്രമാണ് സഹായം ലഭിച്ചിട്ടുള്ളത്. വിശദമായ പട്ടിക ചുവടെ ചേർക്കുന്നു. (പട്ടിക 4)

1995-96 സാമ്പത്തികവർഷത്തിൽ സഹായം കിട്ടിയ കുടുംബങ്ങളുടെ എണ്ണം താരതമ്യേന കുറവാണ്. ധന കാര്യ സ്ഥാപനങ്ങളുമായി സഹകരിച്ചുമാത്രം നടപ്പിലാക്കുന്ന ഒരു സർക്കാർ പദ്ധതിയെന്ന നിലയിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിൽ ഈ പഞ്ചായത്തിലെ ഏക വാണിജ്യ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ശാഖ പ്രാധാന്യമർഹിക്കുന്നു. എന്നാൽ ഈ പദ്ധതി

പട്ടിക 4

ഐ.ആർ.ഡി.പി. സർവ്വേ സഹായലഭ്യതാ കണക്ക്

വർഷം	എസ്.സി.	മറ്റുള്ളവർ	ആകെ	സ്ത്രീകൾ	വികലാംഗർ	വായ്പാതുക	സബ്സിഡി
1992-93	18	33	51	31	1	189702	121548
1993-94	19	39	58	28	3	274163	172917
1994-95	14	29	43	22	2	347745	
1995-96	10	23	33	17	1	339700	

(അവലംബം : വി. ഇ. ഒ. രേഖ)

യുടെ വിജയത്തിനായി പ്രസ്തുത ബാങ്കു ശാഖ പൂർണ്ണമായും സഹകരിക്കുമെന്ന് പറയുക വയ്യ.

ഈ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിലേക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

❖ സർവ്വേ ലിസ്റ്റിൽ നിന്നും, അന്ത്യോദയ ക്രമമനുസരിച്ചാണ് ഇന്ന് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഈ രീതി ഉപേക്ഷിച്ച് ഓരോ വാർഡിൽ നിന്നും പ്രത്യേക മാനദണ്ഡങ്ങൾക്ക് വിധേയമായി ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ തെരഞ്ഞെടുക്കണം.

❖ ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാർ നിർവചനം പരിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. ഇതുമൂലം പദ്ധതികൾ അടിച്ചേൽപ്പിക്കുന്ന പ്രവണത ഒഴിവാക്കുവാൻ കഴിയും.

❖ സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളെ ഈ പദ്ധതിയുടെ നടത്തിപ്പിനായി പരമാവധി പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ ഉണ്ടാക്കണം.

❖ ധനകാര്യ സ്ഥാപനങ്ങളുടെ ഈ മേഖലയിലുള്ള പ്രവർത്തനം വിലയിരുത്തുന്നതിലേക്കായി ഒരു സമിതി ഉണ്ടാക്കേണ്ടതാണ്.

ഡി. ഡബ്ല്യൂ. സി. ആർ. എ:-

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനായി സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ഐ.ആർ.ഡി.പി.യുടെ ഒരു സംഘടിത രൂപമെന്ന് ഇതിനെ വിശേഷിപ്പിക്കാവുന്നതാണ്.

ഈ പഞ്ചായത്തിൽ ഇത്തരത്തിലുള്ള മൂന്നു യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. മൂന്നു യൂണിറ്റുകളിലായി 31 സ്ത്രീകൾക്ക് 192000 രൂപ വായ്പയും 99000 രൂപ

പട്ടിക 5

D.W.C.R.A. സഹായലഭ്യതാ കണക്ക്

വർഷം	യൂണിറ്റുകളുടെ എണ്ണം	സ്ത്രീകളുടെ എണ്ണം	വായ്പാതുക	സബ്സിഡിതുക
1993-94	2	21	71000	55000
1994-95	1	10	121000	44000

(അവലംബം : വി. ഇ. ഒ. രേഖ)

സബ്സിഡിയും നല്കിയതായി കാണുന്നു.

ഈ യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമല്ല. പദ്ധതിയുടെ വിജയത്തിലേക്കായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

❖ വർദ്ധിച്ച തോതിൽ സബ്സിഡിയും റിവോൾവിങ്ങ് ഫണ്ടും ലഭ്യമാക്കുവാൻ കഴിഞ്ഞ ഈ പദ്ധതിയെക്കുറിച്ച് വേണ്ടത്ര അവബോധം ജനങ്ങളിലുണ്ടാക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

❖ ലാഭകരമായി നിർവ്വഹിക്കുവാൻ സാദ്ധ്യതയുള്ള പദ്ധതികൾ മാത്രം തെരഞ്ഞെടുക്കേണ്ടതാണ്.

❖ ശരിയായ കൂട്ടായ്മ ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ സഹായം നല്കാവൂ.

❖ ഓരോ യൂണിറ്റിന്റെയും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി മോണിറ്ററിങ്ങ് കമ്മറ്റികൾ രൂപീകരിക്കുക

ട്രൈസം:-

ഐ.ആർ.ഡി.പി.യുടെ ഉപപരിപാടിയെന്ന നിലയിൽ ആരംഭിച്ച ഈ പദ്ധതിയനുസരിച്ച് ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളിലെ 18 നും 35 നും മദ്ധ്യേയുള്ള യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നല്കുന്നു.

അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്തി പരിശീലനം കൊടുക്കേണ്ടതായിട്ടുണ്ട്. ഒരു പരിശീലന കേന്ദ്രം പോലും ഈ പഞ്ചായത്തിലില്ലാ എന്നത് ദൗർഭാഗ്യകരമാണ്. നൂതനമായ തൊഴിലുകളിൽ പരിശീലനം നല്കുവാൻ കഴിയുന്ന രണ്ടുമൂന്നു സ്ഥാപനങ്ങൾ ഇവിടെ ആരംഭിക്കേണ്ടതായിട്ടുണ്ട്.

നടപ്പുവർഷം പഞ്ചായത്തു മുഖേന നടപ്പിലാക്കിയ ക്ഷേമ പദ്ധതികൾ - പട്ടിക 5

ഇനം	എണ്ണം	തുക
വിധവാ പെൻഷൻ	108	783000
വാർദ്ധക്യകാല പെൻഷൻ	25	12000
മാതൃസഹായം		
വിവാഹധനസഹായം	6	12,000
ഓലകെട്ടിമേച്ചിൽ	1	500
സ്കൂൾ ഉച്ചക്കഞ്ഞി	2	2,000

(അവലംബം : പഞ്ചായത്ത് രേഖ)

സി.ആർ.എസ്.പി:-

ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുന്ന പദ്ധതിയാണ് സി.ആർ. എസ്. പി. ആലപ്പുഴ ജില്ലയിൽ ഈ പദ്ധതി നിർവ്വഹണത്തിന് യൂനിസെഫ് പങ്കുവഹിക്കുന്നുണ്ട്. കൂടുതൽ പേർക്ക് സഹായം ലഭ്യമാക്കുന്നതി നുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്.

ടൂൾ കിറ്റ്:-

ഗ്രാമീണ കൈത്തൊഴിലുകളിലേർപ്പെട്ടിരിക്കുന്ന വർക്ക് ആധുനിക തൊഴിലുപകരണങ്ങൾ നല്കുന്ന ഈ പദ്ധതി അനുസരിച്ച് ഇതുവരെ നാലുപേർക്ക് സഹായം നല്കിയതായി കാണുന്നു. ഈ പദ്ധതിയെക്കുറിച്ച് ഈ മേഖലയിലെ തൊഴിലാളികൾ അജ്ഞരാണ്. കൂടുതൽ പേർക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാവണം.

പട്ടിക 6

വീടുകളുടെ തരംതിരിച്ച പട്ടിക

വാർഡ്	കോൺക്രീറ്റ്	ഓട്	ഓല	കുടിൽ	ആകെ
1	52	259	ഇല്ല	26	337
2.	45	340	24	26	435
3.	20	262	24	51	357
4.	55	196	9	4	264
5.	26	281	40	18	365
6.	43	152	15	19	224
7.	38	209	18	24	289
8.	26	155	29	2	212
9.	11	353	11	40	415
ആകെ	316	2207	170	210	2898



സംസ്കാരം

നഷ്ടപ്രതാപങ്ങളുടെ ഗതകാലസ്മൃതികളുമായി അരൂക്കുറ്റി ഗ്രാമം.

പൊതു സാംസ്കാരിക നവോത്ഥാനത്തിനോ, ജനകീയ മുന്നേറ്റങ്ങൾക്കോ കാര്യമായ സംഭാവന ഒന്നും ചെയ്യാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടില്ല. എങ്കിൽ തന്നെയും, തനതു സാംസ്കാരിക പൈതൃകത്തിൽ അഭിമാനിക്കാൻ ഈ ഗ്രാമത്തിന് കുറച്ചൊക്കെ വകയുണ്ട്.

നാട്ടിൻപുറനൻമകളാൽ സമൃദ്ധമായിരുന്ന ഇന്നലെകൾ.....

വിവിധ രാജഭരണത്തിൻ കീഴിൽ കഴിഞ്ഞിരുന്ന ഈ ഭൂപ്രദേശം മാർത്താണ്ഡവർമ്മയുടെ കാലത്ത് തിരുവിതാംകൂറിനോട് ചേർക്കപ്പെട്ടു. അതിർത്തി ഗ്രാമമായതിനാൽ അരൂക്കുറ്റി ഒരു കൊച്ചു പട്ടണമായി. വാണിജ്യ വിപണന രംഗത്തല്ലാതെ, സാംസ്കാരിക രംഗത്ത് കാര്യമായ സംഭാവന ചെയ്യാൻ രാജഭരണത്തിനുപോലും കഴിഞ്ഞില്ല. മറ്റു പ്രദേശങ്ങളിലെ പോലെ ജൻമിത്തമായിരുന്നു ആദ്യകാലങ്ങളിൽ നിലനിന്നിരുന്നത്. സവർണ്ണ ഹൈന്ദവ വിഭാഗത്തിൽ പെട്ട ജൻമിമാരുടെ കുടിയാൻമാരായിരുന്നു നല്ലൊരു ഭാഗം ജനങ്ങളും. രാജാധിപത്യത്തിന്റെയും ജൻമിത്തത്തിന്റെയും ഗുണദോഷങ്ങൾ അനുഭവിച്ചറിഞ്ഞവരായിരുന്നു പൂർവികർ. ഭൂപരിഷ്കരണ നടപടികൾ ജീവിതരീതിയാകെ മാറ്റിമറിച്ചു. കുടിയാൻമാർ സ്വന്തമായി ഭൂമിക്കർഹരായി. ജൻമിമാർക്കുപകരം ഇടത്തരം കർഷകർ നിലവിൽ വന്നു.

മത നവോത്ഥാന പ്രവർത്തനങ്ങൾക്കോ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിനോ കാര്യമായ സംഭാവന ചെയ്യാൻ തിരുവിതാംകൂറിന്റെ ഈ അതിർത്തി ഗ്രാമത്തിന് കഴിഞ്ഞില്ല. സ്വാതന്ത്ര്യ സമരത്തോടനുബന്ധിച്ച് മറ്റു സ്ഥലങ്ങളിലെ പോലെ വായനശാല പ്രസ്ഥാനങ്ങളോ, വിദ്യാഭ്യാസ സ്ഥാപനങ്ങളോ വളർന്നു വരാത്തതും,

സാംസ്കാരികമായ പിന്നാക്കാവസ്ഥയ്ക്ക് ഒരു കാരണമാണ്. എഴുപതുകളിൽ യുവാക്കളിൽ പൊട്ടിപുറപ്പെട്ട അസ്വസ്ഥതകളാണ് പിന്നീട് ജനകീയ സാംസ്കാരിക വേദികൾക്ക് രൂപം നല്കിയത്.

മതം:-

ആദ്യകാലത്ത് ഭൂരിപക്ഷവും ഹിന്ദുസമുദായത്തിൽ പെട്ട കുടുംബങ്ങളായിരുന്നു. കൊച്ചിരാജ്യത്തിന്റെ ഭാഗമായിരുന്ന കാലത്ത് മുസ്ലിം കുടുംബങ്ങളും ക്രിസ്ത്യൻ കുടുംബങ്ങളും ഇവിടെ വന്നു താമസിക്കുവാൻ തുടങ്ങി. മുൻകാല ദുരാചാരങ്ങളിൽ ഒന്നായിരുന്ന അയിത്തം അത്ര ശക്തമായിരുന്നില്ല. ഏറ്റവുമുയർന്നവരെന്നു കരുതിയിരുന്ന ചില കുടുംബങ്ങളിൽ മാത്രമേ അയിത്തം ഉണ്ടായിരുന്നുള്ളൂ. ഇപ്പോഴുള്ള ജനസംഖ്യയിൽ 38% മുസ്ലിങ്ങളും, 55% ഹിന്ദുമതവിശ്വാസികളും, 7% ക്രിസ്ത്യൻമത വിശ്വാസികളുമാണ്.

മതത്തിലധിഷ്ഠിതമായ ആചാരാനുഷ്ഠാനങ്ങളിൽ നിന്നും വളർന്നു വന്ന സാംസ്കാരിക തനിമയാണ് അരൂക്കുറ്റിക്കഭിമാനിക്കാനുണ്ടായിരുന്നത്. മതവിശ്വാസവുമായി ബന്ധപ്പെട്ടതു തന്നെയാണ് അന്നും ഇന്നും ഇവിടത്തെ ആചാരങ്ങളും ആഘോഷങ്ങളും. മാത്താനം ക്ഷേത്രോത്സവം, കാട്ടുപുറം പള്ളി ചന്ദനക്കുടം മഹോത്സവം, വടുതല പാദുവാപുരം പള്ളി തിരുനാൾ ഇവയാണ് ഈ ഗ്രാമത്തിലെ പ്രധാന ആഘോഷങ്ങൾ. മാത്താനം ഉത്സവത്തോടനുബന്ധിച്ച് "അന്നംവലി" എന്നൊരു ചടങ്ങുണ്ടായിരുന്നു. ഇടക്കാലത്തുണ്ടായ ഒരു തർക്കത്തെ തുടർന്ന് ഇത് നിലച്ചു പോയി. ഇടയ്ക്കു ചില തടസ്സങ്ങളുണ്ടായെങ്കിലും കാട്ടുപുറം പള്ളിയിലെ ചന്ദനക്കുടം ഇന്നും നിലനില്ക്കുന്നു. അന്യദേശങ്ങളിൽ നിന്നുപോലും ജനങ്ങൾ എത്തിച്ചേരുന്ന പാദുവാപുരം പള്ളിയിലെ തിരുനാൾ വീട്ടുപകരണങ്ങളുടെ ഒരു വിപണന മേള കൂടിയാണ്.

കാവുകളോടനുബന്ധിച്ച് നടക്കുന്ന സർപ്പംതുള്ളൽ ഇന്നും അതിന്റെ തനിമ നഷ്ടപ്പെടാതെ നിലനില്ക്കുന്നു. കളമെഴുത്തും പുള്ളുവൻപാട്ടും ഗന്ധർവ്വൻ പാട്ടും ഇന്നും നമ്മുടെ നാടിന്റെ സാംസ്കാരിക ചിഹ്നമാണ്. എന്നാൽ നമ്മൾ ഉണ്ടെന്നവകാശപ്പെടുന്ന എല്ലാ സാംസ്കാരിക പൊങ്ങച്ചങ്ങളെയും വെല്ലുവിളിച്ചുകൊണ്ട് സ്ത്രീധനമെന്ന അനാചാരം മതവ്യത്യാസമില്ലാതെ ഇന്നും തുടർന്നുവരുന്നു.

കലാസാംസ്കാരിക സ്ഥാപനങ്ങൾ:-

ചെറുതെങ്കിലും സാംസ്കാരിക നവോത്ഥാനത്തിന് വെളിച്ചം പകർന്ന ഒട്ടേറെ സംഘടനകൾ വളരുകയും തളരുകയും ചെയ്തു. ഇന്നും പഞ്ചായത്തു തലത്തിൽ അഭിമാനിക്കാൻ വക നല്കുന്ന ഒരു സ്ഥാപനം പോലും ഇല്ലെന്നു തന്നെ പറയാം.

1957 ൽ രൂപം കൊണ്ട ഉദയാ ആർട്സ് ക്ലബ്ബാണ് അരൂക്കുറ്റിയിലെ സാംസ്കാരിക സംഘടനയിലെ മുൻഗാമി പിന്നീട് നവജീവൻ, യംഗ്മെൻസ്, രാഗം തുടങ്ങിയവ വന്നുപോയി.

വടുതല ജെട്ടിയിൽ പ്രവർത്തിക്കുന്ന ഏ. കെ. ജി. സ്മാരക ഗ്രന്ഥശാല അരൂക്കുറ്റിയിലെ വിശ്വജ്യോതി എന്നിവയാണ് അരൂക്കുറ്റിയിൽ ഇപ്പോഴും പ്രവർത്തിക്കുന്ന സാംസ്കാരിക സംഘടനകളിൽ പഴക്കവും, പ്രാമുഖ്യവും ഉള്ളവ. ആരാധനാലയങ്ങളാണ് വിവിധ കലാപരിപാടികളും അരങ്ങേറുന്ന കേന്ദ്രങ്ങളും ഓണക്കാലത്തും മറ്റു പരിപാടികൾക്കും വേണ്ടി പെട്ടെന്നു മുളച്ചുപൊന്തികെട്ടടങ്ങുന്ന സംഘടനകളാണ് അധികവും.

ഗ്രന്ഥശാലകൾ, വായനശാലകൾ.

കാൽ നൂറ്റാണ്ടിനുമുമ്പ് ചെറിയ തോതിൽ ആരംഭിച്ച അരൂക്കുറ്റി ജ്ഞാനാംബിക വായനശാലയാണ് ഗ്രന്ഥശാലാ പ്രസ്ഥാനത്തിന് അരൂക്കുറ്റിയിൽ തുടക്കം കുറിച്ചത്. പിന്നീട് വടുതലയിൽ ആരംഭിച്ച പബ്ലിക് ലൈബ്രറി ദീർഘകാലം കാര്യക്ഷമമായി പുസ്തക വിതരണം നടത്തിയിരുന്നുവെങ്കിലും ഇന്ന് ഗ്രന്ഥശാലയുടെ പ്രവർത്തനം നിശ്ചലാവസ്ഥയിലാണ്. ഏതാനും പത്രങ്ങളോടു കൂടിയ വായനശാല പ്രവർത്തിക്കുന്നുണ്ട്. ഏ. കെ. ജി. ഗ്രന്ഥശാലയാണ് മറ്റൊന്ന്. സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ള ഈ ഗ്രന്ഥശാല വളരെയധികം സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം നേഴ്സറി സ്കൂളും വനിതാ വേദിയും പ്രവർത്തിക്കുന്നുണ്ട്. ഈ ഗ്രന്ഥശാലയുടെ നേതൃത്വത്തിൽ തുടർച്ചയായി പുസ്തകോത്സവം നടത്തുന്നുണ്ട്. എങ്കിൽ തന്നെയും പുസ്തകവിതരണം കാര്യക്ഷമമല്ല. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ചെറിയ ചെറിയ വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്.

പ്രശ്നങ്ങൾ:-

- സാംസ്കാരിക രംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുന്ന ഒരു സാംസ്കാരിക കേന്ദ്രത്തിന്റെ അഭാവം
- കലാസാംസ്കാരിക രംഗത്ത് കഴിവും, താത്പര്യവുമുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്ഥാപനമില്ല.
- നിലവിലുള്ള ഗ്രന്ഥശാലകൾ ഒഴിച്ച് മറ്റ് ആറു വാർഡുകളിൽ ഗ്രന്ഥശാലകളില്ല. നിലവിലുള്ള ഗ്രന്ഥശാലകളുടെ പ്രവർത്തനം കാര്യക്ഷമമല്ല.
- വായനശാലപോലുമില്ലാത്ത വാർഡുകളുമുണ്ട്. നിലവിലുള്ള മിക്ക വായനശാലകളും വളരെ സാമ്പത്തിക പ്രതിസന്ധിയിലും സ്വന്തമായ സ്ഥലമോ, കെട്ടിടമോ ഇല്ലാതെ പ്രവർത്തിക്കുന്നവയുമാണ്.
- നിലവിലുള്ള സാംസ്കാരിക നിലയം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല.
- ലളിത കലകൾ പരിശീലിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രം പഞ്ചായത്തിലില്ല.
- പഞ്ചായത്തു സമിതി നടത്തുന്ന കേരളോത്സവം പലതരത്തിലുള്ള പരിമിതികൾ മൂലം കൂടുതൽ കലാകാരൻമാർക്ക് പ്രോത്സാഹനം നല്കുന്നവയാകുന്നില്ല.
- ഉപഭോഗ സംസ്കാരവും, വിദേശ ടി. വി. ചാനലുകളുടെ തള്ളിക്കയറ്റവും.

നിലവിലുള്ള കാലാകായിക സംഘടനകളുടെ വിവരങ്ങൾ

ക്രമ നമ്പർ	സംഘടനയുടെ പേരുംവിലാസവും	പ്രവർത്തന രംഗം	വാർഡ്	ക്രമ നമ്പർ	സംഘടനയുടെ പേരുംവിലാസവും	പ്രവർത്തന രംഗം	വാർഡ്
1	ചിന്ത ആർട്സ് അരൂക്കുറ്റി	കല	1	11.	മുഹമ്മദൻസ് സ്പോർട്ടിംഗ് നദ്വത്ത് നഗർ വടുതല	കായികം	7
2.	പ്രണവം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, അരൂക്കുറ്റി.	കല കായികം	1	12.	പിറവി ആർട്സ് വടുതല, നദ്വത്ത്നഗർ പി.ഒ.	കല	7
3.	തനിമ ആർട്സ് അരൂക്കുറ്റി	കല	1	13.	എച്ച്.എം.സി. ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, നദ്വത്ത്നഗർ.	കല കായികം	7
4.	വിശ്വജ്യോതി അരൂക്കുറ്റി	കല	2	14.	മധുരിമ ആർട്സ്	കല	8
5.	പട്ടികജാതി കലാകേന്ദ്രം അരൂക്കുറ്റി	കല	2	15.	ശില്പി-നദ്വത്ത് നഗർ	കല കായികം	8
6.	ഫ്രണ്ട്സ് വടുതലജെട്ടി	കല കായികം	4	16.	ലോട്ടസ് ക്ലബ്ബ്, നദുവത്തനഗർ	കല കായികം	9
7.	അബ്ബാ ബോയ്സ് വടുതല ജെട്ടി	കല കായികം	4	17.	സ്വാതി ആർട്സ്	കല കായികം	9
8.	സൗഹൃദ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, വടുതലജെട്ടി.	കല കായികം	5	18.	സോക്കർ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, നദുവത്ത് നഗർ	കല കായികം	9
9.	അപ്പോളോ വടുതലജെട്ടി	കല കായികം	5	19.	പണ്ഡിറ്റ് കറുപ്പൻ മെമ്മോറിയൽ നദ്വത്ത്നഗർ	കല	9
10.	യുവധാര വടുതലജെട്ടി	കല	5	20.	രാഗം ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് നദുവത്തുനഗർ.	കല കായികം	8

നിർദ്ദേശങ്ങൾ:-

- വിവിധ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന കലാ സാംസ്കാരിക സംഘങ്ങളെ ഏകോപിപ്പിക്കുകയും, പഞ്ചായത്തു തലത്തിൽ ഒരു കലാ സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുകയും ചെയ്യുക.
- വായനശാലകളില്ലാത്ത പ്രദേശങ്ങളിൽ പഞ്ചായത്തിൻെറ സഹായത്തോടെ ജനകീയ വായനശാലകൾ ആരംഭിക്കുക. നിവവിലുള്ള വായനശാലകൾക്ക് പ്രവർത്തിക്കുന്നതിന് ഗ്രാൻറുകൾ അനുവദിക്കുക.
- ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നതിനുവേണ്ട സഹായങ്ങൾ ചെയ്യുക.
- ലളിതകല അഭ്യസിപ്പിക്കുന്നിതിനു വേണ്ട കേന്ദ്രം തുടങ്ങുക.
- കേരളോത്സവം കൂടുതൽ ജനകീയമാക്കുക.
- നാമാവശേഷമായിക്കൊണ്ടിരിക്കുന്ന കലകളെ സംരക്ഷിക്കുക.
- ഓപ്പൺ എയർ സ്റ്റേഡിയം നിർമ്മിക്കുക.
- ലാഭേച്ഛ കൂടാതെ പ്രവർത്തിക്കുന്ന ഫൈനാർട്സ് സൊസൈറ്റി ആരംഭിക്കുക.
- ടി. വി. സിനിമാ മാദ്ധ്യമങ്ങളുടെ ദൂഷ്യതകൾക്കെതിരെ ബോധവത്ക്കരണം സംഘടിപ്പിക്കുക.
- വിദ്യാലയങ്ങളിൽ കലാ സാംസ്കാരിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ വിദ്യാർത്ഥി സമിതി രൂപീകരിക്കുക.
- പൊതു ടി. വി. സ്ഥാപിക്കുക.

കായികരംഗം:-

ഗ്രാമീണ ജീവിതത്തിൻെറ മുഖമുദ്രയായിരുന്ന നാടൻ പന്തുകളി, കബഡി, കിളികളി തുടങ്ങിയവ അരങ്ങൊഴിഞ്ഞു ഫുട്ബോളിനെപ്പോലും പിൻ തള്ളിക്കൊണ്ട് ക്രിക്കറ്റും, ടെന്നിസും ജനങ്ങളുടെ ആവേശമായി.

വടുതലയിൽ പ്രവർത്തിക്കുന്ന മുഹമ്മദൻസ് സ്പോർട്ടിങ്ങ് ക്ലബ്ബാണ് ഇന്ന് നല്ല നിലയിൽ പ്രവർത്തി

നിലവിലുള്ള വായനശാലകളെക്കുറിച്ചുള്ള വിവരങ്ങൾ

ക്രമ നമ്പർ	വായനശാലയുടെ പേരും വിലാസവും	വാർഡ്	സ്ഥാപിത വർഷം	സ്ഥലത്തിന്റെ സ്വഭാവം	കെട്ടിടത്തിന്റെ സ്വഭാവം
1.	പ്രണവംഅരുക്കുറ്റി	1	1994	സ്വന്തമല്ല	താല്ക്കാലികം
2.	പട്ടികജാതി കലാകേന്ദ്രം അരുക്കുറ്റി	2		സ്വന്തമല്ല	വാടക കെട്ടിടം
3.	ഐഡിയൽ റീഡിംഗ്റൂം, വടുതലജെട്ടി	4	1996	സ്വന്തം	താല്കാലികം
4.	അമ്പാ	4	1996	സ്വന്തമല്ല	താല്കാലികം
5.	എ. കെ. ജി. സ്മാരക ഗ്രന്ഥശാല വടുതലജെട്ടി എ.കെ.ജി.നഗർ	5	1980	സ്വന്തം	താല്കാലികം
6.	ആസാദ് അരുക്കുറ്റി പി. ഒ.	6	1995	സ്വന്തമല്ല	താല്കാലികം
7.	അബേദ്കർ സ്മാരക വായനശാല, നദ്വത്ത്നഗർ	8	1993	സ്വന്തമല്ല	താല്കാലികം
8.	വടുതല പബ്ലിക് ലൈബ്രറി നദ്വത്ത്നഗർ	7	1974	വാടക	വടകക്കെട്ടിടം
9.	ഗ്രാമീണ വായനശാല നദ്വത്ത്നഗർ	8	1995	സ്വന്തമല്ല	താല്കാലികം
10.	ജനകീയ വായനശാല നദ്വത്ത്നഗർ	8	1995	സ്വന്തമല്ല	താല്കാലികം

ക്കുന്ന കായിക ക്ലബ്. വർഷംതോറും, ഫുട്ബാൾ മത്സരം സംഘടിപ്പിക്കാറുണ്ട്. പഞ്ചായത്തിലെ ചെറിയ ചെറിയ ക്ലബ്ബുകളും കായിക രംഗത്ത് സംഭാവനകൾ ചെയ്തിട്ടുണ്ട്. അറിയപ്പെടുന്ന കായികതാരങ്ങളെ സംഭാവനചെയ്യാൻ കഴിയാതിരുന്ന നമുക്ക് കായിക രംഗത്ത് ആസൂത്രിതമായി ഒന്നും ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. സ്കൂളുകളിൽ നടക്കുന്ന കായിക മേളയാണ് കുട്ടികൾക്ക് വളർന്നുവരുവാനുള്ള വേദി എന്നിരിക്കെ, പഞ്ചായത്തിലെ ഏറ്റവും വലിയ വിദ്യാഭ്യാസസ്ഥാപനമായ ജമാ അത്ത് സ്കൂളിൽ പോലും കായിക രംഗത്ത് ആശാവഹമായ നേട്ടം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല.

ഓണക്കാലത്തുള്ള കായിക വിനോദങ്ങൾ ഇപ്പോഴും തുടരുന്നുണ്ടെങ്കിലും, ജലകായിക കേളികൾക്ക് വളരെയധികം സാദ്ധ്യതകളുള്ള നമ്മുടെ പഞ്ചായത്തിൽ അതുപോലും വേണ്ട രീതിയിൽ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. പഞ്ചായത്ത് കായിക മേള നടത്തുന്നുണ്ടെങ്കിലും, കായിക താരങ്ങളെ കണ്ടെത്തി പരിശീലനം നല്കുവാൻ ഒന്നും തന്നെ ചെയ്യുന്നില്ല.

പ്രശ്നങ്ങൾ:

- കായികരംഗത്ത് ഫലപ്രദമായി പ്രവർത്തിക്കുന്ന സംഘടനയോ, സംവിധാനമോ നിലവിലില്ല.
- ക്ലബ്ബുകൾക്ക് വേണ്ടത്ര പ്രോതസാഹനം ലഭിക്കുന്നില്ല.
- പഞ്ചായത്തിൽ നല്ലൊരു പൊതു കളി സ്ഥലമില്ല.
- സ്കൂൾ തലത്തിൽ കായിക താരങ്ങളെ കണ്ടെത്തി വളർത്തിക്കൊണ്ടുവരുവാൻ കഴിയുന്നില്ല.
- നാടൻ കായികവിനോദങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു.
- ജലകായിക കേളികൾ പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.

നിർദ്ദേശങ്ങൾ:-

- പഞ്ചായത്തിൽ ഒരു പൊതു കളിസ്ഥലം നിർമ്മിക്കുക
- പഞ്ചായത്ത് വാർഡുതലങ്ങളിൽ കായിക സമിതി രൂപീകരിക്കുക.
- പഞ്ചായത്ത് കായിക മേള ഫലപ്രദമായി സംഘടിപ്പിച്ച് കായിക പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
- സ്പോർട്സ് കൗൺസിലിന്റെ സഹായത്തോടെ കായിക വികസന പദ്ധതികൾ നടപ്പിലാക്കുക.
- കായിക അദ്ധ്യാപകരുടെസഹായത്തോടെ പരിശീലന പരിപാടി സംഘടിപ്പിക്കുക.
- നാടൻ കളികളെ പ്രോത്സാഹിപ്പിക്കുക.



വനിത

പുരുഷാധിപത്യ സമൂഹത്തിൽ സാമൂഹ്യ ജീവിതത്തിന്റെ പുറമ്പോക്കിലേക്ക് തള്ളപ്പെടുന്ന സ്ത്രീകൾ വില്പന ചരക്കാകുന്ന ഈ കാലഘട്ടത്തിൽ കമ്പോള സംസ്കാരത്തിന്റെ പിടിയിൽ നിന്ന് ഗ്രാമീണ വനിതകളും മോചിതരല്ല. വനിതകൾക്ക് 30% സംവരണം പാർലമെന്റിലും നിയമസഭകളിലും നല്കുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിൽ അവരെ സാമൂഹ്യജീവിതത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങൾ ഉണ്ടാകേണ്ടതാണ്. പഞ്ചായത്ത് രാജ് നിയമത്തിലൂടെ തദ്ദേശസ്ഥാപനങ്ങളിൽ സ്ത്രീകൾ കൂടുതലായി കടന്നുവരുവാനും ഭരണത്തിൽ പങ്കാളികളാകുവാനും കഴിഞ്ഞു എന്നുള്ളത് പ്രോത്സാഹജനകമാണ്.

1991 ലെ സെൻസസ് പ്രകാരം 7853 സ്ത്രീകളാണ് അരൂക്കുറ്റി ഗ്രാമപഞ്ചായത്തിലുള്ളത്. ഭൂരിപക്ഷം വനിതകളും പ്രഥമികവും അനൗപചാരികവുമായ വിദ്യാഭ്യാസം മാത്രം ലഭിച്ചവരാണ്. വളരെ ചെറിയ ശതമാനം മാത്രമാണ് ഉയർന്ന വിദ്യാഭ്യാസം നേടിയിട്ടുള്ളവർ. പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരിണി എടത്തിരി ടി. രാധാമണിയമ്മയാണ്. കേവലം 2% മാത്രമാണ് സർക്കാർ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നത്. ഒരുകാലത്ത് സ്ത്രീകളുടെ പ്രധാന തൊഴിൽ കാർഷിക – കയർമേഖലകളിലായിരുന്നു. കൃഷി, കയർരംഗത്തെ പരിമിതമായ തൊഴിൽ ദിനങ്ങളും തുച്ഛമായ വേതനവും സ്ത്രീകളെ മത്സ്യസംസ്കരണരംഗത്തേക്ക് ആകർഷിച്ചു. രണ്ടായിരത്തി അഞ്ഞൂറിലധികം സ്ത്രീ തൊഴിലാളികൾ ഈ രംഗത്ത് തൊഴിൽ ചെയ്യുന്നു. ഒരു കൂരയ്ക്കു കീഴിൽ കൂട്ടത്തോടെ പണിയെടുക്കുന്ന ഇവർക്ക് ആവശ്യമായ തൊഴിൽ ക്ഷേമ നിയമങ്ങളോ, കമ്പനി നിയമങ്ങളോ നിലവിലില്ല. എങ്കിൽ തന്നെയും കയർ, കാർഷിക തൊഴിലുകളിൽ നിന്നും വ്യത്യസ്തമായി താരതമ്യേന മെച്ചമായ കൂലി ഈ രംഗത്തു നിന്നും ലഭിക്കുന്നുണ്ട്.

നമ്മുടെ പഞ്ചായത്തിലെ സ്ത്രീകൾ പ്രധാനമായി സാമുദായിക ആത്മീയ സംഘടനകളിലാണ് പ്രവർത്തിക്കുന്നത്. രാഷ്ട്രീയ പാർട്ടികളിലും ബഹുജന സംഘടനകളിലും സ്ത്രീകളുടെ പ്രവർത്തനം വളരെ കുറവാണ്. സ്ത്രീ സമിതികളിലല്ലാതെ സ്ത്രീകൾ നേതൃത്വം വഹിക്കുന്ന സംഘടനകളൊന്നും തന്നെ ഇവിടെയില്ല. ചില മഹിളാ സമാജങ്ങൾ ഇവിടെ പ്രവർത്തിച്ചിരുന്നുവെങ്കിലും, അവയ്ക്കൊന്നും സ്ത്രീയുടെ സാമൂഹ്യജീവിതത്തിൽ വലിയ മാറ്റങ്ങളൊന്നും ഉണ്ടാക്കുവാൻ കഴിഞ്ഞില്ല. മാത്രമല്ല, പിൽക്കാലത്ത്, അവയുടെ പ്രവർത്തനം നിലച്ചുപോവുകയാണുണ്ടായത്. മഹിളാ സമാജത്തിന്റെ പ്രവർത്തനത്തിനുവേണ്ടി എടത്തിരി തങ്കമ്മ, പുത്തൻവീട്ടിൽ സുമുഖി അമ്മ, കണ്ണാട്ട് രാജമ്മ മുതലായവർ നല്കിയ സംഭാവനകൾ ഈ അവസരത്തിൽ സ്മരിക്കപ്പെടേണ്ടതാണ്. ഈ രംഗത്ത് സ്ത്രീകളുടെ അഭൂതപൂർവ്വമായ മുന്നേറ്റം ഉണ്ടാക്കുവാൻ ബോധപൂർവ്വമായ പ്രവർത്തനം അനിവാര്യമാണ്. അതിനുവേണ്ടി നിലവിൽ സർക്കാർ – അർദ്ധസർക്കാർ സ്ഥാപനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന തൊഴിൽ-സാമൂഹ്യ ക്ഷേമപദ്ധതികൾ ഉപയോഗപ്പെടുത്താവുന്നതാണ്. തൊഴിൽരഹിതരും ഗൃഹജോലികളിൽ മാത്രം മുഴുകിയിരിക്കുന്നതുമായ സ്ത്രീകളെ പുതിയ തൊഴിൽസംരംഭങ്ങൾ തുടങ്ങുന്നതിന് പ്രേരിപ്പിച്ചുകൊണ്ടും ആവശ്യമായ ബോധവത്ക്കരണത്തിലൂടെയും സ്ത്രീ പുരുഷ സമത്വവും സ്ത്രീപുരോഗതിയും കൈവരിക്കാവുന്നതാണ്.

വിവിധ മേഖലകളിൽ തൊഴിൽചെയ്യുന്ന സ്ത്രീകളെ സംബന്ധിച്ച വിവരങ്ങൾ

തൊഴിൽമേഖല	സ്ത്രീകളുടെ എണ്ണം
കാർഷികമേഖല	238
കയർമേഖല	284
മൃഗസംരക്ഷണം	214
ചെറുകിടവ്യവസായം	47
നിർമ്മാണം	22
മത്സ്യവിപണന സംസ്കരണമേഖല	2232
സർക്കാർജോലി	104
അദ്ധ്യാപികമാർ	84

പ്രശ്നങ്ങൾ:

1. സാമൂഹ്യരംഗത്ത് പ്രവർത്തിക്കുന്നതിൽ സ്ത്രീകൾക്കുള്ള വിമുഖത
2. വിവാഹം ചെയ്യേണ്ട സമയത്ത് നല്കേണ്ടി വരുന്ന സ്ത്രീധനം
3. സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ
4. തൊഴിൽമേഖലകളിൽ നേരിടുന്ന അവഗണന

5. സ്വയം തൊഴിൽ രംഗത്ത് കടന്നുവരുവാനുള്ള വൈമനസ്യം
6. തുല്യ ജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.
7. അംഗൻവാടി ജീവനക്കാർക്ക് ന്യായമായ വേതനം ലഭിക്കുന്നില്ല.
8. സർക്കാർ സഹായപദ്ധതികളെക്കുറിച്ചുള്ള ധാരണയില്ലായ്മ
9. പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്ത കുറവ്
10. അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും, സ്ത്രീകളിൽ ധാരാളമുണ്ട്.

പ്രശ്നപരിഹാരത്തിനു ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെ പറയുന്നു:

1. സാമൂഹ്യരംഗത്ത് പ്രവർത്തിക്കുവാൻ സ്ത്രീകൾക്ക് പ്രചോദനം നൽകുന്ന തരത്തിലുള്ള ബോധവത്ക്കരണം.
2. സ്ത്രീധനത്തിനെതിരായ ബോധവത്ക്കരണവും, സമരവും
3. ഉല്പാദനപരമായ സ്വയംതൊഴിൽ ചെയ്യുന്നതിന് പ്രേരിപ്പിക്കുന്നതിനാവശ്യമായ ധനസഹായം നല്കുക.
4. സ്ത്രീകൾക്ക് എല്ലാ മേഖലകളിലും, പ്രത്യേക പരിഗണന നൽകുക.
5. തൊഴിൽ സൗകര്യങ്ങളെക്കുറിച്ചും തൊഴിൽ നിയമങ്ങളെക്കുറിച്ചും ബോധവത്ക്കരണം നടത്തുക.
6. തുല്യജോലിക്ക് തുല്യവേതനം ലഭ്യമാക്കുക.
7. അന്ധവിശ്വാസങ്ങൾക്കും, അനാചാരങ്ങൾക്കുമെതിരെ ശാസ്ത്രീയ ബോധവത്ക്കരണം നടത്തുക.

ഗ്രാമസഭാ നിർദ്ദേശങ്ങൾ:-

1. അരൂക്കുറ്റി ആശുപത്രിയിൽ ഒരു ലേഡി ഡോക്കറെ നിയമിക്കുക
2. വിധവകൾക്കും അഗതികൾക്കും നല്കിവരുന്ന പെൻഷൻ നിയമത്തിൽ മാറ്റം വരുത്തി അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭ്യമാക്കുക.
3. അംഗൻവാടി ജീവനക്കാർക്ക് ന്യായമായ വേതനം ലഭ്യമാക്കുക.



സഹകരണരംഗം

നമ്മുടെ പഞ്ചായത്തിലെ സഹകരണരംഗം അഭിമാനത്തോടെ എടുത്തുകാട്ടാവുന്ന ഒന്നല്ല. രണ്ട് കാർഷികസഹകരണസംഘങ്ങളും രണ്ട് ക്ഷീരവികസന സഹകരണ സംഘങ്ങളും ഒരു പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘവും വെള്ളകക്ക വ്യവസായ സഹകരണ സംഘവും ഉൾപ്പെടെ നാല് സംഘങ്ങളാണ് നമ്മുടെ പഞ്ചായത്തിലെ സഹകരണ പ്രസ്ഥാനങ്ങൾ. മേൽപ്പറഞ്ഞ സംഘങ്ങളെല്ലാം പഞ്ചായത്തിന്റെ ആവശ്യങ്ങൾക്ക് അനുസരിച്ച് വളരുവാനോ എല്ലാ വിഭാഗം ജനങ്ങളേയും പങ്കെടുപ്പിക്കുന്ന ഒരു സഹകരണ പ്രസ്ഥാനമായി ഉയരുവാനോ കഴിഞ്ഞിട്ടില്ല. മൂന്ന് സംഘങ്ങളൊഴികെ മറ്റെല്ലാം നിലവിൽ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്.

1008 സർവ്വീസ് സഹകരണസംഘം:-

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള സഹകരണ സ്ഥാപനമാണ് 1008 സർവ്വീസ് സഹകരണ സംഘം. 1934 ൽ ശ്രീ. ഐനാരിക്കൽ കൊച്ചുണ്ണി പിള്ളയുടെ നേതൃത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിന്റെ നിലവിലുള്ള കെട്ടിടം ഉദ്ഘാടനം ചെയ്തത് ശ്രീ. പട്ടം താണുപിള്ളയാണ്. മൂവായിരത്തോളം കർഷക കുടുംബങ്ങൾ ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിലുണ്ട്. 1970 വരെ ഈ സംഘം മോശമല്ലാത്ത പ്രവർത്തനം നടത്തിയിരുന്നു. തുടർന്നുണ്ടായ ബോർഡുകളുടെ കാര്യക്ഷമത ഇല്ലായ്മയും ഉദ്യോഗസ്ഥൻമാരുടെ ആത്മാർത്ഥതക്കുറവും സംഘം പ്രവർത്തനം മുരടിപ്പിക്കുന്നതിന് ഇടയാക്കി. 1983 മുതൽ 1994 വരെയുള്ള കാലയളവിൽ സംഘം അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൻ കീഴിലാ



യിരുന്നു. 1987 ൽ സംഘം ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾക്ക് ഡിപ്പാർട്ട് മെൻറ് തുടക്കം കുറിച്ചെങ്കിലും, പിന്നീട് മേൽ നടപടികൾ ഉപേക്ഷിക്കപ്പെട്ടു.

സംഘത്തിൻെറ സ്വത്തുക്കൾ പലതും മേൽപറഞ്ഞ കാലയളവിൽ അന്യാധീനപ്പെടുകയുണ്ടായി. ജില്ലാ സഹകരണ ബാങ്കിലേക്ക് അടഞ്ഞുതീരുവാനുണ്ടായിരുന്ന കടം അടക്കാൻ കഴിയാതെ വന്നു. സംഘത്തിലേക്ക് പിരിഞ്ഞു കിട്ടുവാനുള്ള കുടിശിക ഈടാക്കുവാൻ കഴിയാത്ത അവസ്ഥയായിരുന്നു. മേൽപ്പറഞ്ഞ സാഹചര്യങ്ങൾക്കിടയിലും, ലിക്വിഡേഷൻ നടപടികൾ ഒഴിവാക്കുവാൻ ഡിപ്പാർട്ട്മെൻറ് തയാറായി.1994 ൽ പഞ്ചായത്തിലെ കുറെ സഹകാരികളുടെ ശ്രമഫലമായി പുതിയ കമ്മറ്റി നിലവിൽ വരികയും പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ വിവിധ വിഭാഗം ജനങ്ങൾക്ക് അംഗത്വം നൽകി വമ്പിച്ച ജനപങ്കാളിത്തമുള്ള സഹകരണപ്രവർത്തനം സംഘടിപ്പിക്കണം. കൂട്ടായ പരിശ്രമം ഉറപ്പുവരുത്തുവാനും ജനോപകാര പ്രദമായ വൈവിദ്ധ്യമാർന്ന സ്കീമുകൾ ആവിഷ്കരിച്ച് പ്രവർത്തനം ഊർജ്ജസ്വലമാക്കേണ്ടിയിരിക്കുന്നു.

പട്ടികജാതി പട്ടിക വർഗ്ഗ സഹകരണസംഘം:

പട്ടികജാതി,പട്ടികവർഗ്ഗ സഹകരണസംഘം 1980 ഫെബ്രുവരി 11ന് രജിസ്റ്റർചെയ്തുപ്രവർത്തനം ആരംഭിച്ചു. ശ്രീ. എം.കെ. പുരുഷോത്തമൻെറ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ച ഈ സംഘം ഇപ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലാണ് ആദ്യകാല സംഘാങ്ങൾക്ക് ചെറുകിട കൈത്തൊഴിലുകൾ ആരംഭിക്കുന്നതിന് വായ്പ കൊടുക്കുവാനും, പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപെടുന്ന ജനവിഭാഗങ്ങൾക്ക് തൊഴിലവസരം സൃഷ്ടിക്കുവാനും, സംഘത്തിനു കഴിഞ്ഞു. എന്നാൽ കാലാകാലങ്ങളിലുണ്ടായിരുന്ന സംഘം ബോർഡിൻെറ ശ്രദ്ധക്കുറവും, വായ്പാതുക തിരികെ ഈടാക്കുന്നതിൽവന്ന വീഴ്ചയും സംഘത്തിൻെറ അപചയത്തിനുകാരണമായിട്ടുണ്ട്. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളെയും സംഘത്തിൻെറ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

അരൂക്കുറ്റി പഞ്ചായത്ത് സർവ്വീസ് സഹകരണ സംഘം. എ. 848

1988 മെയ്മാസത്തിലാണ് അരൂക്കുറ്റി പഞ്ചായത്ത് സർവ്വീസ് സഹകരണസംഘം രജിസ്റ്റർചെയ്ത് പ്രവർത്തനം ആരംഭിച്ചത്. വളരെക്കാലത്തെ പ്രവർത്തന രാഹിത്യത്തിനുശേഷം 1987 ൽ നിലവിലുണ്ടായിരുന്ന ആദ്യ സഹകരണസംഘമായ 1008 സർവ്വീസ് സഹകരണ സംഘം ലിക്വിഡേഷൻ നടപടികളിലേക്ക് നീങ്ങിയപ്പോഴാണ് എ. 848 രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചത്. അരൂക്കുറ്റി പഞ്ചായത്തിൽ നദുവത്തുനഗർ കേന്ദ്രീകരിച്ചാണ് ഈ സംഘത്തിൻെറ പ്രവർത്തനം നടന്നിരുന്നത്. സഹകരണ രംഗത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ച അനുഭവരാഹിത്യം സംഘത്തിൻെറ പ്രവർത്തനത്തെ ആദ്യംമുതൽ ബാധിച്ചിരുന്നു. നിക്ഷേപ സമാഹരണം കുറഞ്ഞതും, വായ്പ തിരിച്ചടക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ കഴിയാതെ വന്നതും, സംഘപ്രവർത്തനത്തിനെ മന്ദീഭവിപ്പിച്ചിട്ടുണ്ട്. 1600 ൽ അധികം അംഗങ്ങളാണ് സംഘത്തിലുള്ളത്. സംഘാംഗങ്ങളിൽ ബഹുഭൂരിപക്ഷവും ദരിദ്ര ജനവിഭാഗങ്ങളിൽ പെടുന്നവരാണ്. ഇപ്പോൾ സംഘം അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. സംഘത്തിൽ കൂടുതൽ അംഗങ്ങളെ ചേർക്കുകയും, നിക്ഷേപ സമാഹരണം നടത്തുകയും ചെയ്താൽ പ്രവർത്തനം സജീവമാക്കാൻ കഴിയും.

അരൂക്കുറ്റി പഞ്ചായത്തിലെ സർവ്വീസ് സഹകരണസംഘങ്ങളുടെ പരാജയത്തിൻെറ മുഖ്യ കാരണം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കെട്ടുതെങ്ങുസംഘങ്ങളാണ്. ഭദ്രമായ മൂലധനത്തോടുകൂടിയ കെട്ടുതെങ്ങു സംഘങ്ങൾ മിക്കവാറും എല്ലാ ജാതിമത വിഭാഗങ്ങൾക്കും പ്രത്യേകമായി ഉണ്ടെന്നുള്ളത് ഈ പഞ്ചായത്തിലെ ഒരു സവിശേഷതയാണ്. വ്യക്തികൾ നടത്തുന്ന കെട്ടുതെങ്ങു സംഘങ്ങളും നിരവധിയുണ്ട്. സഹകരണ സംഘങ്ങളുടെ വ്യവസ്ഥാപിത രീതികളൊന്നും കൂടാതെ ഏതു സമയത്തും പണം കൊടുക്കാൻകഴിയുന്ന ഇത്തരം സംഘങ്ങളാണ് സർവ്വീസ് സഹകരണ സംഘങ്ങളെ സമീപിക്കുന്നതിൽ നിന്നും ജനങ്ങളെ അകറ്റുന്നത്. വിവിധ ജാതിമത വിഭാഗങ്ങളുടെ പൊതു സംരക്ഷണവും, തനതു ജനവിഭാഗങ്ങൾക്ക് അത്തരം കെട്ടുസംഘങ്ങളോടുള്ള പ്രതിബദ്ധതയും അവയുടെ കെട്ടുറപ്പ് ഭദ്രമാക്കുമ്പോൾ സർവ്വീസ് സഹകരണസംഘങ്ങൾക്ക് പ്രസക്തി നഷ്ടപ്പെടുകയാണ്.

സർവ്വീസ് സഹകരണസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടത് കാലഘട്ടത്തിൻെറ ആവശ്യകതയാണ്. വണിജ്യബാങ്കുകളിൽ നിക്ഷേപിക്കുന്ന പണത്തിൻെറ അർഹതപ്പെട്ട വിഹിതം അതാതു പ്രദേശങ്ങളിൽ വായ്പയായി വിതരണം ചെയ്യുന്നകാര്യത്തിൽ ഈ ബാങ്കുകൾ താത്പര്യം കാണിക്കുന്നില്ല. സഹകരണസംഘങ്ങളുടെ അതാതു പ്രദേശങ്ങളിൽ നിന്നും ലഭിക്കുന്ന പണം ആ പ്രദേശത്തിൻെറ തന്നെ, കൃഷി, കച്ചവടം, കൈത്തൊഴിലുകൾ, വിദ്യാഭ്യാസം എന്നുവേണ്ട ജീവിതത്തിൻെറ സമസ്ത മേഖലകൾക്കും, പ്രയോജനപ്പെടുന്നതരത്തിൽ വിനിയോഗിക്കുകയാണ് ചെയ്യുന്നത്. ആയതിനാൽ ഗ്രാമീണസ്വയം പര്യാപ്തതയുടെ കാര്യത്തിൽ സഹകരണ സംഘങ്ങൾക്ക് വളരെ വലിയ സംഭാവന ചെയ്യാൻ കഴിയും.

സ്കൂൾ സഹകരണ സംഘങ്ങൾ:

നമ്മുടെ പഞ്ചായത്തിൽ മൂന്ന് സ്കൂൾ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അരൂക്കുറ്റി ഗവ. യു.പി. സ്കൂൾ, വടുതല ജമാ-അത്ത് സെക്കണ്ടറി സ്കൂൾ, നദ്വത്തുൽ ഇസ്ലാം യു.പി.സ്കൂൾ എന്നിവയിലാണ് ഈ സംഘങ്ങൾ പ്രവർത്തിക്കുന്നത്. വിദ്യാർത്ഥികൾക്ക് ആവശ്യമായ പാഠപുസ്തകങ്ങൾ, നോട്ട് ബുക്കുകൾ, ഇതര പഠനോപകരണങ്ങൾ എന്നിവ ന്യായമായ വിലയ്ക്ക് വിതരണം ചെയ്യുകയാണ് ഈ സംഘങ്ങൾ ചെയ്യുന്നത്.

വിദ്യാർത്ഥികൾക്ക് ആവശ്യമായ യൂണിഫോമും

പ്പെടെ എല്ലാ സാധനങ്ങളും വിതരണം ചെയ്യാൻ കഴിയത്തക്കവിധത്തിൽ ഈ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. സ്കൂൾ സഹകരണസംഘങ്ങൾ ശക്തമാക്കുന്നതിന് അദ്ധ്യാപക രക്ഷാകർതൃസമിതികളുടെ സഹകരണം ഉണ്ടാകുന്നത് നന്നായിരിക്കും. സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷന്റെ പഠനോപകരണങ്ങൾ സ്കൂൾ സഹകരണസംഘങ്ങളിലൂടെ വിതരണം ചെയ്യാൻ കഴിയണം.

ക്ഷീരവികസന സഹകരണ സംഘങ്ങൾ:

ക്ഷീരവികസന സംഘങ്ങൾ പഞ്ചായത്തിൽ രണ്ടെണ്ണമുണ്ട്. അരൂക്കുറ്റിയും വടുതലയും കേന്ദ്രമാക്കിയാണ് ഇവ പ്രവർത്തിക്കുന്നത്. വനിതാ ക്ഷീരോല്പാദന സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധി 1,2,3 വാർഡുകളും വടുതല ക്ഷീരോൽപ്പാദന സഹകരണ സംഘത്തിന്റെ പരിധി 4,5 വാർഡുകളുമാണ്. അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ വാർഡുകളും സംഘങ്ങളുടെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

നിലവിൽ രണ്ടുസംഘങ്ങളും കൂടി 150 ലിറ്റർ പാലാണ് പ്രതിദിനം ശേഖരിക്കുന്നത്. പ്രതിദിന പാൽ സംഭരണം കുറഞ്ഞത് 500 ലിറ്റർ എങ്കിലും ആക്കി ഉയർത്തേണ്ടതുണ്ട്. പാലിന്റെ ലഭ്യത കുറവായതിനാൽ മിൽമയിൽ നിന്നും കുറഞ്ഞവിലയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന കാലിത്തീറ്റ ഇപ്പോൾ ലഭിക്കുന്നില്ല.

സംഘങ്ങളിൽ കൂടുതൽ അംഗങ്ങളെ ചേർക്കുകയും നല്ലയിനം പശുക്കളെ വിതരണം ചെയ്യുകയും വേണം. പാൽ ഉല്പാദനം വർദ്ധിപ്പിച്ച് മിൽമയിൽ നിന്നുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണം. അംഗങ്ങൾക്ക് യഥാസമയം പാൽവില ലഭിക്കുന്നതിന് ആവശ്യമായ ധനസഹായം മിൽമയിൽ നിന്നും ലഭ്യമാക്കണം.

വെള്ള കക്കാ വ്യവസായ സഹകരണ സംഘം A 190.

മുപ്പത് വർഷങ്ങൾക്ക് മുമ്പ് ശ്രീ. എം. കൊച്ചുണ്ണിമൂപ്പന്റെ നേതൃത്വത്തിൽ പ്രവർത്തനം ആരംഭിച്ച വെള്ള കക്കാ വ്യവസായ സഹകരണ സംഘം അരൂക്കുറ്റി പഞ്ചായത്തിലെ നിരവധി ആളുകൾക്ക് തൊഴിൽ നല്കുന്ന സ്ഥാപനമായിരുന്നു. വർഷങ്ങളായി ഈ സംഘം പ്രവർത്തനരഹിതമാണ്. നിലവിൽ സംഘം അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലാണ്. വേമ്പനാട്ട് കായലിൽ നിന്നും വെള്ളകക്ക വാരുന്ന തൊഴിലിലാണ് സംഘാംഗങ്ങൾ ഏർപ്പെട്ടിരുന്നത്.

ഈ സംഘത്തിന്റെ പ്രവർത്തനം പുനഃരുജ്ജീവിപ്പിച്ചാൽ നിരവധിയാളുകൾക്ക് തൊഴിൽ നൽകാൻ കഴിയും. കക്കാ അടിസ്ഥാനമാക്കിയുള്ള വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാനും അതുവഴി തൊഴിൽ രഹിതരായ ചെറുപ്പക്കാർക്ക് പുത്തൻ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയും.

കയർ വ്യവസായ സഹകരണ സംഘം

അരൂക്കുറ്റി പഞ്ചായത്തിൽ വടുതല ജെട്ടി കേന്ദ്രമാക്കി ഒരു കയർ വ്യവസായ സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ട്. സ്ത്രീ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഈ സംഘത്തെ ഉപയോഗിക്കാവുന്നതാണെങ്കിലും പ്രവർത്തനം കാര്യക്ഷമമല്ല. മത്സ്യ സംസ്കരണ രംഗത്ത് സ്ത്രീകൾക്ക് തൊഴിൽ സാധ്യത കൂടുതലായതിനാൽ കയർ രംഗത്ത് തൊഴിലാളികൾ കുറവാണ്. ഈ പരമ്പരാഗത തൊഴിൽ രംഗത്ത് ശ്രദ്ധചെലുത്തിയാൽ കൂടുതൽ പ്രയോജനകരമായി വിപുലപ്പെടുത്തുവാൻ സാധിക്കും കുറഞ്ഞ പലിശ നിരക്കിൽ തൊഴിലാളികൾക്ക് വായ്പ നൽകുകയും ആധുനിക രീതിയിലുള്ള റാഡുകൾ സബ്സിഡി നിരക്കിൽ നൽകുകയും വേണം. തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും വേണം.

മൊത്തത്തിൽ സഹകരണ രംഗം കൂടുതൽ ശ്രദ്ധിച്ചാൽ, നമ്മുടെ ഗ്രാമപഞ്ചായത്തിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. എന്നാൽ വ്യക്തമായ കാഴ്ചപ്പാടും അർപ്പണമനോഭാവവും ഇച്ഛാശക്തിയുള്ള ബോർഡുകൾ സഹകരണ സംഘങ്ങളുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്.

നിർദ്ദേശങ്ങൾ:

1. പ്രവർത്തനരഹിതമായ സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുവാൻ സത്വര നടപടികൾ എടുക്കുക.
2. ബന്ധപ്പെട്ട സംഘങ്ങളിൽ അർഹരായ എല്ലാവർക്കും അംഗത്വം നല്കുക.
3. സർവ്വീസ് സഹകരണ സംഘങ്ങളിൽ പഞ്ചായത്തിലെ മുഴുവൻ കുടുംബാംഗങ്ങളെയും അംഗങ്ങളാക്കുക.
4. നിക്ഷേപ സമാഹരണം ഫലപ്രദമായി നടത്തുക.
5. സഹകരണ സംഘങ്ങൾ വഴി കൃഷി ലാഭകരമാക്കുവാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുക.
6. കാർഷികോല്പന്നങ്ങളും വളവും മിതമായ നിരക്കിൽ വിതരണം ചെയ്യുക. ഉല്പന്നങ്ങൾ സംഭരിച്ച് ഇടത്തട്ടുകാരെ ഒഴിവാക്കുകയും ലാഭം കർഷകർക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുക.
7. പീഡിത സംഘങ്ങൾക്ക് സർക്കാർ സഹായം ലഭ്യമാക്കുക.
8. കയർ വ്യവസായ സഹകരണ സംഘത്തിന്റെ നേതൃത്വത്തിൽ കയറുൽപ്പന്നങ്ങൾ നിർമ്മിക്കുന്ന പുതിയ സംരഭങ്ങൾക്ക് തുടക്കം കുറിക്കുക.
9. പട്ടിക ജാതി - പട്ടിക വർഗ്ഗ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൈത്തൊഴിലാളികളും കുടിൽവ്യവസായങ്ങളും വർദ്ധിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

⌘ ⌘ ⌘

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

നമ്മുടെ ഗ്രാമത്തിൽ 357 കുടുംബങ്ങളിലായി പട്ടികജാതിയിൽപ്പെട്ട 1686 പേരും, 4 കുടുംബങ്ങളിലായി പട്ടികവർഗ്ഗത്തിൽപ്പെട്ട 13 പേരും വസിക്കുന്നു. ഇതിൽ പട്ടിക ജാതിക്കാർ ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 10.08 ശതമാനവും പട്ടികവർഗ്ഗക്കാർ 0.078 ശതമാനവും വരും.

കാർഷികമേഖലയിൽ പണിയെടുക്കുന്നവരായിരുന്നു ഭൂരിപക്ഷമെങ്കിലും അപര്യാപ്തതയും കാർഷികവൃത്തിയുടെ അനാകർഷണതയും മൂലം മറ്റുമേഖലകളിലേക്ക് കടന്നുചെല്ലാൻ പുതിയ തലമുറ താത്പര്യം പ്രകടിപ്പിക്കുന്നു.

വിദ്യാഭ്യാസരംഗത്ത് അല്പം പുരോഗതി നേടുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് വളരെ കുറവാണ്. താഴ്ന്ന ജീവിത നിലവാരവും സാമ്പത്തിക സ്ഥിതിയുമാണ് തടസ്സം നിൽക്കുന്ന പ്രധാന ഘടകങ്ങൾ. വിദ്യാഭ്യാസത്തിന് സർക്കാരിൽ നിന്നും ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും അത് ഫലപ്രദമായി ഉപയോഗിക്കപ്പെടുന്നില്ല. നമ്മുടെ ഗ്രാമത്തിൽ വിവിധ സ്കൂളുകളിലായി 1995-96 വർഷത്തിൽ ഈ വിഭാഗത്തിൽപ്പെട്ട 338 കുട്ടികൾ പഠിക്കുന്നു. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി വിദ്യാഭ്യാസകാര്യത്തിൽ ഭൂരിഭാഗം രക്ഷിതാക്കളും ശ്രദ്ധചെലുത്തുന്നുണ്ട്.

ആറ് അംഗീകൃത കോളനികളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. മിക്ക വീടുകളും വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും കുടിവെള്ളം, ഗതാഗത സൗകര്യം എന്നിവയുടെ കാര്യത്തിൽ വേണ്ടത്ര പുരോഗതി ഇനിയും ഉണ്ടായിട്ടില്ല. വീട്, കക്കൂസ് എന്നിവ നിർമ്മിക്കുന്നതിന് നൽകുന്ന സഹായധനം അപര്യാപ്തമായതിനാലും, സാമ്പത്തികമായ പിന്നോക്കാവസ്ഥകൊണ്ടും പല വീടുകളും പണിപൂർത്തിയാക്കാതെ കിടക്കുകയാണ്.

വിവിധ തരത്തിലുള്ള സർക്കാർ ധനസഹായങ്ങൾ നിലവിലുണ്ടെങ്കിലും അവയുടെ പൂർണ്ണമായ പ്രയോജനം ഈ വിഭാഗങ്ങൾക്ക് ലഭിക്കുന്നില്ല. തൊഴിൽ സംരഭങ്ങൾ തുടങ്ങുന്നതിനും മറ്റും നല്കുന്ന വായ്പകൾ സർക്കാർ തീരുമാനം നടപ്പിലാക്കുന്നതിനും വേണ്ടി കൊടുക്കുന്നുവെന്നല്ലാതെ പ്രത്യുത്പാദനപരമായി അവ ഉപയോഗിക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങളോ, അനുയോജ്യമായ പദ്ധതികൾ തിരഞ്ഞെടുത്ത് വിജയകരമായി നടത്തുന്നതിന് വേണ്ട സഹായങ്ങൾ ലഭിക്കുന്നില്ല.

പ്രശ്നങ്ങൾ:

- കാർഷികമേഖലയിലെ മുരടിപ്പ് തൊഴിൽ ദിനങ്ങൾ കുറക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ സ്ഥിതി വിവര പട്ടിക

		വീടുകളുടെസ്വഭാവം			വൈദ്യുതി		കക്കൂസ്		
വാർഡ്	വീടുകളുടെ എണ്ണം	ഓട്	ഓല	കോൺക്രീറ്റ്	ഇല്ലാത്തത്	ഉള്ളത്	ഇല്ലാത്തത്	ടെഡ്	സെപ്റ്റി.
1	16	14	-	2	3	13	1	10	5
2	44	30	14	-	21	23	40	4	-
3	54	44	10	-	34	20	29	22	3
4	25	20	4	1	18	7	17	7	1
5	69	53	15	1	13	56	28	41	-
6	20	16	4	-	8	12	13	5	2
7.	35	27	7	1	21	14	20	13	12
8.	44	35	7	2	8	36	18	23	3
9.	50	46	3	1	38	12	29	13	8
ആകെ	357	285	64	8	164	193	195	138	34

(അവലംബം വാർഡ് സർവ്വേ)

- പരമ്പരാഗത കൈത്തൊഴിലുകൾ സംരക്ഷിക്കപ്പെടുന്നില്ല.
- വീടുപണിക്ക് നൽകുന്ന ധനസഹായം നിർമ്മാണം പൂർത്തീകരിക്കുവാൻ പര്യാപ്തമല്ലാത്തതിനാൽ പല വീടുകളും അപൂർണ്ണമായി നിൽക്കുന്നു.
- സർക്കാർ ധനസഹാങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുന്നില്ല.
- കുടിവെള്ളം, കക്കൂസ്, ഗതാഗത സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ എല്ലാ കുടുംബങ്ങൾക്കും ലഭ്യമായിട്ടില്ല.
- വിദ്യാഭ്യാസം, ആരോഗ്യസംരക്ഷണം എന്നീ രംഗങ്ങളിൽ വേണ്ടത്ര പുരോഗതി നേടുവാൻ കഴിഞ്ഞിട്ടില്ല.
- കോളനികളായി താമസിക്കുന്നത് ഈ വിഭാഗത്തെ സാമൂഹ്യ ജീവിതത്തിന്റെ പൊതുധാരയിൽ നിന്നും വേർതിരിച്ച് നിർത്തുന്നു.

നിർദ്ദേശങ്ങൾ:

- വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനുവേണ്ട ഭൗതികസാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുക.
- കലാകായിക രംഗങ്ങളിൽ കഴിവുള്ളവരെ കണ്ടത്തി പ്രോത്സാഹിപ്പിക്കുക.
- പണി പൂർത്തീകരിക്കാത്ത മുഴുവൻ വീടുകളും പൂർത്തീകരിക്കാൻ ആവശ്യമായ ഫണ്ടുകൾ അനുവദിക്കുകയും, മേൽനോട്ടം വഹിക്കുകയും ചെയ്യുക.
- വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുക.
- കക്കൂസുകൾ നിർമ്മിക്കുന്നതിന് തീവ്രയത്നം നടത്തുക.
- പരമ്പരാഗത തൊഴിൽ ചെയ്യുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും, സഹായങ്ങളും നൽകുക.
- വിവിധ സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ, യഥാർത്ഥ ഗുണഭോക്താവിന് ലഭിക്കുന്നുണ്ടെന്ന് ഉദ്ദിഷ്ട പദ്ധതിക്കുവേണ്ടി ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക.
- നിലവിലുള്ള കൂലി-വില നിരക്കുമായി ബന്ധപ്പെടുത്തി ഫണ്ടുകൾ അനുവദിക്കുക.
- പട്ടികജാതി വികസന കോർപ്പറേഷനിലൂടെ സ്വയം പദ്ധതി പ്രകാരമുള്ള യൂണിറ്റുകൾ തുടങ്ങുന്നതിനു വേണ്ട സഹായം ചെയ്യുക.
- വിവിധ സർക്കാർ ഏജൻസികളിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങളെക്കുറിച്ച് ബോധവത്കരണം നടത്തുക.
- വിവിധ വകുപ്പുകളിൽ നിന്നുള്ള പദ്ധതികൾ ഏകോപിപ്പിച്ച് ഗ്രാമപഞ്ചായത്ത് വഴി നടപ്പിലാക്കിക.
- മുഴുവൻ കോളനികൾക്കും റോഡു നിർമ്മിക്കുക.
- ശുദ്ധജലം ലഭിക്കുന്നതിനുവേണ്ട സൗകര്യങ്ങൾ ചെയ്യുക.

അധികാരം എല്ലാവരും പങ്കിടുന്നതുവരെ ജനാധിപത്യം അസാദ്ധ്യമാണ്. പക്ഷെ, ജനാധിപത്യം ജനക്കൂട്ടങ്ങളുടെ തോന്ന്യാസങ്ങളായി അധ:പതിക്കരുത്. നമ്മുടെ ജീവസന്ധാരണം സാദ്ധ്യമാക്കിത്തീർക്കുന്ന ഒരു തൊഴിലാളിക്കും സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിലുള്ളവനുപോലും സ്വയംഭരണത്തിൽ അവനേറതായ പങ്കുണ്ടായിരിക്കണം.

-ഗാന്ധിജി.

വിഭവ സമാഹരണം

ഒരു കാർഷിക ഗ്രാമമാണ് അരൂക്കുറ്റി. തേങ്ങ, നെല്ല്, മത്സ്യം, പച്ചക്കറികളും, അടക്ക തുടങ്ങിയവയാണ് നമ്മുടെ പ്രധാന വിഭവങ്ങളും. കാർഷിക വ്യാവസായിക രംഗങ്ങളിൽ ഇപ്പോളും പിന്നോക്കമാണെങ്കിലും പുരോഗതിയിലേക്കുള്ള ഒരു കുതിച്ചുകയറ്റത്തിന് വൻ സാധ്യതകളും കൊണ്ട് അനുഗ്രഹീതമാണ് നമ്മുടെ ഈ കൊച്ചു ഗ്രാമം. കാർഷിക വ്യവസായിക രംഗങ്ങളിലെ പുരോഗതിക്ക് പ്രധാന തടസ്സം ധനസഹായ വിപണന രംഗങ്ങളിലെ അപര്യാപ്തതകളും ഉത്പാദന മേഖലയിലെ മൂലധന നിക്ഷേപക്കുറവും കാർഷിക മേഖലയിലെ പ്രശ്നങ്ങളുമാണ്. ഈ പ്രശ്നങ്ങളും പരിഹരിച്ചാൽ ധാരാളം ചെറുകിട ഇടത്തര വ്യവസായങ്ങളും ആരംഭിക്കുവാൻ കഴിയും. ഈ ഗ്രാമം ഒരു മത്സ്യവിഭവ മേഖലയാണെങ്കിലും പ്രസ്തുത വിഭവങ്ങളും വേണ്ട രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയാത്തതിനാൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർ ഇന്നും പിന്നോക്കാവസ്ഥയിലാണ്. മത്സ്യ സംസ്കരണത്തിലും വിപണനത്തിലും നവീനരീതികളും അവലംബിച്ചാൽ ഈ രംഗത്ത് മുന്നേറ്റമുണ്ടാക്കുവാൻ കഴിയും.

വിഭവസമാഹരണ രംഗത്ത് നിലവിലുള്ള പ്രധാന പ്രശ്നങ്ങൾ:

- നമ്മുടെ ഗ്രാമത്തിൽ S.B.T. യുടെ ഒരു ശാഖയും മൂന്ന് സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നു. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകളും ലഭിക്കുവാനുള്ള പ്രയാസം കാർഷിക വ്യവസായിക രംഗങ്ങളിലെ പുരോഗതിയെ തടസ്സപ്പെടുത്തുന്നു. അമിത പലിശ ഈടാക്കുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ ചൂഷണവും എടുത്തുപറയേണ്ടതാണ്.
- നമ്മുടെ പഞ്ചായത്തിലെ മുഖ്യവരുമാനം കെട്ടിടനികുതിയാണ്. 1995-96 വർഷത്തിൽ 122074 രൂപ കെട്ടിടനികുതിയിനത്തിൽ പഞ്ചായത്തിന് ലഭിച്ചു. നിലവിലുള്ള അസ്സെസ്മെൻറുകളിലെ അപാകതകളും പരിഹരിക്കുകയും അതിനെക്കുറിച്ച് കെട്ടിട ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യണം.
- പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏതാനും സർക്കാർ സ്ഥാപനങ്ങളിലെയും, എയ്ഡഡ് സ്കൂളുകളിലേയും ജീവനക്കാരിൽ നിന്നുമാണ് തൊഴിൽ നികുതി ഈടാക്കിവരുന്നത്. മറ്റു യാതൊരു മേഖലയിൽ നിന്നും തൊഴിൽ നികുതി ലഭിക്കുന്നില്ല.
- നമ്മുടെ ഗ്രാമത്തിൽ നിന്നും 101 പേർ വിദേശങ്ങളിൽ ജോലി ചെയ്യുന്നു. ഇവർ വഴി നാട്ടിലെത്തുന്ന വരുമാനത്തിൻറെ ഏറിയ കൂറും പ്രത്യുത്പാദനപരമല്ലാത്ത മേഖലകളിലാണ് നിക്ഷേപിക്കുന്നത്.

വിഭവസമാഹരണത്തിന് സഹായിക്കുന്ന ചില നിർദ്ദേശങ്ങൾ:

ബാങ്ക് വായ്പാ സൗകര്യം

ധനകാര്യ സ്ഥാപനങ്ങളിൽ നമ്മുടെ പ്രദേശത്തു നിന്നും നിക്ഷേപിക്കപ്പെടുന്ന തുകയുടെ ഒരു നിശ്ചിത ശതമാനം നമ്മുടെ പഞ്ചായത്തു പ്രദേശത്തെ ഉത്പാദന സേവനമേഖലകളിൽ ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കണം.

കെട്ടിട നികുതി:

കെട്ടിടത്തിൻറെ നിർമ്മാണച്ചെലവിൻറെ 50% പോലും അസ്സെസ് ചെയ്യപ്പെടുന്നില്ല. അതു മാറ്റി ശാസ്ത്രീയമായ രീതിയിൽ അസ്സെസ് ചെയ്യപ്പെടണം

തൊഴിൽ നികുതി:

തൊഴിൽ നികുതി സ്വകാര്യമേഖലയിലേക്കും വ്യാപിപ്പിക്കണം. ഇതിലൂടെ പഞ്ചായത്തിൻറെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാം.

പൊതുമാർക്കറ്റ്:

നമ്മുടെ ഗ്രാമത്തിൽ ഒരു പൊതുമാർക്കറ്റിൻറെ പോരായ്മയുണ്ട്. പഞ്ചായത്തിൽ ഒരു പൊതുമാർക്കറ്റ് സ്ഥാപിച്ചാൽ ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്ന വിഭവങ്ങൾക്ക് ന്യായമായ വിലയും നല്ലൊരു വിപണിയും അതുവഴി പഞ്ചായത്തിനൊരു വരുമാനമാർഗ്ഗവും സൃഷ്ടിക്കാം.

ബസ് സ്റ്റാൻറ്, ഷോപ്പിംഗ് സെൻറർ, മിനി സിവിൽ സ്റ്റേഷൻ:

അരൂക്കുറ്റി ജെട്ടിയോടനുബന്ധിച്ച് ഒരു ബസ് സ്റ്റാൻറും, അവിടെ ഒരു ബഹുനില മന്ദിരത്തിൽ ഓഡിറ്റോറിയവും, മിനി സിവിൽ സ്റ്റേഷനും, ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ചുകൊണ്ട് പഞ്ചായത്തിൻറെ വരുമാനം വർദ്ധിപ്പിക്കാം. കൂടാതെ ബസ് സ്റ്റാൻറിൽ പാർക്ക് ചെയ്യുന്ന ബസ്സുകൾക്ക് വണ്ടിപ്പേട്ട പിരിവ് ഏർപ്പെടുത്താം.

അരൂക്കുറ്റി ബസ് സ്റ്റാൻറിൽ റോഡിനിരുവശവും കിടക്കുന്ന എക്സ്സൈസ്, ആരോഗ്യവകുപ്പുകളുടെ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം മേൽപ്പറഞ്ഞ കാര്യങ്ങൾക്ക് ഉപയോഗിക്കത്തക്കവിധത്തിൽ പഞ്ചായത്തിന് കൈമാറ്റം ചെയ്യണം.

ബങ്കുകളും നിർമ്മിച്ച് വാടകയ്ക്ക് നൽകുക, പരസ്യനികുതി ഏർപ്പെടുത്തുക, പ്രധാന കേന്ദ്രങ്ങളിൽ പരസ്യ ഹോർഡിംഗ്സുകളും സ്ഥാപിക്കുക

തുടങ്ങിയവയിലൂടെ കൂടുതൽ വരുമാനം നേടുവാൻ കഴിയും.

ഏറ്റവും പ്രധാന വിഭവം മനുഷ്യദ്ധ്വാനം തന്നെയാണ്. വിവിധ വികസന പ്രവർത്തനങ്ങൾക്ക് സന്നദ്ധ സേവനം നല്കുക എന്ന സമ്പ്രദായം ആവിഷ്കരിക്കണം.

വരവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	ധനാഭ്യർത്ഥന	പിരിച്ചത്	ബാക്കി
1	2	3	4
കെട്ടിടനികുതി	122074.25	122074.25	ഇല്ല
സർവ്വീസ് ചാർജ്ജ്			
തൊഴിൽ നികുതി	61545.00	61545.00	ഇല്ല
വാഹന നികുതി	132.00	132.00	ഇല്ല
വിനോദ നികുതി			
അഡി. വിനോദ നികുതി			
പ്രദർശന നികുതി			
പ്രദർശന നികുതിയിന്മേലുള്ള സർചാർജ്ജ്			
ചന്ത വരവ്			
ലാൻറ്സെസ്			
ലൈസൻസ് ഫീസ്	6160.00	6160.00	ഇല്ല
കെട്ടിട നികുതി സർചാർജ്ജ്			
വസ്തു കൈമാറ്റ നികുതി 75%	24739.00	24739.00	ഇല്ല
വസ്തു കൈമാറ്റ നികുതി 25%	23739.00	23736.00	ഇല്ല
സർക്കാർ ഗ്രാൻറുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ	671875.00	671875.00	ഇല്ല
സംഭാവന	4100.00	4100.00	ഇല്ല
ഡെപ്പോസിറ്റ്	965.00	965.00	ഇല്ല
മറ്റുള്ളവ	207094.00	207094.00	ഇല്ല
ആകെ	1122841.25	1122847.25	

സമഗ്ര ഗ്രാമവികസനം നമ്മുടെ ലക്ഷ്യം
ഗ്രാമ വികസനത്തിന് വിഭവം ആവശ്യം
വിഭവമില്ലെങ്കിൽ വികസനം സാദ്ധ്യമല.

ഗ്രാമവികസനത്തിന്റെ ചാലക ശക്തി
പഞ്ചായത്തിന്റെ സമ്പത്താണ്.

കൃതജ്ഞതാപൂർവ്വം...

ഒമ്പതാം പദ്ധതി ഏറ്റവും താഴെ തട്ടിൽനിന്നും ആരംഭിക്കണമെന്ന സംസ്ഥാന ആസൂത്രണ കമ്മീ ഷന്റെ നിർദ്ദേശം അനുസരിച്ച് പദ്ധതി ആസൂത്രണ ത്തിനുവേണ്ടിയുള്ള പഞ്ചായത്തുതല പ്രവർത്തനങ്ങൾ 1996 സെപ്തം. 22 ന് ആരംഭിച്ചു. ഒന്നാം ഘട്ട ശിൽപ്പ ശാല അരൂക്കുറ്റി യു. പി. സ്കൂളിൽവച്ച് നടത്തി. ബാബുലാൽ (K.R.P.), D.R.P. മാരായ ശശിധരൻ നായർ, B. വിനോദ്, K.S. രഘുവരൻ എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു. തുടർന്ന് 96 സെപ്റ്റം. 29, ഒക്ടോബർ 2, ഒക്ടോബർ 6 എന്നീ തിയതികളിൽ വിശേഷാൽ ഗ്രാമസഭകൾ കൂടി.

പുനരർപ്പണ ദിനമായി ആചരിച്ച നവംബർ ഒന്നിന് പാട്ടത്തിൽ-വടുതല ജംഗ്ഷൻ റോഡ്, ആറാം വാർഡിലെ വലിയ കുളത്തിലെ കാനനിർമ്മാണം എന്നിവ ജനപങ്കാളി ത്തത്തോടെ നടന്നു.

L.R.P. മാർക്കുള്ള രണ്ടാം ഘട്ട പരീശിലനം 96 നവം. 15 ന് ശ്രീ മാത്താനം ഓഡിറ്റോറിയത്തിൽ നടന്നു. R. ശശിധരൻ നായർ, K. ദാസൻ, P. ശശിധരൻ നായർ, M.P. സുധാകരൻ എന്നിവർ ക്ലാസെടുത്തു. വിവരശേഖരണത്തിനു വേണ്ടി 96 നവം. 18 ന് നടത്തിയ ദ്രുത ഗ്രാമപഠനയാത്രയിൽ പ്രസിഡൻറ് P.S. ബാബു, വൈസ് പ്രസിഡൻറ് V.A. അബ്ദുൾ ഖരിം, പഞ്ചായത്ത് സമിതി അംഗങ്ങളായ K.K. പ്രഭാകരൻ, K. പ്രഭാകരൻ, ഗിരിജാരാജൻ, D.R.P. മാരായ K. ദാസൻ, M.P. സുധാക രൻ, L.R.P. മാരായ K.A. മാത്യു, U.D. മണിലാൽ, P.K. കൊച്ചപ്പൻ തുടങ്ങിയവർ പങ്കെടുത്തു.

L.R.P. മാരുടെ നേതൃത്വത്തിൽ നടത്തിയ വാർഡ് സർവ്വേയിൽ നിന്നും പഠനയാത്രയിൽ നിന്നും ലഭിച്ച വിവരങ്ങളുടെ ക്രോഡീകരണമായിരുന്നു അടുത്തഘട്ടം.

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളെയും നിർദ്ദേശങ്ങളേയും സർവ്വെയിൽ നിന്ന് വിവിധ ഓഫീസുകളിൽ നിന്നും, വ്യക്തികളിൽ നിന്നും ശേഖരിച്ച വിവരങ്ങളെ അടിസ്ഥാനമാക്കി വികസന രേഖ തയ്യാറാക്കുക എന്ന ശ്രമകരമായ ജോലി ആയിരുന്നു. തുടർന്ന് ഇതിനുവേണ്ടി നിരവധി വ്യക്തികളും, സ്ഥാപനങ്ങളും സഹായങ്ങൾ നൽകിയിട്ടുണ്ട്.

എല്ലാവരേയും കൃതജ്ഞതാപൂർവ്വം സ്മരിക്കു ന്നതോടൊപ്പം വിവിധ റിപ്പോർട്ടുകൾ തയ്യാറാക്കുന്ന തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്ത M.K. പുരുഷോ ത്തമൻ, K.T. തങ്കപ്പൻ, K.A. മാത്യു, B. രാജേന്ദ്രബാബു, E.V. രാജേന്ദ്രൻ, C.H. ഉമ്മർകുട്ടി, U.D. മണിലാൽ, K.K. മാമ്മു, S. പുഷ്പാംഗദൻ, S. രവീന്ദ്രകുമാർ, K. ഷൺമുഖൻ, ശാന്ത V., സുധാചന്ദ്രൻ, K.N. രാജൻ, D. ദിലീപ്, M. ശശി, M.R. ശശി, N.T. സുജാത, P.K. വിശ്വംഭരൻ, K.K. കുഞ്ഞുമൊയ്തീൻ, ഓമനക്കു ഞ്ഞമ്മ, K.A. സെയ്തുമുഹമ്മദ്, D.R. ഷൈൻരാജ്, M.R. ഷാജി, A.K. സുകുമാരൻ, P.K. കൊച്ചപ്പൻ തുടങ്ങിയ വരേയും, ചരിത്രസ്മരണകളും, നാട്ടറിവുകളും, പങ്കുവച്ച് സഹകരിച്ച സർവ്വ ശ്രീ. C.A. ചക്രപാണി, കേളോത്ത് പരമേശ്വരൻ നായർ, K.K. കുട്ടിമൂസ, M.K. കണ്ടൻ, C.K. ഗോപാലൻ, ജോസഫ് പൊൻവേലിൽ, വേലപ്പൻ പിള്ള, T.K. മൂസ, സേവ്യർ കണ്ടത്തിൽപറമ്പ്, ചൂരേഴത്ത് ഭാസ്കരൻനായർ തുടങ്ങിയവ രേയും വിവരങ്ങൾ നൽകി സഹായിച്ച സ്കൂൾ ഹെഡ്മാസ്റ്റർമാർ, കൃഷി ഓഫീസ്, ബ്ലോക് ഓഫീസ്, സഹകരണ സ്ഥാപനങ്ങൾ, വില്ലേജ് ഓഫീസ് ആശുപത്രികൾ എന്നിവിട ങ്ങളിലെ ജീവനക്കാർ, ഡോക്ടർമാർ, മുഹമ്മ ഫിഷറീസ് ഓഫീസർ തുടങ്ങിയവരേയും കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

മൂന്നുമാസക്കാലത്തോളം തുടർച്ചയായി നടത്തിയ ഒരു ജനകീയ യജ്ഞത്തിന്റെ സദ്ഫലങ്ങളാണ് ഈ വികസന രേഖ. ഇതു തയ്യാറാക്കാൻ ഏതെങ്കിലും വിധത്തിൽ സഹായിച്ചിട്ടുള്ള എല്ലാവരെയും ഒരിക്കൽകൂടി നന്ദിപൂർവ്വം സ്മരിച്ചുകൊണ്ട് ഈ രേഖ അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

ഇനിയുള്ള നാളുകളിൽ നടക്കുന്ന സമഗ്ര വികസന യജ്ഞത്തിൽ ജാതി-മത-രാഷ്ട്രീയ ചിന്തകൾക്കതീതമായി നമുക്കൊറ്റക്കെട്ടായി മുന്നേറാം. നാടിന്റെ വികസനത്തിൽ പങ്കാളികളാകാം.

പഞ്ചായത്ത് ഭരണസമിതി

അരൂക്കുറ്റി
ഗ്രാമപഞ്ചായത്ത് പ്രവർത്തന രേഖ

അരൂക്കുറ്റി ഗ്രാമപഞ്ചായത്തിന്റെ ഒമ്പതു വാർഡുകളിലും, തെരഞ്ഞെടുക്കപ്പെട്ടവർ 1995 സെപ്റ്റംബർ 30 ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരം ഏറ്റെടുത്തു. ചടങ്ങിൽ മുൻ പഞ്ചായത്ത് പ്രസിഡന്റുമാരായ ശ്രീമതി. വി.പി. മഹേശ്വരിയമ്മ ശ്രീ. വി.എ. രാജൻ ശ്രീ. കെ.കെ. കുട്ടിമൂസ തുടങ്ങിയവരും, വിവിധ കക്ഷിനേതാക്കളും ബഹുജനങ്ങളും പങ്കെടുത്തു. 4-10-95 ൽ കൂടിയ കമ്മിറ്റിയിൽ ശ്രീ. പി.എസ്. ബാബുവിനെ പ്രസിഡന്റായും, ശ്രീ. വി.എ. അബ്ദുൽ കരീമിനെ വൈസ് പ്രസിഡന്റായും തെരഞ്ഞെടുത്തു. 29.12.95 ൽ കൂടിയ സ്റ്റാന്റിംഗ് കമ്മിറ്റി യോഗത്തിൽ വച്ച് ശ്രീ. കെ.കെ. പ്രഭാകരനെ ചെയർമാനായി തെരഞ്ഞെടുത്തു.

1995 ഒക്ടോബർ 22 കൂടിയ കമ്മിറ്റി 3.63 ലക്ഷം രൂപയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കി. അരൂക്കുറ്റി ബസ് സ്റ്റാന്റിൽ ബസ് തിരിക്കുന്നതിന് പൂഴിയിട്ട് ലെവൽ ചെയ്യുന്നതിനും, ഇല്ലത്തു കുളത്തിനരികിൽ റീട്ടേണിങ്ങ് വാൾ, ബോട്ട് ജെട്ടിയിൽ ചവിട്ട്, യൂറിൻ ഷെഡിന് കാണ നിർമ്മാണവും, രണ്ടാംവാർഡിൽ പനക്കത്തറ റോഡിൽ പൂത്തറ ഭാഗത്ത് റീട്ടേണിങ്ങ് വാളും, ഓണപ്പറമ്പിൽ നിന്ന് വടക്കോട്ട് നടപ്പാതയും, മൂന്നാം വാർഡിൽ കൊല്ലം ചാത്തനാട്ട് റീട്ടേണിങ്ങ് വാളും, നാലാം വാർഡിൽ നെടുംപള്ളിവെളി നടപ്പാത നിർമ്മാണവും, അഞ്ചാം വാർഡിൽ പട്ടികജാതി വനിതകൾക്ക് 8 തയ്യൽ മെഷീനും, ദുർബ്ബലവിഭാഗത്തിൽ പെടുന്ന 13 പേർക്ക് വീട് വയറിങ്ങും, ആറാംവാർഡിൽ മരങ്ങനാട്ടുഭാഗത്ത് റോഡരുകിൽ കൽക്കെട്ടും, പുതിയായി ഭാഗത്തു നടപ്പാത നിർമ്മാണവും, ഒമ്പതാം വാർഡിൽ കുടപുറം ഗ്രാമീണ വായനശാലയുടെ മുൻഭാഗത്ത് വാഹനങ്ങൾ തിരിക്കുന്നതിനുവേണ്ടി റോഡ് നിർമ്മാണവും, വിവിധ വാർഡുകളായി 24 പട്ടിക ജാതിക്കാരുടെ വീടുകൾ പ്ലാസ്റ്ററിങ്ങ് നടത്തുകയും ചെയ്തിട്ടുണ്ട്.

95 - 96 ൽ ജെ.ആർ.വൈ. അനുവദിച്ച, 1.85 ലക്ഷം രൂപ ഉപയോഗിച്ച് രണ്ടാം വാർഡിൽ തറയിൽഭാഗത്ത് പൈപ്പ് സ്ഥാപിക്കൽ, മുത്തുവീട്ടിൽ കുളത്തിലും, മൂന്നാം വാർഡിൽ തങ്കേക്കാട്ട് കുളത്തിനു റോഡരികിൽ റീട്ടേണിങ്ങ് വാൾ, നാലാം വാർഡിൽ കൊറ്റക്കേരിൽ ഭാഗത്ത് റോഡരുകിൽ കൽക്കെട്ടും, ഗ്രാവൽ വിരിക്കുകയും, അഞ്ചാം വാർഡിൽ കാട്ടിലെ മഠം ലക്ഷംവീട് റോഡ്, ആറാം വാർഡിൽ പുതിയായി കിഴക്കുവശത്ത് റോഡ്, ഏഴാം വാർഡിൽ മരങ്ങാട്ട് ഭാഗത്ത് റോഡ്, വെള്ളം ഒഴുക്കുന്നതിന് പൈപ്പ്, എട്ടാം വാർഡിൽ മൂന്നു കോൺക്രീറ്റ് പാലങ്ങളും, ഒമ്പതാം വാർഡിൽ കുടപുറം കടത്തുകടവ് റോഡരികിൽ റീട്ടേണിങ്ങ് വാൾ എന്നിവയും നിർമ്മിക്കുകയും ചെയ്തു. വി.ആർ.എം., വി.റ്റി.സി. ഗ്രാന്റുകൾ ഉപയോഗിച്ച് കോട്ടൂർ കടവ് റോഡും, കാട്ടുപുറം റോഡും, റിപ്പയർ ചെയ്യുകയുണ്ടായി. പഞ്ചായത്ത് ഫണ്ടുപയോഗിച്ച് രണ്ടാം വാർഡിൽ അറുകാറ ഭാഗത്ത് റോഡുനിർമ്മാണവും, ഏഴാം പെരിങ്ങോട്ടുചിറ ലക്ഷംവീടുഭാഗത്തും, എട്ടാം വാർഡ് കാഞ്ഞരങ്ങി ഭാഗത്ത് പൈപ്പ് സ്ഥാപിക്കുകയും, ഒമ്പതാം വാർഡിൽ കാവുകാട്ട് ക്ഷേത്രത്തിനുസമീപം കല്ലുകെട്ടുകയും ചെയ്തിട്ടുണ്ട്. വർഷങ്ങളായി മഴക്കാലത്ത് ഏഴാംവാർഡിൽ കോട്ടൂർകടവ് ഭാഗത്ത് കെട്ടിനിൽക്കുന്ന വെള്ളം ഒഴുക്കിവിടുന്നതിന് വലിയകുളത്തിൽ നിന്നും ജനപങ്കാളിത്തത്തോടുകൂടി, കാണ നിർമ്മാണവും, നാലാം വാർഡിൽ പാട്ടത്തിൽ വടുതല ജങ്ഷൻ റോഡ് പണിയുടെ രണ്ടാംഘട്ടം ജനപങ്കാളിത്തത്തോടുകൂടി പുനർപ്പണദിനത്തിൽ പണിയുകയുണ്ടായി.

മൂന്നാം വാർഡിൽ കാട്ടുപുറം പ്രദേശത്ത് മഴവെള്ളം കെട്ടിനിന്ന് സമീപവാസികൾക്ക് ബുദ്ധിമുട്ടുണ്ടാക്കിക്കൊണ്ടിരുന്നതിന് പൈപ്പ് സ്ഥാപിക്കുകയുമുണ്ടായി.

30 സി.ആർ.എസ്.പി. കക്കൂസുകളും, 8 ഇ.എസ്.പി. കക്കൂസുകളും നിർമ്മിക്കുകയും, 40 സി.ആർ.എസ്.പി. കക്കൂസുകൾ നിർമ്മിക്കുന്നതിന് നിശ്ചയിച്ചിട്ടുമുണ്ട്. ജെ.ആർ.വൈ.അൺ എയ്ഡ്, ഐ.എ.വൈ. എന്നീ സ്കീമുകൾ കൂടാതെ 34 പട്ടിക ജാതിക്കാർക്കും, 14 ദുർബ്ബലവിഭാഗക്കാർക്കും വീടുകളും അനുവദിച്ചിട്ടുണ്ട്. 9 പൊതു കിണറുകൾ നിർമ്മിക്കുകയും, 27 കിണറുകൾ ശുചിയാക്കുകയും ചെയ്തിട്ടുണ്ട്.

95-96 ലും 96-97 ലും, അരൂക്കുറ്റി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി പാടശേഖരങ്ങളിൽ ഓരു കേറാതിരിക്കാൻ യഥാസമയം ബണ്ടു നിർമ്മാണം നടത്തിയിട്ടുണ്ട്.

പട്ടണക്കാട് ഐ.ആർ.ഇ.പി. ഓഫീസിന്റെ സഹായത്തോടു കൂടി 500 പുകയില്ലാത്ത അടുപ്പുകൾ വിതരണം ചെയ്യുന്നതിനുവേണ്ട പ്രാരംഭനടപടികൾ ആരംഭിച്ചു.

95 ഫെബ്രുവരി ഏഴിന് പഞ്ചായത്ത് കമ്മറ്റി ഒന്നടങ്കം ആലപ്പുഴ വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറെ സമീപിക്കുകയും, അരൂക്കുറ്റി പഞ്ചായത്തിലെ ശുദ്ധ ജല വിതരണത്തിനുള്ള പോരായ്മ ചൂണ്ടിക്കാണിക്കുകയും ചെയ്തു. അതിനെ തുടർന്ന് ആവശ്യം വേണ്ട ടാപ്പുകളും, അരൂക്കുറ്റി പമ്പ്ഹൗസിലേക്ക് പമ്പുസെറ്റും അനുവദിക്കുകയും ചെയ്തു.

ആലപ്പുഴ ജില്ലയിൽ പടർന്നു പിടിച്ച മസ്തിഷ്ക ജ്വരം, കോളറ എന്നീ രോഗങ്ങളുടെ പ്രതിരോധ പ്രവർത്തനങ്ങൾ അരൂക്കുറ്റി പി.എച്ച്. സെൻറർ സഹകരിച്ചു നടത്തുകയും, ഹോമിയോ മരുന്ന് വിതരണം നടത്തകയും ചെയ്തു.

അരൂക്കുറ്റി ഗവൺമെൻറ് യു.പി.എസ്., മറ്റത്തിൽ ഭാഗം എൽ.പി.എസ്. എന്നിവിടങ്ങളിലേക്ക് ഉച്ചക്കഞ്ഞി വിതരണത്തിനായി ആയിരം രൂപവീതം നൽകുകയുണ്ടായി. നിലത്തെഴുത്താശാൻമാരുടെ പെൻഷൻ 50 രൂപയിൽ നിന്ന് 75 രൂപയായി വർദ്ധിപ്പിച്ചു നൽകി.

കേരളോത്സവം, ഓണാഘോഷം എന്നിവ ഭംഗിയായി നടത്തിയിട്ടുണ്ട്.

അരൂക്കുറ്റി ഗ്രാമ പഞ്ചായത്ത് ഒരു സെക്കൻറ് ഗ്രേഡ് പഞ്ചായത്താണ്. പ്രതിവർഷം രണ്ടു ലക്ഷം രൂപ മാത്രമാണ് വരുമാനം. എന്നാൽ പ്രതിവർഷം 5.40 ലക്ഷം ചെലവുവരുന്നുണ്ട്. പഞ്ചായത്തിനായി കിട്ടിയ വരുമാന സ്രോതസ് അരൂക്കുറ്റി, അരൂർ ജങ്കാർ സർവ്വീസാണ്. കൂടുതൽ വിഭവങ്ങളും വരുമാനങ്ങളും ഉണ്ടാക്കിയെങ്കിൽ മാത്രമേ പഞ്ചായത്തിൻെറ തനതായ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയൂ. വികസന രംഗത്ത് എല്ലാ മേഖലകളിലും പുറകോട്ട് നിൽക്കുന്ന നമ്മുടെ പഞ്ചായ ത്തിലെ പൊതുവായ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കേണ്ടതുണ്ട്. അതിലേക്കായി പഞ്ചായത്ത് കമ്മറ്റിയുടെ തീരുമാന പ്രകാരം അരൂക്കുറ്റിയിൽ മാവേലിസ്റ്റോർ സ്ഥാപിക്കുക. മറ്റത്തിൽ ഭാഗം എൽ. പി. എസ്. അപ്ഗ്രേയ്ഡ് ചെയ്ത് യൂ. പി. ആയി ഉയർത്തുക. അരൂക്കുറ്റി പി. എച്ച്. സി. ആശുപത്രിയായി ഉയർത്തുക. അരൂക്കുറ്റിയിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക. അരൂക്കുറ്റി ബസ് സ്റ്റാൻഡിൽ റോഡിനിരുവശവുമുള്ള എക്സൈസ്, ആരോഗ്യവകുപ്പുകളുടെ സ്ഥലം പഞ്ചായത്തിന് കൈമാറിത്തരുക. എന്നീ ആവശ്യങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്ത് രാജ് നിയമം പാസായതിനുശേഷം ആദ്യമായി രൂപീകരിക്കപ്പെട്ട ഒരു ഭരണ സമിതി എന്ന നിലയിലും, ഈ ഭരണസമിതിയുടെ ശൈശവ കാലഘട്ടവുമാണ് കടന്നു പോയത്. കഴിഞ്ഞ ഒരു വർഷക്കാലം നടന്ന പ്രവർത്തനങ്ങൾ സംതൃപ്തി നൽകുന്നുണ്ട്. നാം ഓരോരുത്തരും പ്രതീക്ഷിച്ച അധികാരവും, പണവും ലഭിച്ചില്ലെങ്കിലും, പരിമിതമായ വിഭവവും, അധികാരവും കൊണ്ട് പരമാവധി അരൂക്കുറ്റിയുടെ പുരോഗതിക്കു വേണ്ടി പ്രവർത്തിച്ചു എന്ന വിശ്വാസത്തിൽ ഒമ്പതാം പദ്ധതി ജനകീയമാക്കി ഈ ഗ്രാമത്തിൻെറ മുഖച്ഛായ മാറ്റാം.

വിശ്വസ്തതയോടെ

ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്കുവേണ്ടി

പി.എസ്. ബാബു.

പ്രസിഡൻറ്.







"സംസ്ഥാന ആസൂത്രണ ബോർഡ് രൂപം നല്കിയ വികേന്ദ്രീകൃത ആസൂത്രണത്തിന് പ്രധാനമായും മൂന്നു ലക്ഷ്യങ്ങളാണുള്ളത്.

ഒന്നാമതായി, സമൂഹത്തിന്റെ താഴെതട്ടിലുള്ള ജനങ്ങൾക്ക് പഞ്ചായത്ത് രാജ് - നഗരസഭാ സ്ഥാപനങ്ങൾ വഴി തങ്ങളുടേതു മാത്രമായ ഒരു ആസൂത്രണ പദ്ധതിയുടെ രൂപം നല്കാനും നടപ്പാക്കാനും സാധിക്കും. ജനങ്ങളിൽ അടിച്ചേല്പിക്കപ്പെടുന്ന പദ്ധതിയിൽ നിന്നും വ്യത്യസ്തമായിരിക്കും ഇത്.

രണ്ടാമതായി, സർക്കാർ നടപ്പാക്കുന്ന ഈ ആസൂത്രണ പരിപാടിയിൽ എല്ലാ രാഷ്ട്രീയ കക്ഷികളുടേയും സാമൂഹിക സാംസ്കാരിക സംഘടനകളുടേയും കേരളത്തിന്റെ വികസനവുമായി ബന്ധപ്പെട്ട ഓരോ വ്യക്തിയുടേയും പങ്കാളിത്തമുണ്ടാകും.

മൂന്നമതായി, സമൂഹത്തെയാകെ ലക്ഷ്യമാക്കിയുള്ള ആസൂത്രണ പരിപാടിയിൽ നിന്നും വ്യത്യസ്തമായ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാനുതകുന്ന സാമൂഹിക സേവന മേഖലയ്ക്ക് പ്രാധാന്യം നല്കിക്കൊണ്ടുള്ള ഒരു സമീപനമായിരിക്കും വികേന്ദ്രീകൃത ആസൂത്രണ പദ്ധതിക്കുള്ളത്."

- ഇ. എം. എസ്.

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ
മാർഗ്ഗനിർദ്ദേശക സമിതി അദ്ധ്യക്ഷൻ.

അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി ജനകീയപദ്ധതി

'പിറന്ന നാടിന്റെ
മക്കളാവുക'

'ജനിച്ച മണ്ണിന്റെ
ഉപ്പാവുക'

Typesetted by : Johny, FM media, Kochi-18. Ph : 341152